
## അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്



# ദേശ ചരിത്രം

954.83

ജനകീയാസൂത്രണ പ്രസ്ഥാനം

To
Shri. P. Govinda Pillai
Regards
[illegible]
Author

# ദേശചരിത്രം

## അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

To Shri. P Govinda Pillai

Regards

## എഡിറ്റോറിയൽ ബോർഡ്

ടി.ആർ. നാരായണൻകുട്ടി

പി.എ. ബാലൻ മാസ്റ്റർ

പി.എം. രവീന്ദ്രൻ

കെ. ശങ്കരൻ

ലിപിവിന്യാസം : മാക്‌വേൾഡ്, തൃശ്ശൂർ
അച്ചടി : കൈരളി ഓഫ്‌സെറ്റ് പ്രസ്സ്, തൃശ്ശൂർ

# ദേശചരിത്രം

## അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

2121

ടി.ആർ. വേണുഗോപാലൻ

PG Library & Research Center

**അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്**

ജനകീയാസൂത്രണ പദ്ധതി പ്രസിദ്ധീകരണം

2000

954.83

1216

# ആമുഖം

സാധാരണക്കാരന് സ്പർശിക്കാവുന്ന ഭാഷയിലുള്ള സൃഷ്ടി രസകരമാണ്. ഇത്തര ത്തിലുള്ള ഒരു പ്രാദേശിക ചരിത്രരചനയാണ് പ്രൊഫ. ടി.ആർ. വേണുഗോപാലൻ ഇവിടെ നടത്തിയിട്ടുള്ളത്. 'ദേശചരിത്രം' വായിക്കുമ്പോൾ അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്കൊപ്പം കാലങ്ങളായി സഞ്ചരിക്കുന്ന ഒരു യാത്രികന്റെ അനുഭൂതി ഉളവാകുന്നു. ഒരു സൃഷ്ടിയുടെ തീവ്രത മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് ഒന്നുമില്ലായ്മയിൽനിന്നും തുടങ്ങി സാധിയ്ക്കാവുന്ന പൂർണ്ണതയിലെത്തിച്ച ഈ ചരിത്രരചനയ്ക്ക് ചരിത്രകാരൻ അഭിനന്ദനമർഹിക്കുന്നു.

1998-99 വർഷത്തെ അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിപ്രകാരം ഗ്രാമസഭകളുടെ അംഗീകാരത്തോടെയാണ് 'പ്രാദേശിക ചരിത്രവും നാട്ടറിവും' എന്ന പ്രോജക്ട് രൂപപ്പെടുന്നത്. വിദ്യാഭ്യാസ, സാംസ്കാരിക കർമ്മസമിതികളുടെ നിർദ്ദേശമനുസരിച്ചുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ അഭ്യർത്ഥന മാനിച്ചാണ് പ്രാദേശിക ചരിത്രരചന നിർവ്വഹിച്ചിട്ടുള്ളത്.

പ്രാരംഭപ്രവർത്തനമായി തുടങ്ങിയ സർവ്വെയിൽ നിന്നും കിട്ടിയ സൂചനകളുടെയും കേട്ടറിവുകളുടെയും ഉറവിടം തേടി നിരവധി പഴമക്കാരുമായി അഭിമുഖം നടത്തിയും, പുരാതന രേഖകൾ പരതിയും, പുതിയ അറിവുകളുടെ പൊരുളന്വേഷിച്ചും ഗ്രന്ഥകാരന് വളരെ കഷ്ടപ്പെടേണ്ടിവന്നിട്ടുണ്ട്. ഒരു നാട്ടുകാരന്റെ അനുഭവജ്ഞാനവും ഒരു ചരിത്രാധ്യാപകന്റെ അന്വേഷണതൃഷ്ണയും അച്യുതമേനോൻ ഗവൺമെന്റ് കോളേജ് ചരിത്രവിഭാഗം പ്രൊഫസറായ ശ്രീ. വേണുഗോപാലൻ ഈ പുസ്തക രചനയിൽ ഉപയോഗപ്പെടു ത്തിയിട്ടുണ്ട്.

'പ്രാദേശിക ചരിത്രവും നാട്ടറിവും' എന്ന ഈ പ്രോജക്ടിന്റെ രൂപീകരണത്തിന് ഞങ്ങൾക്കൊപ്പം പ്രവർത്തിച്ച പഞ്ചായത്ത് മുൻപ്രസിഡണ്ട് ശ്രീ. വി.കെ. ജയഗോവിന്ദൻ, പൂർത്തിയായ ഒന്നാംഭാഗം പ്രസിദ്ധീകരിക്കുന്നതിന് താല്പര്യമെടുത്ത പ്രസിഡണ്ട് ശ്രീ. പി.എ. നാണു മാസ്റ്റർ, കെ.ആർ. പി. ശ്രീ കെ. ശങ്കരൻ, മുൻ സെക്രട്ടറി ശ്രീ. വി.കെ. ശ്രീധരൻ, ഫ്രാൻസീസ്, രണ്ടാം ഭാഗം തയ്യാറാക്കുന്ന ഡോ. സി.ആർ. രാജഗോപാൽ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

പ്രായത്തേയും അനാരോഗ്യത്തേയും അവഗണിച്ച് ക്ഷമയോടും താല്പര്യത്തോടും കൂടെ ദിവസങ്ങളോളം നിണ്ടു നിന്ന കൂടിക്കാഴ്ചകൾ അനുവദിച്ചും നിർദ്ദേശങ്ങൾ തന്നും ചരിത്ര രചനയ്ക്ക് സഹായകരമായ ഒട്ടേറെ വിവരങ്ങൾ തന്ന ശ്രീ. വി.ആർ. കൃഷ്ണൻ എഴുത്തച്ഛൻ, അഭിമുഖങ്ങളിലൂടെ അറിവുകൾ പങ്കുവെച്ച ശ്രീ എ.എൻ. രാമകൃഷ്ണൻ, മേലെ മുല്ലനഴി രാമൻ നമ്പൂതിരി, തുമ്പയിൽ കുട്ടപ്പൻ തുടങ്ങി അനവധി വ്യക്തികളുടെ സഹകരണം സ്തുത്യർഹമാണ്. സർവ്വെ നടത്തിയ ഇവിടത്തെ സന്നദ്ധപ്രവർത്തകർ, പെരുവനം ദേവസ്വം, പെരിഞ്ചേരി എഴുത്തച്ഛൻ സമാജം, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ രേഖകൾ പരിശോധിക്കാനവസരം തന്നവർ, അംഗീകാരം തന്ന ഗ്രാമസഭകൾ, കർമ്മസമിതികൾ, പഞ്ചായത്ത് ഭരണസമിതി, കൈരളി പ്രസ്സ്, മാക്‌വേൾഡ് തുടങ്ങി സഹകരിച്ച എല്ലാവർക്കും നന്ദി.

ജനകീയാസൂത്രണ പരിപാടിയിലൂടെ നമ്മളാവിഷ്കരിച്ച പ്രാദേശിക ചരിത്രരചന ഇന്ന് മറ്റുദേശക്കാർക്ക് പ്രചോദനവും മാർഗ്ഗദർശനവുമായി എന്ന് അഭിമാനത്തോടെ അറിയിക്കട്ടെ.

**പി.എം. രവീന്ദ്രൻ**
ജനറൽ കൺവീനർ
ജനകീയാസൂത്രണ പദ്ധതി
അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

**ടി.ആർ. നാരായണൻകുട്ടി**
ചെയർമാൻ
വിദ്യാഭ്യാസ സാംസ്കാരിക കർമ്മസമിതി
അവിണിശ്ശേരി ഗ്രാമപഞ്ചായാത്ത്

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ദേശചരിത്രം : ഒരു മുഖവുര | 9 |
| 2. | രാഷ്ട്രീയ ഘടന | 13 |
| 3. | സമ്പദ്ഘടന | 19 |
| 4. | സമൂഹം | 30 |
| 5. | മതങ്ങൾ | 37 |
| 6. | സാംസ്കാരികം | 42 |
| 7. | ഉപസംഹാരം | 52 |
| 8. | അനുബന്ധങ്ങൾ | 54 |
| 9. | പ്രമാണങ്ങൾ | 62 |

# ദേശചരിത്രം : ഒരു മുഖവുര

എന്താണ് ചരിത്രം ? വളരെ ലളിതമായ ചോദ്യം! എന്നാൽ ഇതിനുള്ള ഉത്തരം ഏറെ സങ്കീർണ്ണവും, പലപ്പോഴും വിവാദപരവും ആണ്. ഭൂതകാലത്തെ അതിന്റെ പൂർണ്ണതയിൽ 'വീണ്ടെടുക്കുകയും' 'പ്രതിനിധീകരിക്കുകയും' ചെയ്യാൻ ചരിത്രത്തിന് കഴിയുമൊ? സുദൃഢമായ ഒരു രീതിശാസ്ത്രത്തിന്റെ (Methodology) സഹായത്തോടെ, തെളിവുകളുടെ ലഭ്യതയനുസരിച്ച്, ഭൂതകാലത്തെ സത്യസന്ധവും, വസ്തുനിഷ്ഠവുമായ വിധത്തിൽ പുനർനിർമ്മിക്കുവാൻ ചരിത്രത്തിനു കഴിയുമെന്നായിരുന്നു 18-ാം. നൂറ്റാണ്ടുമുതൽ 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെ യൂറോപ്പ്യൻ ചിന്താധാരയിൽ ജ്വലിച്ചുനിന്നിരുന്ന 'ആധുനികതയുടെ' (Modernity) നാട്യം. പക്ഷെ, ഇന്ന് ആധുനികതയും അതു പ്രതിനിധാനം ചെയ്യുന്ന വൈജ്ഞാനിക സംജ്ഞകളായ കേവല യാഥാർത്ഥ്യവും, വസ്തുനിഷ്ഠവിജ്ഞാനവും, നിഷ്പക്ഷതയുമെല്ലാം വെല്ലുവിളിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പുതിയ ദാർശനികശാഖകളായ ഘടനോത്തരവാദവും (Post. Structuralism) പോസ്റ്റ് കൊളോണിയിലിസവും, ഉത്തരാധുനികതയും (Postmodernism) വൈജ്ഞാനിക മേഖലയിലെ വ്യവസ്ഥാപിത വിശ്വാസ പ്രമാണങ്ങളെ വിഭ്രമിപ്പിക്കുന്ന വിധത്തിൽ തകിടം മറിച്ചിരിക്കുകയാണ്. തൽഫലമായി ഇന്ന് ചരിത്രത്തിന് ഭൂതകാലത്തെക്കുറിച്ചുള്ള ഒരു വസ്തുനിഷ്ഠ വിജ്ഞാനശാഖ എന്ന മേനി നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മാത്രവുമല്ല, ചരിത്രവും ഭൂതകാലവും തമ്മിലുള്ള ബന്ധവും പുനർനിർവ്വചിക്കപ്പെടാൻ തുടങ്ങിയിട്ടുണ്ട്. ചരിത്രവും ഭൂതകാലവും രണ്ടാണെന്നും അവതമ്മിൽ 'മൈലുകളുടേയും' 'ധ്രുവങ്ങളുടേയും' അന്തരമുണ്ടെന്നും പാശ്ചാത്യചരിത്രപണ്ഡിതനായ കീത്ത് ജെൻകിൻസ് ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകിച്ചും ശ്രദ്ധേയമാണ്.* ഭൂതകാലമെന്നത് സംഭവിച്ചുകഴിഞ്ഞ ഒരു പ്രതിഭാസമാണെന്നും ചരിത്രകാരന് സ്വന്തം ആഖ്യാനത്തിലൂടെ അതിന്റെ ചില അംശങ്ങളെ (Fragments) മാത്രമെ വീണ്ടെടുക്കാൻ കഴിയൂവെന്നുമാണ് ഉത്തരാധുനിക ദാർശനികന്മാർ വിവക്ഷിക്കുന്നത്. കൂടാതെ ചരിത്രമെന്നത് ഓരോ ചരിത്രകാരന്റേയും ആശയപരമായ വീക്ഷണകോണിൽനിന്നുള്ള ആഖ്യാനമാണെന്നും, ഒരേ സംഭവത്തെക്കുറിച്ച് ഒന്നിലേറെ ആഖ്യാനങ്ങൾ സാദ്ധ്യമാണെന്നുമുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. ഒരു സംഭവത്തെക്കുറിച്ച് ഒന്നിലേറെ ആഖ്യാനങ്ങൾ (readings) സാദ്ധ്യമാണ് എന്നതുകൊണ്ട് ആത്യന്തികമായ ഒരു ചരിത്രം സാദ്ധ്യവുമല്ല.

---

* *Keith Jenkins, Rethinking History (Routledge, London) 1992*

ഇത്തരമൊരു ധൈഷണിക പശ്ചാത്തലത്തിൽ മാത്രമെ പ്രാദേശിക ചരിത്രത്തെക്കുറിച്ച് പറയാനാവൂ. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ചരിത്രരചനയ്ക്ക് വിഷയമായി സ്വീകരിച്ചിരുന്നത് ദേശരാഷ്ട്രങ്ങളേ (Nation States)യാണ്. ദേശരാഷ്ട്രചരിത്രപരികല്പനയിൽ (Paradigm) പ്രാദേശിക സംസ്കാരവും, പ്രസ്ഥാനങ്ങളും സംഭവങ്ങളുമെല്ലാം അരുകിലേക്ക് തള്ളിമാറ്റപ്പെടുന്നു (Marginalise). ഒരു നാടകത്തിലെ മുഖ്യ കഥാപാത്രങ്ങളെന്ന പോലെ രാജാക്കന്മാരും, യുദ്ധങ്ങളും, ദേശീയസമര നേതാക്കന്മാരും പ്രത്യക്ഷപ്പെടുന്നു. അതേസമയം മുഖ്യധാരയിൽ നിൽക്കുകയും സുപ്രധാന സംഭവങ്ങൾ വാർത്തെടുക്കുകയും ചെയ്ത ജനങ്ങളും അവരുടെ സമരങ്ങളുമെല്ലാം ചരിത്രത്തിൽ നിന്നും ബഹിഷ്ക്കരിക്കപ്പെട്ടു. ദേശീയ പ്രസ്ഥാനത്തിൽ വടക്കൻ സംസ്ഥാനങ്ങളും അവിടുത്തെ നേതാക്കളും നിറഞ്ഞുനിന്നപ്പോൾ തെന്നിന്ത്യൻ സംസ്ഥാനങ്ങൾ പ്രായേണ അവഗണിക്കപ്പെട്ടു. ഇത്തരമൊരു സന്ദർഭത്തിലാണ് പ്രാദേശിക ചരിത്രരചനയെക്കുറിച്ച് 1950കളിൽ ഗൗരവപൂർണ്ണമായ ശ്രമങ്ങൾ നടന്നത്. അങ്ങിനെ ഓരോ സംസ്ഥാനങ്ങളുടേയും ചരിത്രം ഇന്ന് എഴുതപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

കേരളചരിത്രം, കർണ്ണാടകചരിത്രം എന്നിങ്ങനെയുള്ള സംസ്ഥാനാടിസ്ഥാനത്തിലുള്ള ചരിത്രങ്ങൾക്കും, അതിന്റേതായ പോരായ്മകൾ ഉണ്ട്. പ്രസ്തുത ചരിത്രങ്ങൾക്കും 'മുഖ്യധാര' ചരിത്രത്തിന്റെ സ്വഭാവമുണ്ട്. ദേശരാഷ്ട്ര ചരിത്രങ്ങളിൽ സംസ്ഥാനതലത്തിലുള്ള സംഭവങ്ങളും പ്രസ്ഥാനങ്ങളും അരുകിലേക്ക് മാറ്റപ്പെടുന്നതുപോലെ, സംസ്ഥാനം കേന്ദ്രമായിക്കൊണ്ടുള്ള ചരിത്രങ്ങളിൽ പ്രദേശങ്ങളും (Localities) ചരിത്രത്തിൽനിന്ന് ബഹിഷ്കൃതമാകുന്നു. ഉദാഹരണമായി ഏകശിലാമാതൃകയിലുള്ള ഒരു കേരളചരിത്രം എഴുതുകയാണെങ്കിൽ പ്രസ്തുത ചരിത്രം രൂപപ്പെടുത്തുന്നതിൽ ഓരോ പ്രദേശവും, അവിടുത്തെ നിശ്ശബ്ദരാക്കപ്പെട്ട മനുഷ്യരും വഹിച്ച പങ്ക് വേണ്ടവിധം മനസ്സിലാക്കപ്പെടാതെ പോകുമെന്നത് ഖേദകരമായ ഒരു വസ്തുതയാണ്.

ഈ പോരായ്മ പരിഹരിക്കുന്നതിന് ഓരോ പ്രദേശങ്ങളുടേയും ചരിത്രരചന സഹായകമാകുമെന്നുവേണം കരുതാൻ. ചെറിയ ചെറിയ ചരിത്രങ്ങൾ രചിക്കപ്പെടുന്നതോടുകൂടി ഇന്ന് മുഖ്യധാര ചരിത്രത്തിൽ നിന്നും ബഹിഷ്കൃതരായ ആളുകൾക്കും, അവർ നയിച്ച സമരങ്ങൾക്കും, പ്രദേശങ്ങൾക്കും അർഹിക്കുന്ന പ്രാധാന്യത്തോടെ ചരിത്രഗ്രന്ഥങ്ങളിൽ സ്ഥാനം പിടിക്കാൻ കഴിയും. തന്നേയുമല്ല, ഇതുവരെ അറിയപ്പെടാത്ത ത്യാഗങ്ങളുടേയും, ചൂഷണത്തിന്റേയും, വഞ്ചനയുടേയും, വിവേചനത്തിന്റേയും, ചെറുത്തുനിൽപ്പിന്റേയും പുതിയ പുതിയ അറിവുകൾ ഓരോ പ്രദേശത്തുനിന്നും വരുന്നതോടുകൂടി ഇന്ന് നിലവിലുള്ള മുഖ്യധാരാചരിത്രങ്ങളെ പുനർവായിക്കുന്നതിനും കാലികമായ മാറ്റങ്ങൾ അവയിൽ വരുത്തുന്നതിനും ഏറെ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല.

ഇത് പ്രാദേശിക ചരിത്രത്തെ അങ്ങേയറ്റം പ്രസക്തമാക്കുന്നു. അതോടൊപ്പം മറ്റൊരു ഘടകം കൂടിയുണ്ട്. സാമൂഹ്യാധികാരത്തിലും സമ്പത്തിലും വന്ന പുനർ വിതരണവുമായി ബന്ധപ്പെട്ടതാണിത്. അധികാരഘടന കൂടുതൽ കൂടുതൽ

ജനാധിപത്യവൽക്കരിക്കപ്പെടുകയും അധികാരം താഴേതട്ടുകളിലേക്ക് കൂടുതൽ കൂടുതൽ ഇറങ്ങിവരികയും ചെയ്യുന്നതോടെ സമൂഹത്തിന്റെ താഴേക്കിടയിൽ ഉണ്ടായിരുന്നവർ കൂടുതൽ ബലമാർജ്ജിച്ചു (got enpowered). ഇതോടെ ചരിത്രത്തിൽ ഇതുവരേയില്ലാതിരുന്ന അവർക്ക് ചരിത്രത്തിൽ മാന്യസ്ഥാനം തന്നെ കിട്ടി. ദേശീയ ചരിത്രത്തിൽനിന്ന് പ്രാദേശിക ചരിത്രത്തിലേക്കുള്ള വ്യതിയാനത്തെ ഈ സന്ദർഭത്തിൽ നോക്കുന്നതു നന്നായിരിക്കും.

പ്രദേശങ്ങളുടെ ചരിത്രരചനക്കും അതിന്റേതായ പരിമിതികൾ ഉണ്ടെന്നു കൂടി പറഞ്ഞുകൊള്ളട്ടെ. ദേശങ്ങളും, വില്ലേജുകളും, പഞ്ചായത്തുകളുമെല്ലാം മനുഷ്യനിർമ്മിതമായ കൃത്രിമ അതിരുകളാണ്. അതുകൊണ്ടുതന്നെ ഒരു പ്രദേശത്തിന് ഒരു സ്വതന്ത്ര സാംസ്കാരിക ഘടകം എന്ന നിലയിൽ നിലനിൽപ്പുണ്ടായിക്കൊള്ളണമെന്നില്ല. തന്നേയുമല്ല, ഒരു പ്രദേശത്തുള്ള കലാ സാംസ്കാരിക രീതി തന്നെയായിരിക്കാം അടുത്തുള്ള മറ്റു പ്രദേശങ്ങളിൽ കാണപ്പെടുന്നതും. ഈ പ്രശ്നം ഉണ്ടെങ്കിൽ തന്നെയും, ഓരോ ചെറിയ പ്രദേശത്തിന്റേയും (Micro-regions) സവിശേഷതകൾ മനസ്സിലാക്കണമെങ്കിൽ പ്രദേശങ്ങളുടെ വേറിട്ടുള്ള ചരിത്രപഠനം കൂടിയെതീരു.

അതുപോലെത്തന്നെ, ചരിത്രനിർമ്മാണ രീതിശാസ്ത്രത്തിലും (Methodology) മാറ്റങ്ങൾ ആവശ്യമാണ്. മുഖ്യധാരാചരിത്രങ്ങൾക്കുപയോഗിക്കുന്ന രീതിയിലുള്ള പുരാവസ്തുവിജ്ഞാനീയവും, പ്രമാണങ്ങളും വെച്ചുകൊണ്ട് ഓരോ ചെറിയ പ്രദേശങ്ങളുടേയും ചരിത്രരചന സാദ്ധ്യമായിക്കൊള്ളണമെന്നില്ല. പുരാവസ്തു സംബന്ധിയായ തെളിവുകളൊ മറ്റു പ്രമാണങ്ങളൊ ഒന്നും ലഭിച്ചിട്ടില്ലാത്ത നിരവധി ചെറിയ പ്രദേശങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പക്ഷെ ഈ കാരണംകൊണ്ട് അവക്കൊന്നും ചരിത്രമില്ല എന്നു പറയുന്നത് ശരിയല്ലല്ലോ. അതുകൊണ്ട് ഓരോ പ്രദേശത്തിനും ഇണങ്ങുന്ന ചോദ്യാവലിവെച്ചുകൊണ്ടുള്ള ഫീൽഡ് സർവ്വേയും, അഭിമുഖങ്ങളും, ലഭ്യമായ ഡയറിക്കുറിപ്പുകളും, കയ്യെഴുത്തു മാസികകളും നാട്ടറിവുകളും മറ്റും ശേഖരിച്ചതിനു ശേഷം മാത്രമെ ഇത്തരം ചരിത്രനിർമ്മിതി നടത്തുവാൻ കഴിയു. കൂടാതെ ചരിത്രം രചിക്കുന്ന ആൾക്ക് ആ പ്രദേശങ്ങളുമായുള്ള പരിചയവും സുപ്രധാനമാണ്.

മുകളിൽ സൂചിപ്പിച്ച ധാരണകളുടെ അടിസ്ഥാനത്തിലാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. ഈ പ്രദേശത്തിന്റെ പ്രാചീനകാലം മുതൽ ആധുനികകാലം ഉൾപ്പെടെയുള്ള ചരിത്രത്തിന്റെ രൂപരേഖ, കിട്ടാവുന്നിടത്തോളം തെളിവുകൾ ശേഖരിച്ച്, നിർമ്മിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. സ്ഥലപരിമിതിമൂലവും, തെളിവുകളുടെ അപര്യാപ്തതകൊണ്ടും, ഗ്രന്ഥകാരന്റേതായ പരിമിതികൾ മൂലവും ചില സംഭവങ്ങളെല്ലാം വിട്ടുപോവുകയൊ വേണ്ടത്ര ചേർക്കാതിരിക്കുകയൊ ചെയ്തിരിക്കാം. നിഗമനങ്ങൾക്കാധാരമായുള്ള പ്രമാണങ്ങൾ കഴിയാവുന്നിടത്തോളം അടിക്കുറിപ്പായി കൊടുത്തിട്ടുണ്ട്.

ഒരു കൂട്ടായ്മയുടെ സൃഷ്ടിയാണ് ഈ ഗ്രന്ഥം. നിരവധി അഭിമുഖങ്ങളിലൂടെ അമൂല്യമായ വിവരങ്ങൾ നൽകുകയും രചനാവേളയിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തത് ശ്രീ. വി.ആർ. കൃഷ്ണനെഴുത്തച്ഛനാണ്. ഖാദിപ്രസ്ഥാനത്തെക്കുറിച്ചുള്ള അപൂർവ്വരേഖകൾ

സമ്പാദിച്ചുതന്നത് ശ്രീ. എ.എൻ. രാമകൃഷ്ണൻ മാസ്റ്ററും, എഴുത്തച്ഛൻ മഹാസമാജത്തിന്റെ രേഖകൾ ലഭ്യമാക്കിത്തന്നത് ശ്രീ. എം.കെ. വാസുദേവനും, യോഗക്ഷേമ പ്രസ്ഥാനത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയത് ശ്രീ. എം.എൻ. രാമൻ നമ്പൂതിരിയും, പ്രാചീനകൃഷി രീതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയത് ശ്രീ. തുമ്പയിൽ കുട്ടപ്പനുമാണ്. ഇവരോടെല്ലാമുള്ള എന്റെ കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

ദേശചരിത്ര – നാട്ടറിവ് പദ്ധതി സാക്ഷാത്കരിക്കുന്നതിൽ പ്രശംസനീയമായ പങ്കുവഹിച്ച ജനകീയാസൂത്രണപദ്ധതി ജനറൽ കൺവീനറും മുൻപഞ്ചായത്ത് പ്രസിഡണ്ടുമായ പി. എം. രവീന്ദ്രനോടും, വിദ്യാഭ്യാസ – സാംസ്കാരിക കർമ്മസമിതി ചെയർമാൻ പ്രൊഫ. ടി. ആർ. നാരായണൻകുട്ടിയോടും എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

ഏറെ പ്രോത്സാഹനം നൽകിയും, ഈ ഗ്രന്ഥത്തിന്റെ കരട് നിരവധി തവണ വായിച്ചും വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ എന്റെ സുഹൃത്തും സഹപാഠിയുമായ ഡോ. കേശവൻ വെളുത്താട്ടിനോടും (മാംഗളൂർ സർവ്വകലാശാല) എന്റെ സഹപ്രവർത്തകരായ ഡോ: എ.ആർ. വിജയരാഘവൻ, ശ്രീ. കെ.ഒ. രാഘവൻ, ശ്രീ. വി.ടി. കെ.ചന്ദ്രൻ, ശ്രീ. വി.കെ. ഗോപി, എന്നിവരോടും ഞാൻ പ്രത്യേകം നന്ദിപറയുന്നു. കൂടാതെ അവിണിശ്ശേരി പഞ്ചായത്തിലെ മുൻപ്രസിഡണ്ടുമാരായ സർവ്വശ്രീ. വി.കെ. ജയഗോവിന്ദൻ, പി.എ. നാണുമാസ്റ്റർ എന്നിവരോടും പഞ്ചായത്തിലെ മറ്റു സ്റ്റാഫംഗങ്ങളോടും എനിക്ക് പ്രത്യേകം നന്ദിയുണ്ട്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഈ ദേശചരിത്ര സംരംഭം നടപ്പിലാക്കുന്നതിനു നിർണ്ണായകമായ പങ്കുവഹിച്ച കെ. ശങ്കർജിയോടും ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു.

നിരവധി വ്യക്തികളുമായുള്ള അഭിമുഖത്തിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതെങ്കിലും പിശകുകൾ എന്തെങ്കിലും വന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം എനിക്കുമാത്രമാണെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ഗ്രന്ഥം മാന്യവായനക്കാർക്കായി സമർപ്പിക്കുന്നു.

***ടി.ആർ. വേണുഗോപാലൻ***

# 1

# രാഷ്ട്രീയ ഘടന

സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള ഒരു പ്രദേശമാണ് ഇന്നത്തെ അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്. നിലവിലുള്ള പരിമിതമായ രേഖകളും, പുരാവസ്തുവിജ്ഞാനീയം നല്കുന്ന തെളിവുകളും മാത്രം വെച്ചുകൊണ്ടുള്ള ഈ പ്രദേശത്തിന്റെ ചരിത്രരചന അത്യന്തം ശ്രമകരമായ ഒരു ധൈഷണികപ്രക്രിയയാണ്. ചരിത്രനിർമ്മിതിക്കാധാരമായി ഇവിടെനിന്നും ലഭിച്ചിട്ടുള്ള തെളിവുകൾ പ്രധാനമായും സാഹിത്യസംബന്ധിയായ ജീവചരിത്രങ്ങളും, കത്തുകളും, കയ്യെഴുത്തുമാസികകളുമാണ്. പെരുവനം ക്ഷേത്ര ത്തിലെ ഗ്രന്ഥവരിയും ഈ പ്രദേശത്തിന്റെ പ്രാചീനചരിത്രരചനക്ക് ഏറെ സഹായക മാണ്. മണിപ്രവാളകൃതികളിലും പെരുവനം ഗ്രാമത്തെക്കുറിച്ച് പരാമർശമുണ്ട്. ഇതി നുപുറമെ ഇവിടെനിന്നു ശേഖരിച്ചിട്ടുള്ള വാമൊഴികളും നാട്ടറിവുകളും ചരിത്രരച നക്ക് സഹായകമായ വിവരങ്ങൾ നല്കുന്നുണ്ട്. കൂടാതെ, ഇവിടെനിന്നും കണ്ടെ ടുത്ത നന്നങ്ങാടികൾ ഈ പ്രദേശത്തിന്റെ ഏറ്റവും പുരാതനമായ കാലഘട്ടത്തിലേക്ക് – ചരിത്രാതീതയുഗത്തിലേക്ക് – ആശാവഹമായ വെളിച്ചം വീശുന്നവയാണ്.

## പ്രാചീനകാലം

ദക്ഷിണേന്ത്യയിൽ വ്യാപകമായി കാണപ്പെടുന്ന നന്നങ്ങാടികൾ (Megaliths) ആനക്കല്ലിനടുത്തുള്ള വള്ളിശ്ശേരി കുട്ടൻകുളങ്ങര ക്ഷേത്രപരിസരത്തു നിന്നും പുരാവസ്തുവകുപ്പ് 1999 ഏപ്രിലിൽ ഉത്ഖനനം ചെയ്ത് പുറത്തെടുക്കുകയു ണ്ടായി. ചിത്രപ്പണികൾ ഇല്ലാത്ത ഈ നന്നങ്ങാടികൾക്ക് ഏകദേശം രണ്ടായിരത്ത ഞ്ഞൂറ് വർഷത്തെ പഴക്കമാണ് പുരാവസ്തുവിദഗ്ദർ കണക്കാക്കുന്നത്. ഈ തെളിവ് സൂചിപ്പിക്കുന്നത് മഹാശിലായുഗ (Megalithic Age)കാലഘട്ടത്തിൽതന്നെ സാംസ്കാ രികമായി ഈ പ്രദേശം വികാസം പ്രാപിച്ചിരുന്നുവെന്നാണ്. എന്തായാലും കുറെകൂടി വ്യാപകവും ശാസ്ത്രീയവുമായ ഖനനം നടത്തിയാൽ മാത്രമെ ഈ കാലഘട്ടത്തെ ക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ കഴിയൂ.

അവിണിശ്ശേരി പഞ്ചായത്തിലെ പെരിഞ്ചേരിദേശത്തുള്ള കൃഷിഭൂമി പെരുവനം ദേവസ്വത്തിന്റേതായിരുന്നുവെന്ന് പെരുവനം ഗ്രന്ഥവരിയിൽ കാണുന്നു. പെരിഞ്ചേ രി, പള്ളിപ്പുറം, പൊറത്തൂർ മുതലായ ചേരിക്കലങ്ങളിൽനിന്നുമായി ഉച്ചപൂജക്കായി പെരുവനം ക്ഷേത്രത്തിലേക്ക് പ്രതിവർഷം രണ്ടായിരംപറ നെല്ലാണ് നല്കേണ്ടിയിരു ന്നത്. (പിൽക്കാലത്ത് ഉച്ചപൂജ ചേരിക്കലം ഭൂമികൾ തിരുവിതാംകൂർ ദേവസ്വത്തിന്റെ വകയായിമാറി) ചരിത്രപ്രസിദ്ധമായ മുപ്പത്തിരണ്ട് ബ്രാഹ്മണ ആവാസകേന്ദ്രങ്ങളിൽ

ഒന്നാണ് പെരുവനം ഗ്രാമം. 1978ൽ പ്രസിദ്ധീകൃതമായ കേശവൻ വെളുത്താട്ടിന്റെ ഗവേഷണഗ്രന്ഥത്തിൽ[1] പെരുവനം ഗ്രാമത്തിന്റെ രൂപീകരണം നടക്കുന്നത് ക്രി. പത്താംനൂറ്റാണ്ടോടുകൂടിയാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രാമത്തിന്റെ ഭാഗമായിരുന്നു അവിണിശ്ശേരിയും, പെരിഞ്ചേരിയും, വള്ളിശ്ശേരിയും, വള്ളുകുന്നത്തുശ്ശേരിയും, ചെറുവത്തേരിയും, പാലിശ്ശേരിയുമെല്ലാം. ക്രി.ഒമ്പതാംനൂറ്റാണ്ടുമുതൽ പന്ത്രണ്ടാംനൂറ്റാണ്ടുവരെ മഹോദയപുരം(കൊടുങ്ങല്ലൂർ)ആസ്ഥാനമാക്കി നിലനിന്നിരുന്ന പെരുമാൾവാഴ്ചക്കാലത്ത് ഈ പ്രദേശം മുഴുവനും ചേരമാൻപെരുമാക്കൻമാരുടെ മേൽക്കോയ്മയിലായിരുന്നു. പെരുമാൾവാഴ്ചക്കാലത്തെ ലിഖിതങ്ങൾ ഒന്നുംതന്നെ ഇവിടെനിന്നും കണ്ടുകിട്ടിയിട്ടില്ലെങ്കിൽതന്നെയും അടുത്തപ്രദേശമായ ഇരിഞ്ഞാലക്കുടയിലും മറ്റും ഇക്കാലത്തെ ലിഖിതങ്ങൾ ധാരാളമായി കാണുന്നുണ്ട്. പന്ത്രണ്ടാംനൂറ്റാണ്ടിലെ ഒരു ശിലാലിഖിതം സമീപപ്രദേശത്തുള്ള പാറക്കോവിൽ(പാറോലി)ക്ഷേത്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്.[2] അതുകൊണ്ടുതന്നെ ഈ പ്രദേശവും ഈ കാലഘട്ടത്തിൽ ചേരരാജ്യത്തിന്റെ ഭാഗമായിരിക്കാനെ വഴിയുള്ളു. പെരുമാൾവാഴ്ചയുടെ അന്ത്യത്തിനുശേഷം ഏകദേശം നാലുനൂറ്റാണ്ടുകാലത്തെ ചരിത്രം കൃത്യമായി പുനർനിർമ്മിക്കാൻ ഇപ്പോൾ ലഭ്യമായ തെളിവുകൾവെച്ച് പ്രയാസമാണ്. കേന്ദ്രീകൃത ഭരണവ്യവസ്ഥയിൽനിന്നും ഫ്യൂഡൽവ്യവസ്ഥിതിയിലേക്ക് കേരളം മൊത്തമായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഈ കാലഘട്ടത്തിൽ നാം കാണുന്നത്.

## ആധുനികകാലം

പെരുമാൾവാഴ്ചയുടെ ശിഥിലീകരണത്തെതുടർന്ന് രൂപംകൊണ്ട വിവിധ 'സ്വരൂപ'ങ്ങളിൽ ഈ പ്രദേശം പെരുമ്പടപ്പുസ്വരൂപത്തിന്റെ ഭാഗമായിരുന്നിരിക്കണം. കൊച്ചി രാജകുടുംബം രൂപംകൊള്ളുന്നത് ഈ സ്വരൂപത്തിൽ നിന്നാണ്. കൊച്ചിരാജ്യത്തിന്റെ ചരിത്രം പതിനാറാംനൂറ്റാണ്ടോടുകൂടി മാത്രമാണ് കൂടുതൽ വ്യക്തമാകുന്നത്. അതുകൊണ്ടുതന്നെ പ്രസ്തുത രാജ്യത്തിന്റെ ഭാഗമായ ഈ പ്രദേശത്തിന്റേയും സ്ഥിതി ഭിന്നമല്ല. കൊച്ചിരാജ്യത്തെ തൃശ്ശൂർ താലൂക്കിന്റെ ഭാഗമായിരുന്നു ഈ പ്രദേശം. 1949 ജൂലൈ ഒന്നുമുതൽ കേരളസംസ്ഥാനപ്പിറവി(നവംബർ 1, 1956)വരേയും ഈ പ്രദേശം തിരു-കൊച്ചിസംസ്ഥാനത്തിലായിരുന്നു.

## സ്വാതന്ത്ര്യസമരം

ബ്രിട്ടീഷ് അധിനിവേശത്തിനെതിരായി രൂപംകൊണ്ട ഇന്ത്യൻ സ്വാതന്ത്ര്യസമരം ഈ പ്രദേശത്തും പ്രകടമായ ചലനങ്ങൾ സൃഷ്ടിച്ചു. 1930കളിൽ സിവിൽനിയമലംഘനപ്രസ്ഥാനത്തിൽ പങ്കെടുത്തുകൊണ്ട് ഈ പ്രദേശത്തുനിന്നും ആദ്യമായി ജയിലിലടക്കപ്പെട്ടത് വള്ളിശ്ശേരിക്കാരനായ പി.കെ.ശങ്കുണ്ണിവൈദ്യരേയാണ്. ഗാന്ധിജി വിഭാവനംചെയ്ത നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി ഖാദിപ്രസ്ഥാനം സംഘടിപ്പിക്കപ്പെടുന്നത് ഇവിടേയാണ്. കൊച്ചി സംസ്ഥാനത്തിൽ ആരംഭിച്ച ഖാദി പ്രവർത്തനങ്ങളെ ഏകീകരിക്കുക എന്ന ലക്ഷ്യവുമായി 1937ൽ അവിണിശ്ശേരിയിലാണ് കൊച്ചി ഗ്രാമവ്യവസായഅസോസിയേഷൻ രൂപികൃതമാകുന്നത്. (വിശദാംശങ്ങൾക്ക് സമ്പദ്ഘടന എന്ന വിഭാഗം കാണുക). 1942 ആഗസ്ത് ഒമ്പതാംതിയതി



*1. Kesavan Veluthat, Brahmin Settlements in Kerala (Sandhya Publication, Calicut) 1976 - P 25-26*

*2. കാലനിർണ്ണയം, ഡോ. എം. ആർ. രാഘവവാരിയർ*

ആരംഭിച്ച 'ക്വിറ്റ് ഇന്ത്യ'പ്രസ്ഥാനവും ഈ പ്രദേശത്തെ ശ്രദ്ധേയമാക്കി. 'ക്വിറ്റ് ഇന്ത്യ' പ്രമേയം പാസാക്കിയ ബോംബെ എ.ഐ.സി.സി.സമ്മേളനത്തിൽ പങ്കെടുത്ത് മടങ്ങവേയാണ് അവിണിശ്ശേരിക്കാരനായ വി.ആർ.കൃഷ്ണനെഴുത്തച്ഛൻ അറസ്റ്റുചെയ്യപ്പെടുന്നത്. പിന്നീടദ്ദേഹത്തെ വിയ്യൂർ സെൻട്രൽ ജയിലിൽ തടങ്കലിലാക്കി.[3]

നാട്ടുരാജ്യങ്ങളിൽ നടന്നുവരുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ കോൺഗ്രസ്സ് കമ്മിറ്റികൾ ഔദ്യോഗികമായി പങ്കെടുക്കേണ്ടതില്ലെന്നും, അവിടങ്ങളിൽ നടന്നുവരുന്ന ജനകീയസമരത്തെ നയിക്കുന്നതിനായി സ്വതന്ത്ര സംഘടനകളെ പ്രോൽസാഹിപ്പിക്കുകയാണ് വേണ്ടതെന്നുമുള്ള തീരുമാനം 1938ൽ ഹരിപുരയിൽ ചേർന്ന എ.ഐ.സി.സി. സമ്മേളനം കൈക്കൊള്ളുകയുണ്ടായി. ഈ പശ്ചാത്തലത്തിലാണ് കൊച്ചിരാജ്യ പ്രജാമണ്ഡലം എന്ന പുതിയ രാഷ്ട്രീയസംഘടന 1941 ജനുവരി 26ന് രൂപംകൊള്ളുന്നത്. പ്രജാമണ്ഡലത്തിന്റെ രൂപീകരണത്തിലും, തുടർന്നുള്ള പ്രവർത്തനങ്ങളിലും ഈ പ്രദേശത്തെ രാഷ്ട്രീയപ്രബുദ്ധരായ ആളുകൾ സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. ഈ സംഘടനയുടെ സ്ഥാപക ജനറൽസെക്രട്ടറി വി.ആർ.കൃഷ്ണനെഴുത്തച്ഛനായിരുന്നു. മറ്റൊരു സജീവപ്രവർത്തകനായിരുന്ന ടി.എൻ.രാമനെഴുത്തച്ഛൻ പ്രജാമണ്ഡലത്തിന്റെ പ്രഥമ സംഘാടനയോഗത്തിൽതന്നെ അംഗമായിരുന്നു. പ്രസ്തുത സംഘടനയുടെ ആശയവിനിമയമാധ്യമമായ 'ദീനബന്ധു' വിന്റെ പത്രാധിപത്യം വഹിച്ചിരുന്നത് വി.ആർ.കൃഷ്ണനെഴുത്തച്ഛൻ തന്നെയായിരുന്നു.[4]

1945ൽ കൊച്ചി നിയമസഭാകൗൺസിലിലേക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിൽ ഊരകം നിയോജകമണ്ഡലത്തിൽനിന്നും വി.ആർ.കൃഷ്ണനെഴുത്തച്ഛൻ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടുവെന്നുള്ളത് പ്രത്യേകം പരാമർശം അർഹിക്കുന്ന ഒരു സംഭവമാണ്. 1952ൽ തിരുവിതാംകൂർ-കൊച്ചി നിയമസഭയിലേക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിൽ അദ്ദേഹം നല്ല ഭൂരിപക്ഷത്തോടുകൂടി നെന്മാറ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. കൊച്ചി ജില്ലാകോൺഗ്രസ്സ്കമ്മിറ്റി പ്രസിഡണ്ട് എന്ന നിലയിലും വി.ആർ.സേവനമനുഷ്ഠിച്ചിട്ടുണ്ട്. കാർഷികമേഖലയിൽ സമഗ്രമായ പരിഷ്ക്കരണം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് 1945 ആഗസ്ത് ഒമ്പതിനും, പത്രമാരണനിയമം റദ്ദാക്കൽബിൽ (The Cochin News Paper Act - Repeal Bill) അവതരിപ്പിച്ചുകൊണ്ട് 1946ലും കൊച്ചിനിയമസഭയിൽ നടത്തിയ പ്രസംഗങ്ങൾ അദ്ദേഹത്തിന്റെ പുരോഗമനപരമായ ആശയങ്ങളെ എടുത്തുകാണിക്കുന്ന സുപ്രധാന രേഖകളാണ്. ഭേദഗതിബിൽ കൊച്ചി നിയമസഭ പാസാക്കുകയും തുടർന്ന് പത്രമാരണനിയമങ്ങൾ പിൻവലിക്കപ്പെടുകയും ചെയ്തു.[5]

1948-50 കാലയളവിൽ വള്ളിശ്ശേരിക്കാരനായ പി.എസ്.മാധവൻ വൈദ്യർ കൊച്ചി നിയമസഭയിൽ നാമനിർദേശം ചെയ്യപ്പെട്ട അംഗമായിരുന്നു.

## കർഷകപ്രസ്ഥാനം

കൊല്ലവർഷം 1115 (ക്രി.1940)ലാണ് കൊച്ചി കർഷകസഭ സ്ഥാപിച്ചത്. അവിണിശ്ശേരിയിലെ ആനക്കല്ലിലുള്ള വി.കെ.നാരായണനെഴുത്തച്ഛന്റെ സ്ഥലത്തുവെച്ചാണ്

*3. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, ആത്മകഥ (കറന്റ് ബുക്സ്, കോട്ടയം) 1997 പുറം 67*

*4. പ്രജാമണ്ഡലം സ്മരണകൾ, രണ്ടാംപതിപ്പ് (എറണാകുളം) 1993*

*5. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, ആത്മകഥ പുറം 329-39*

കർഷകസഭ പ്രവർത്തനമാരംഭിച്ചത്. വി.ആർ.കൃഷ്ണനെഴുത്തച്ഛൻ പ്രസിഡണ്ടും സി. അച്യുതമേനോൻ സെക്രട്ടറിയുമായി പ്രവർത്തനമാരംഭിച്ച പ്രസ്തുത സഭയുടെ ആസ്ഥാനം പിന്നീട് തൃശ്ശൂരിലേക്ക് മാറ്റി.[6] എൻ.ജി.രംഗയുടെ നേതൃത്വത്തിലുണ്ടായിരുന്ന അഖിലേന്ത്യാ കിസാൻസഭയോട് നേരിട്ട് ബന്ധപ്പെട്ടിട്ടില്ലെങ്കിലും കിസാൻസഭയുടെ സ്വാധീനം കൊച്ചി കർഷകസഭയുടെ പ്രവർത്തനങ്ങളിൽ വളരെ പ്രകടമായിരുന്നു. കൃഷിഭൂമി കൃഷിക്കാർക്ക്, പാട്ടംവ്യവസ്ഥ ഇല്ലായ്മചെയ്യുക എന്നിവയായിരുന്നു കർഷകസഭ ഉന്നയിച്ച മുഖ്യ ആവശ്യങ്ങൾ. കർഷകപ്രസ്ഥാനത്തിന്റെ ഏറ്റവും ശക്തമായ മാധ്യമമായി പ്രവർത്തിച്ചിരുന്ന 'കർഷകൻ'വാരിക അവിണിശ്ശേരിയിൽനിന്നാണ് പ്രാരംഭ കാലത്ത് പ്രസിദ്ധീകരിച്ചിരുന്നത്'. പ്രസ്തുത വാരികയുടെ പ്രഖ്യാപിതോദ്ദേശ്യം 'സാധാരണക്കാരനായ കൃഷിക്കാരനെ ഉൽബുദ്ധനും കാര്യശേഷിയുള്ളവനുമാക്കുവാൻവേണ്ടി യത്നിക്കുക' എന്നതായിരുന്നു.

## മറ്റു രാഷ്ട്രീയപാർട്ടികളുടെ രൂപീകരണം

സുബാഷ്ചന്ദ്ര ബോസിന്റെ നേതൃത്വത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി വിദേശത്തുനിന്ന് പ്രവർത്തിച്ചിരുന്ന ഇന്ത്യൻ നാഷണൽ ആർമി (Indian National Army - INA)യുടെ പ്രവർത്തകരിൽ ഒരാളായിരുന്നു അവിണിശ്ശേരിയിൽ താമസക്കാരനായിരുന്ന മാധവൻ നായർ.[7] കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം ഈ പ്രദേശത്ത് ആരംഭിക്കുന്നത് 1947-48ലാണ്. അവിണിശ്ശേരിക്കാരനായ പുഴക്കടവിൽ അപ്പുണ്ണിയുടെ നേതൃത്വത്തിലാണ് പാർട്ടിപ്രവർത്തനം രഹസ്യമായി നടന്നുവന്നിരുന്നത്. അദ്ദേഹത്തിന്റെ വസതിയിലാണ് പാർട്ടിയുടെ രഹസ്യയോഗങ്ങൾ നടത്തിയിരുന്നത്. പി.കെ.കൊച്ചു, രാമൻ ആശാരി എന്നിവരും ആദ്യകാല കമ്മ്യൂണിസ്റ്റ്പാർട്ടി പ്രവർത്തകരായിരുന്നു. പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവായ എ.വി.ആര്യനിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് ഈ ചെറുപ്പക്കാർ സർക്കാർവിലക്കുകളെ മറികടന്നുകൊണ്ട് പ്രവർത്തനരംഗത്തിറങ്ങിയത്.[8] 1948ൽതന്നെയാണ് പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ (PSP) പ്രവർത്തനം ഇവിടെ ആരംഭിച്ചത്. എ.എസ്.അയ്യപ്പൻ(അവിലിശ്ശേരി അപ്പു)ഇ.ജി.ഗോവിന്ദൻകുട്ടി തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ. നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്നതിനാൽ പ്രജാമണ്ഡലമാണ് രാഷ്ട്രീയസമരങ്ങൾക്ക് നേതൃത്വം നല്കിയത് എന്ന് മുൻപ് പരാമർശിച്ചിട്ടുണ്ടല്ലോ. എന്നിരുന്നാലും 1950ഓടുകൂടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വില്ലേജ് അടിസ്ഥാനകമ്മിറ്റികൾ ഈ പ്രദേശത്തും രൂപീകൃതമായി. അവിണിശ്ശേരി വില്ലേജ് കോൺഗ്രസ് കമ്മിറ്റിയുടെ ആദ്യകാല ഭാരവാഹികൾ പി.കെ.ശങ്കുണ്ണിവൈദ്യർ(സെക്രട്ടറി)എം.ജി.രാമനെഴുത്തച്ഛൻ (പ്രസിഡണ്ട്)എന്നിവരായിരുന്നു. 1957ൽ പഞ്ചായത്തടിസ്ഥാനത്തിൽ കോൺഗ്രസ് കമ്മിറ്റികൾ രൂപീകൃതമായതോടെ വല്ലച്ചിറ പഞ്ചായത്ത് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയും, പാറളം പഞ്ചായത്ത് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയും ഇന്നാട്ടിൽ നിലവിൽവന്നു.[9] ബി.ജെ.പി. യുടെ ശാഖ അവിണിശ്ശേരിയിൽ രൂപീകൃതമാകുന്നത് 1988 ഏപ്രിൽമാസത്തിലാണ്.*

*6. വി. ആർ. കൃഷ്ണനെഴുത്തച്ഛനുമായുള്ള അഭിമുഖത്തിൽനിന്നും*
*7. എ. എൻ. രാമകൃഷ്ണൻമാസ്റ്ററുമായുള്ള അഭിമുഖത്തിൽനിന്നും*
*8. വിശദാംശങ്ങൾ നൽകിയത് പുഴക്കടവിൽ ബാലൻ, അവിണിശ്ശേരി.*
*9. പി. എസ്. ഗംഗാധരനുമായുള്ള അഭിമുഖത്തിൽനിന്ന്*
 ** വിവരം നൽകിയത് വി. കെ. ഗോപാലകൃഷ്ണൻ, വി. കെ. സുകമാരൻ, അവിണിശ്ശേരി*

## അവിണിശ്ശേരി പഞ്ചായത്ത് രൂപീകരണം

കൊച്ചിരാജ്യത്ത് ഇദംപ്രഥമമായി പഞ്ചായത്തുകൾ രൂപീകരിക്കപ്പെടുന്നത് 1941 ലാണ്. ഈ സന്ദർഭത്തിൽ ഇവിടെ ആദ്യമായി രൂപംകൊള്ളുന്നത് അവിണിശ്ശേരി, പാലിശ്ശേരി വില്ലേജുകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള കോടന്നൂർ പഞ്ചായത്താണ്. പ്രസ്തുത പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട് വി.ആർ. കൃഷ്ണനെഴുത്തച്ഛനായിരുന്നു. പിന്നീട് വല്ലച്ചിറ, പാറളം പഞ്ചായത്തുകൾ രൂപീകൃതമായപ്പോൾ അവിണിശ്ശേരി വല്ലച്ചിറയിലും, പാലിശ്ശേരി പാറളത്തിലും ആയിത്തീർന്നു. അവിണിശ്ശേരിക്ക് ഒരു സ്വതന്ത്ര പഞ്ചായത്ത് പദവി നൽകിക്കൊണ്ടുള്ള ഉത്തരവ് ഇറങ്ങുന്നത് 1-4-1978ലാണ്. പാറളം പഞ്ചായത്തിലായിരുന്ന പാലിശ്ശേരി വില്ലേജും വല്ലച്ചിറ പഞ്ചായത്തിലായിരുന്നു അവിണിശ്ശേരി വില്ലേജും സംയോജിപ്പിച്ചുകൊണ്ടാണ് പുതിയ പഞ്ചായത്ത് രൂപീകരിച്ചത്. വടക്ക് കൂർക്കഞ്ചേരി പഞ്ചായത്തും, കിഴക്ക് ഒല്ലൂർ പഞ്ചായത്തും, തെക്ക് വല്ലച്ചിറ-ചേർപ്പ് പഞ്ചായത്തുകളും, പടിഞ്ഞാറ് പാറളം പഞ്ചായത്തും അതിരുകളായുള്ള അവിണിശ്ശേരി പഞ്ചായത്തിന്റെ വിസ്തൃതി 7.82 ചതുരശ്രകിലോമീറ്റർ ആണ്. അവിണിശ്ശേരി, വള്ളിശ്ശേരി, പെരിഞ്ചേരി, പാലിശ്ശേരി, ചെറുവത്തേരി എന്നീ ദേശങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്.[10] തുടക്കത്തിൽ 4 വാർഡുകളുണ്ടായിരുന്ന ഈ പഞ്ചായത്തിൽ ഇപ്പോൾ 9 വാർഡുകളുണ്ട്.

5-4-1978മുതൽ 30-9-1979വരെ സ്പെഷൽ ഓഫീസർ ഭരണമാണ് ഇവിടെയുണ്ടായിരുന്നത്. തെരഞ്ഞെടുപ്പിനുശേഷം 1979 ഒക്ടോബർ ഒന്നാംതിയ്യതി വി.കെ.ജയഗോവിന്ദന്റെ നേതൃത്വത്തിൽ പ്രഥമ ഭരണസമിതി സ്ഥാനമേറ്റു. തുടർന്ന് ഈ പഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിച്ചവർ പി.എ.നാണുമാസ്റ്റർ, വി.എൻ.ശങ്കരനെഴുത്തച്ഛൻ, പി.എം.രവീന്ദ്രൻ, വി.കെ.ജയഗോവിന്ദൻ എന്നിവരാണ്. പി.എ.നാണുമാസ്റ്റർ തന്നെയാണ് ഇപ്പോഴത്തെ പ്രസിഡണ്ട്. (ഭരണസമിതിയുടെ വിശദാംശങ്ങൾക്ക് അനുബന്ധം കാണുക).

1995ൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ത്രിതലപഞ്ചായത്ത് സംവിധാനം നടപ്പിലാക്കിയപ്പോൾ ഈ പ്രദേശം തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റേയും ചേർപ്പ് ബ്ളോക്ക് പഞ്ചായത്തിന്റേയും കീഴിലായിത്തീർന്നു. 1998-99ൽ ചേർപ്പ് ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചത് പെരിഞ്ചേരിക്കാരനായ ടി.എൻ.സുകുമാരൻ മാസ്റ്ററാണ്.

## പൊതുതെരഞ്ഞെടുപ്പും നിയോജകമണ്ഡലങ്ങളും

സംസ്ഥാനദേശീയതലത്തിൽ നടന്ന വിവിധ തെരഞ്ഞെടുപ്പുകളിൽ ഈ പ്രദേശം പല നിയോജകമണ്ഡലങ്ങളിലുമായി മാറിമാറി പങ്കെടുത്തിട്ടുണ്ട്. കൊച്ചി സംസ്ഥാന കൗൺസിലിലേയ്ക്ക് നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ (1945) ഊരകം നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്നു ഇത്. സ്വാതന്ത്ര്യാനന്തരം 1948ലും 52ലും തിരു-കൊച്ചി നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിലും, കേരളപ്പിറവിയെത്തുടർന്ന് 1957ലും, 60ലും, 67ലും നടന്ന സംസ്ഥാന നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പു

*10. വികസന റിപ്പോർട്ട് ഒമ്പതാം പദ്ധതി, അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്, 1997*

കളിലും ഈ പ്രദേശം ഒല്ലൂർ നിയോജകമണ്ഡലത്തിലായിരുന്നു. 1965ലെ തെരഞ്ഞെടുപ്പിൽമാത്രം ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലാണ് ഈ ഭാഗത്തെ ഉൾപ്പെടുത്തിയിരുന്നത്. 1972 മുതൽ തുടർച്ചയായി ഈ പ്രദേശം ചേർപ്പ് നിയോജകമണ്ഡലത്തിന്റെ ഭാഗമാണ്. 1962ൽ ഒഴികെ മറ്റെല്ലാ ദേശീയ തെരഞ്ഞെടുപ്പുകളിലും ഈ നാട് തൃശൂർ പാർലിമെന്റ് നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്നു. 1962 ൽ മുകുന്ദപുരമായിരുന്നു പാർലിമെന്റ് നിയോജകമണ്ഡലം.[11]



11. അഭിമുഖം : പി.എസ്. ഗംഗാധരൻ

# 2

# സമ്പദ്ഘടന

നേരത്തെ സൂചിപ്പിച്ചതുപോലെ കുട്ടൻകുളങ്ങര ക്ഷേത്രത്തിനു സമീപത്തു നിന്നും കുഴിച്ചെടുത്ത നന്നങ്ങാടികൾ (Megaliths) ഈ പ്രദേശങ്ങളിൽ നിലനിന്നിരുന്ന മഹാശിലായുഗ സംസ്കാരത്തിന്റെ സജീവ സാന്നിദ്ധ്യത്തെയാണ് തെളിയിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഏകദേശം രണ്ടായിരത്തഞ്ഞൂറ് വർഷം മുമ്പെങ്കിലും ഇവിടെ കൃഷിയാരംഭിച്ചതായി കണക്കാക്കാം. എന്നിരുന്നാലും പുരാവസ്തു സംബന്ധിയായ കൂടുതൽ തെളിവുകൾ ലഭിച്ചാൽ മാത്രമേ ഈ കാലഘട്ടത്തിലെ കാർഷിക സമ്പ്രദായത്തെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം ലഭിക്കുകയുള്ളൂ. ക്രി. പത്താം നൂറ്റാണ്ടോടുകൂടി പെരുവനം ഉൾപ്പെടെയുള്ള ബ്രാഹ്മണഗ്രാമങ്ങൾ സ്ഥാപിതമാവുകയും തുടർന്ന് ഈ പ്രദേശത്തെ കൃഷിഭൂമിയിൽ നല്ലൊരുപങ്കും ബ്രാഹ്മണരുടെ കൈകളിലാകുകയും ചെയ്തുവെന്ന് പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പെരുമാക്കന്മാരുടെ കാലത്ത് (ക്രി. 800 – 1122) കൃഷിഭൂമി അസാധാരണമായി വ്യാപിച്ചിരുന്നതിന്റെ തെളിവുകളുണ്ട്. ഒരു കാർഷികസമൂഹം രൂപംകൊള്ളുന്നതിന്റെ ചിത്രമാണ് ഈ കാലത്തെ രേഖകളിൽ പൊതുവെ ദൃശ്യമാകുന്നത്. ക്രി. പത്താംനൂറ്റാണ്ടോടുകൂടി കേരളത്തിൽ തെങ്ങുകൃഷിയും ആരംഭിച്ചതായി കാണാം. പതിനാറാം നൂറ്റാണ്ടാകുമ്പോഴേക്കും കേരളത്തിലെ പ്രധാന വ്യാപാരോൽപ്പന്നമായി നാളികേരം മാറിക്കഴിഞ്ഞിരുന്നു[12]. ചീന നാവിക കുറിപ്പുകളിലെ കയറ്റുമതി ചരക്കുകളിൽ അടയ്ക്ക ഒരു പ്രധാന ഇനമാണ്. പത്താം നൂറ്റാണ്ടിലെ ക്ഷേത്രലിഖിതങ്ങളിലും അടയ്ക്ക സ്ഥലം പിടിച്ചുകാണുന്നു. കേരളത്തിന്റെ പൊതുസമ്പദ്ഘടന ഇങ്ങനെയായിരിക്കെ, ഈ പ്രദേശത്തിന്റെ സ്ഥിതി ഇതിൽനിന്നും ഭിന്നമായിരിക്കാൻ ഇടയില്ല.

## ഭൂപ്രകൃതി

കേരളത്തെ പതിമൂന്ന് കാർഷിക മേഖലകളാക്കി തിരിച്ചിട്ടുള്ളതിൽ മദ്ധ്യസമതലം (Central Mid-land zone) എന്ന വിഭാഗത്തിലാണ് ഈ പ്രദേശം ഉൾപ്പെടുന്നത്. മണ്ണിന്റെ ഘടനയനുസരിച്ച് നോക്കുമ്പോൾ ചുവന്ന മൺപ്രദേശമാണിത് (Mid-land Laterite). ചില സ്ഥലങ്ങളിൽ കാടക്കണ്ണൻ പാറയും കാണപ്പെടുന്നു. (ഉദാ: വട്ടമാവ്, പാലിയംപാടം മുതലായവ). കോൾ നിലമൊഴിച്ചുള്ള നെൽപ്പാടങ്ങളിലെല്ലാം മണൽ നിറഞ്ഞ കളിമൺ ഭൂമിയാണുള്ളത്. മൊത്തം 779.2 ഹെക്ടർ ഭൂവിസ്തൃതിയുള്ള ഈ പ്രദേശത്ത് ഇപ്പോൾ 193 ഹെക്ടറിൽ മാത്രമാണ് നെൽകൃഷിയുള്ളത്.[13]

*12. എം. ആർ. രാഘവവാരിയർ, മദ്ധ്യകാലകേരളം, സമ്പത്ത്, സമൂഹം, സംസ്കാരം (ചിന്ത, പബ്ലിക്കേഷൻസ്, തൃശൂർ) 1997 പുറം 9–15*

*13. വികസന റിപ്പോർട്ട്, ഒമ്പതാംപദ്ധതി*

മലകളും പുഴകളും ഒന്നും ഇല്ലാത്ത താരതമ്യേന വരണ്ട ഭൂപ്രദേശമാണിത്. പ്രാചീനകാലത്ത് 10 കി. മീ. അടുത്തുവരെ (മൂർക്കനിക്കര, മാന്ദാമംഗലം) വൻകാടുകൾ ഉണ്ടായിരുന്നു. കടലിൽനിന്നുള്ള ശരാശരി ദൂരം 15 കിലോമീറ്റർ ആണ്. സംസ്ഥാനത്തെ ശരാശരി വർഷപാതമായ 3479 മില്ലിലിറ്ററിനേക്കാൾ കൂടുതൽ മഴ ഇവിടെ ലഭിച്ചുവരുന്നുണ്ടെങ്കിലും, തുലാവർഷം പലപ്പോഴും തൃപ്തികരമായ വിധത്തിൽ ലഭിക്കാറില്ല. തന്മൂലം സെപ്തംബർ അവസാനമാകുന്നതോടെ ഭൂമി വരണ്ട് ഉണങ്ങാൻ തുടങ്ങുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലാണ് പരമാവധി അന്തരീക്ഷ ഊഷ്മാവായ $33^0$ സെന്റിഗ്രേഡ് ഇവിടെ അനുഭവപ്പെടുന്നത്. ഡിസംബർ, ജനുവരി മാസങ്ങളിലാണ് ഏറ്റവും കുറഞ്ഞ താപനില ($23^0$ സെന്റിഗ്രേഡ്) അനുഭവപ്പെടാറുള്ളത്. (വികസന റിപ്പോർട്ട്, ഒമ്പതാംപദ്ധതി)

## നെൽകൃഷി

വിരിപ്പ്, മുണ്ടകൻ എന്നീ രണ്ടു വിളകളാണ് ഈ പ്രദേശത്ത് പ്രാചീനകാലംമുതൽ എടുത്തുവരുന്നത്. മേടം ഒന്നാം തിയ്യതി, വിഷുപ്പുലരിയിലാണ്, വിരിപ്പ് കൃഷിക്കുള്ള വിത്തു വിതയ്ക്കുന്നത്. ചുകന്ന കഴമ, വെളുത്ത കഴമ എന്നീ വിത്തുകളാണ് പ്രധാനമായും ഉപയോഗിക്കാറുണ്ടായിരുന്നത്. ചിങ്ങമാസത്തിലാണ് ഈ വിള കൊയ്തെടുക്കുന്നത്. രണ്ടാം വിളയായ മുണ്ടകനുള്ള ഞാറ് നേരത്തെതന്നെ തയ്യാറാക്കുകയും, ചിങ്ങമാസത്തിൽ കൊയ്ത്തുകഴിഞ്ഞ ഉടൻതന്നെ കാലക്കണ്ടങ്ങൾ ഉഴുതുമറിച്ച് പാകമാക്കി നടുകയുമാണ് ചെയ്യുന്നത്. ചിറ്റേനി, അതിയൻ, തവളക്കണ്ണൻ മുതലായ വിത്തുകളാണ് ഞാറിന് ഉപയോഗിക്കാറുണ്ടായിരുന്നത്. ധനു, മകര മാസങ്ങളിലാണ് മുണ്ടകൻ കൊയ്തെടുക്കുന്നത്. പഞ്ചായത്തതിർത്തിയിൽപ്പെട്ട കോൾനിലങ്ങളിൽ മുണ്ടകനു പുറമെ പുഞ്ചകൃഷിയും പതിവുണ്ട്. ചീര, ചെമ്പാവ് എന്നീ വിത്തുകളാണ് പുഞ്ചക്ക് ഉപയോഗിച്ചിരുന്നത്. മകരത്തിൽ ഞാറ് നട്ടുകഴിഞ്ഞാൽ മേടത്തിൽ കൊയ്തെടുക്കാം.

നെല്ലിന് കാര്യമായ കേടുകളൊന്നും പണ്ട് ഉണ്ടാകാറില്ലെന്ന് പഴമക്കാർ ചൂണ്ടിക്കാണിക്കുന്നു. പൊതുവെ കണ്ടുവരാറുള്ള ഒരു രോഗം പുഴുക്കേട് മാത്രമാണ്. പ്രസ്തുത രോഗത്തിന് ഇന്നത്തേതുപോലെ രാസകീടനാശിനികളൊന്നും ഉപയോഗിക്കാറുണ്ടായിരുന്നില്ല. മാറാമ്പലക്കൂട് ഉപയോഗിച്ച് പുഴുക്കളെ നിയന്ത്രിക്കുന്ന ഒരു നാടൻ വിദ്യയാണ് പ്രധാനമായും പ്രയോഗിക്കാറ്. കൂടാതെ പാണന്മാരെക്കൊണ്ട് 'ഊതി'ക്കുകയൊപള്ളിയിലച്ചനെകൊണ്ട് 'വില'ക്ക് കെട്ടിക്കുകയൊ പതിവുണ്ടായിരുന്നു.[14]

നെൽവയലുകൾക്കും കരഭൂമിക്കുമിടയിൽ ഞാൽപ്പാടങ്ങളും ഉണ്ടായിരുന്നു. ഞാറിടുന്നതിനാണ് പ്രസ്തുത ഭൂമി പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഞാറു വലിച്ചുകഴിഞ്ഞാൽ ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ 'തേമാലി' (നെൽകൃഷി) പണിയുകയും ചെയ്യാറുണ്ട്. മകീരം ഞാറ്റുവേലയിലാണ് 'തേമാലി' പണിയുന്നതിന് വിത്തിടേണ്ടത്.



*14. തുമ്പയിൽ കുട്ടപ്പനുമായുള്ള അഭിമുഖത്തിൽനിന്ന്*

വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് മുൻകാലങ്ങളിൽ നെൽപ്പാടത്ത് പച്ചക്കറി കൃഷിയുമുണ്ടായിരുന്നു. മുണ്ടകൻ കൊയ്ത്തിനുശേഷം പയർ, മത്തൻ, കുമ്പളം, വെള്ളരി, കയ്പ, പടവലം, കുമ്മട്ടി എന്നിവ കൃഷിചെയ്യാറുണ്ട്. പാടങ്ങളിലുണ്ടായിരുന്ന പച്ചക്കറികൃഷി ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായിക്കഴിഞ്ഞു. എന്നിരുന്നാലും വള്ളിശ്ശേരിയിലുള്ള 'ഹരിതസംഘം' എന്ന സ്ഥാപനം ജൈവവളവും, ജൈവകീടനാശിനികളും മാത്രമുപയോഗിച്ച് 1998 മുതൽ പച്ചക്കറി കൃഷി നടത്തിവരുന്നുണ്ട്. 1998ലും, 99ലും സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ കൃഷിത്തോട്ടമായി 'ഹരിത' തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിൽ ജില്ലാ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനവും 'ഹരിത'ക്ക് ലഭിക്കുകയുണ്ടായി.

കുളങ്ങളും കിണറുകളുമാണ് ഈ പ്രദേശത്തെ പ്രധാന ജലസ്രോതസ്സുകൾ. തിരുവാഞ്ചിറക്കുളം, തത്തംകുളം, പെരിഞ്ചേരിക്കുളം, മഠത്തിക്കുളം, നാറാത്തുകുളം, പൈങ്കുളം, മണ്ണാത്തിക്കുളം, കക്കാട്ടിൽകുളം, മണ്ണാറക്കുളം, എരണ്ടക്കുളം, നാങ്കുളം, മാരാത്തുകുളം എന്നിവയാണ് പ്രധാന കുളങ്ങൾ. കണിമംഗലം കോൾപാടശേഖരത്തിന്റെ അവിണിശ്ശേരിയോടു ചേർന്നു കിടക്കുന്നഭാഗം സുപ്രധാനവും, അതേസമയം വേണ്ടത്ര ചൂഷണം ചെയ്യപ്പെടാത്തതുമായ ഒരു ജലസമ്പത്താണ്. ചക്രങ്ങൾ ഉപയോഗിച്ചും, കയറ്റുകൊട്ട, കൈതേക്ക്, തുലാം എന്നിവ ഉപയോഗിച്ചുമാണ് 1970കളിൽ വൈദ്യുതി വ്യാപകമാകുന്നതുവരെ ജലസേചനം നടത്തിയിരുന്നത്. കനാൽ വഴിയുള്ള ജലസേചനം ഈ പ്രദേശത്ത് ഒരു കാലത്തും നിലനിന്നിരുന്നില്ല.

## പറമ്പ് പുരയിട വ്യവസ്ഥ

കേരളത്തിൽ പൊതുവെ കാണപ്പെടുന്ന പറമ്പ്-പുരയിട സമ്പദ്‌വ്യവസ്ഥക്ക് ചുരുങ്ങിയത് ആയിരം വർഷത്തെയെങ്കിലും പഴക്കമുണ്ട്. ക്രി. പതിനാറാം നൂറ്റാണ്ടു മുതൽ കേരളത്തിൽ പറമ്പുകളുടേയും പറമ്പുവിഭവങ്ങളുടേയും വർദ്ധനവുണ്ടായിട്ടുണ്ടെന്ന് ഈ കാലഘട്ടത്തിലെ പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.[15] അതുപോലെത്തന്നെ ക്രി. പതിനാറാം നൂറ്റാണ്ടുമുതൽ കുരുമുളക് പറമ്പുകളിൽ വൻതോതിൽ കൃഷിചെയ്തുവന്നിരുന്നതായി പോർത്തുഗീസ് രേഖകളിലും പ്രതിപാദ്യമുണ്ട്. കേരളത്തിൽ പൊതുവെയുണ്ടായിരുന്ന പറമ്പ് പുരയിടവ്യവസ്ഥയുടെ മാതൃക ഉപയോഗിച്ചു കൊണ്ട് ഈ പ്രദേശത്തെ ആവാസവ്യവസ്ഥയുടെ ഒരു ചിത്രം രൂപപ്പെടുത്തുവാൻ കഴിയും. അതായത്, പെരുമാൾ വാഴ്ചക്കാലത്തെങ്കിലും ഇവിടെ പറമ്പ് പുരയിടവ്യവസ്ഥ ചുരുങ്ങിയ തോതിലെങ്കിലും രൂപംകൊള്ളുകയും, ക്രി. പതിനാറാം നൂറ്റാണ്ടോടുകൂടി ഇതു കൂടുതൽ വ്യാപകമാവുകയും ചെയ്തു എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. പറമ്പുകൾക്കിടയിലും കുറ്റിക്കാടുകൾ ഉണ്ടായിരുന്നുവെന്ന് കേരളത്തിലെ പല സ്ഥലനാമങ്ങളും വ്യക്തമാക്കുന്നുണ്ട്. പെരിഞ്ചേരിയിലുള്ള പുല്ലാനിക്കാട് എന്ന സ്ഥലനാമം ഈ പ്രക്രിയയേയാണ് സൂചിപ്പിക്കുന്നതെന്ന് കരുതാം.

പുരയിടങ്ങൾ കുറവും വെറും പറമ്പുകൾ വളരെയധികവുമുള്ള ഒരു ആവാസവ്യവസ്ഥിതിയാണ് ഇവിടെയുണ്ടായിരുന്നത്. പുരയിടങ്ങൾ ഉള്ള പറമ്പുകളിൽപ്പോലും ധാരാളം ഭൂമി കന്നുകാലികൾക്ക് മേയുന്നതിനും കുറ്റിക്കാടുകൾ വളരുന്നതിനുമുള്ള

15. *രാഘവവാരിയർ, പുറം – 23–32*

ഇടവുമായി മാറ്റിവെച്ചിരുന്നു. പാടത്തെ കൃഷിക്കുള്ള പച്ചിലവളം ലഭിച്ചിരുന്നത് പ്രസ്തുത കുറ്റിക്കാടുകളിൽ നിന്നാണ്. കന്നുകാലികളുടെ വിസർജ്ജ്യം ജൈവവള മായി ഉപയോഗിച്ചുവന്നു. തെങ്ങ്, കുരുമുളക്, കമുക് മുതലായ നാണ്യവിളകൾക്കു പുറമെ വിവിധതരം പച്ചക്കറികളും, കിഴങ്ങുകളും ചുരുങ്ങിയ തോതിൽ നെൽകൃ ഷിയും പറമ്പുകളിൽ നടത്തിയിരുന്നു.[16]

കുംഭമാസത്തിലാണ് തെങ്ങിൻതൈ വെക്കുന്നത്. ഇതേ മാസത്തിൽ തന്നെ കാവത്തും, ചേനയും നടുന്നു. മേടത്തിൽ ചെറുകിഴങ്ങ്, കൊള്ളി (കപ്പ), കൂർക്ക എന്നിവയും കൃഷി ചെയ്യുന്നു. പറമ്പുകളിൽ നെല്ല് വിതച്ചിരുന്നതും മേടത്തിൽത ന്നെയാണ്. 'മോടൻ' വിത്താണ് പറമ്പുകളിൽ ഉപയോഗിക്കാറുള്ളത്. ക്ഷാമകാലത്ത് അരിഭക്ഷണത്തിനു പകരമായി ഉപയോഗിക്കാറുള്ള കഞ്ഞിപ്പുല്ല് നടുന്നത് എടവമാ സത്തിലാണ്. മഞ്ഞൾ, ഇഞ്ചി എന്നിവയും ഇതേമാസത്തിൽ കൃഷിചെയ്യുന്നു. കാർത്തിക ഞാറ്റുവേലയിൽ വിതയ്ക്കുന്ന ചാമ കർക്കിടകമാകുമ്പോൾ വിളയെടുക്കാ റാകുന്നു. മിഥുനമാസത്തിൽ രോഹിണി ഞാറ്റുവേലയിലാണ് പയർ കുത്തുന്നത്. എള്ള് വിതയ്ക്കുന്നത് മിഥുനമാസത്തിലാണ്; മുതിര കന്നിയിലും. കന്നിമാസത്തിൽ തന്നേയാണ് കവുങ്ങ് വെക്കുന്നതും.[17]

ഇതിനുപുറമെ വെണ്ട, വഴുതന, കയ്പ, കുമ്പളം, മത്തൻ തുടങ്ങിയ പച്ചക്ക റികൾ മകരമാസത്തിൽ ജലസേചനസൗകര്യമുള്ള പറമ്പുകളിൽ കൃഷി ചെയ്യാറുണ്ട്. പാളയൻകോടൻ, പൂവ്വൻ, വല്ല്യപട്ടര്, ചിങ്ങൻ, കൊടപ്പനില്ലാക്കുന്നൻ, കുഴിനേന്ത്രൻ, ചെട്ടി, നേന്ത്രൻ, വിവിധയിനം കദളി എന്നീ വാഴകളും നൂറ്റാണ്ടുകളായി ഈ പ്രദേ ശത്തെ പറമ്പുകളിൽ കൃഷി ചെയ്തുവരുന്നു. പുതിയ ഇനങ്ങളായ റോബസ്റ്റ, അമൃ തപാനി എന്നിവയും അടുത്തകാലത്തായി രംഗപ്രവേശം ചെയ്തിട്ടുണ്ട്. 1960കളിലും 70കളിലുമായി വൈദ്യുത മോട്ടോർപമ്പുസെറ്റുകൾ വരുന്നതുവരെ കാളത്തേക്കും, തുലാ ത്തേക്കുമായിരുന്നു പ്രധാന ജലസേചനോപാധി.

പ്ലാവ്, മാവ്, മരോട്ടി, കൊടപ്പന, കരിമ്പന, കോൽപ്പുള്ളി, കൊടപ്പുളി, നെല്ലി, പേര, കാഞ്ഞിരം തുടങ്ങിയ പലയിനം മരങ്ങൾ ഈ പ്രദേശത്തെ പറമ്പുകളിൽ വ്യാപ കമായി കാണപ്പെട്ടിരുന്നു. പോർത്തുഗീസ് കാലഘട്ടത്തിൽ (16–ാം നൂറ്റാണ്ട്) കശു മാവും പ്രത്യക്ഷപ്പെട്ടു. മരോട്ടി എണ്ണയും ഓട എണ്ണയുമാണ് വീടുകളിൽ വിളക്ക് കത്തിക്കുന്നതിനായി ഉപയോഗിച്ചിരുന്നത്. 19–ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മണ്ണെ ണ്ണയും 1960കളിൽ വൈദ്യുതിയും ഉപയോഗത്തിൽ വരുന്നതുവരെ കൊട്ടെണ്ണ വ്യാപ കമായി ഉപയോഗിച്ചു വന്നിരുന്നതായി കാണാം. മേൽപ്പുര മേയുന്നതിന് കൊടപ്പന യോലയും കരി(കലപ്പ)യുണ്ടാക്കുന്നതിന് കാഞ്ഞിരവുമാണ് ഉപയോഗിച്ചിരുന്നത്.

ഇന്ന് പറമ്പുകളിൽനിന്നും കുറ്റിക്കാടുകൾ അപ്രത്യക്ഷമായിക്കഴിഞ്ഞു. മാവ്, പ്ലാവ്, മരോട്ടി, പന തുടങ്ങിയ മരങ്ങൾ വൻതോതിൽ മുറിച്ചുമാറ്റപ്പെട്ടിട്ടുണ്ട്. 1960ക ളിൽ അടയ്ക്കക്ക് വിലയിടിവുണ്ടായപ്പോൾ കവുങ്ങുകൾ വെട്ടിനീക്കി തൽസ്ഥാനത്ത് തെങ്ങുകൾ വച്ചുപിടിപ്പിക്കാൻ തുടങ്ങി. ഇന്ന് തെങ്ങുകൃഷി പ്രതിസന്ധി നേരിടു മ്പോൾ അടയ്ക്കകൃഷി വീണ്ടും ആദായകരമായിത്തീർന്നിട്ടുണ്ട്. കുറ്റിക്കാടുകളും വലിയ

16. *ഫീൽഡ് സർവ്വേ ഫയൽ. 1,4,6*
17. *തുമ്പയിൽ കുട്ടപ്പൻ, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എന്നിവരുമായുള്ള അഭിമുഖത്തിൽനിന്ന്*

മരങ്ങളും അപ്രത്യക്ഷമാകാൻ തുടങ്ങിയതോടെ പലതരം പക്ഷികളും മറ്റു ജീവജാലങ്ങളും ഇന്ന് അത്യപൂർവ്വമായ കാഴ്ചയായി മാറിക്കഴിഞ്ഞിട്ടുണ്ട്. നാടൻ പൂക്കളും ഔഷധസസ്യങ്ങളും വിരളമായിത്തീർന്നിരിക്കുന്നു.

മണ്ണുകൊണ്ടും, വെട്ടുകല്ലുകൊണ്ടും ചുമർതീർത്ത്, തെങ്ങോല, പനയോല, വൈക്കോൽ എന്നിവകൊണ്ട് മേൽപ്പുര മേഞ്ഞതുമായ ചെറിയ വീടുകളാണ് പണ്ട് ഇവിടെ ഉണ്ടായിരുന്നത്. ഓടിട്ട വീടുകൾ ഇരുപതാംനൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിൽപോലും അപൂർവ്വമായിരുന്നു. വീടുകൾ തമ്മിലുള്ള അകലവും വളരെ കൂടുതലായിരുന്നു. ഇന്ന് ഈ സ്ഥിതിക്ക് പ്രകടമായ മാറ്റം സംഭവിച്ചുകഴിഞ്ഞു. ജനസംഖ്യവർദ്ധനവും കുടുംബഘടനയിൽ വന്ന പരിണാമവുംമൂലം വീടുകളുടെ എണ്ണം അവിശ്വസനീയമാം വിധത്തിൽ വർദ്ധിച്ചിട്ടുണ്ട്. 5195 വീടുകളാണ് ഇപ്പോൾ ഈ പ്രദേശത്തുള്ളത്.[18] വീടുകൾ പെരുകിയതുമൂലം പുറം പറമ്പുകളുടെ എണ്ണവും വ്യാപ്തിയും കുറഞ്ഞു. കൂടാതെ, നമ്മുടെ കാലാവസ്ഥക്കു യോജിച്ചതും, പ്രാചീന തച്ചുശാസ്ത്രവിധിപ്രകാരം പണികഴിച്ചതുമായ വീടുകൾ പലതും ഇന്ന് കോൺക്രീറ്റിന് വഴിമാറിക്കൊടുത്തുകഴിഞ്ഞു.

പറമ്പ് പുരയിട വ്യവസ്ഥയുടെ ആവിർഭാവത്തോടുകൂടി തൊഴിലുകൾ പാരമ്പര്യവഴിക്കാവുകയും, ഓരോയിടത്തുമുള്ള തൊഴിലുകൾ പരമ്പരാവകാശമാവുകയും ചെയ്യുന്നതായി ക്രി. പതിനാറാം നൂറ്റാണ്ടിലെ വഞ്ഞേരി രേഖകളിൽ കാണാം. ഈ കാലത്ത് കേരളത്തിൽ പൊതുവെ ഇതായിരുന്നു സ്ഥിതി. അതുകൊണ്ടുതന്നെ ഈ പ്രദേശത്തെ അവസ്ഥയും ഇതിൽനിന്നും ഭിന്നമാകാനിടയില്ല. തെങ്ങുകയറ്റത്തിന് ഈഴവനും, ഇരുമ്പുപണിക്ക് കൊല്ലനും, ചെമ്പുപണിക്ക് ചെമ്പോട്ടിയും, ഓട്ടുലോഹനിർമ്മാണത്തിന് മൂശാരിയും ഈ പ്രദേശത്ത് പണ്ടേ സ്ഥാനം പിടിച്ചിരുന്നു. പക്ഷെ, ആധുനികവൽക്കരണത്തിന്റെ ഭാഗമായി പാരമ്പര്യവഴിക്കുള്ള തൊഴിലുകളും പരമ്പരാവകാശവുമെല്ലാം ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു.

കേരളത്തിൽ ക്രി. പതിമൂന്നാം നൂറ്റാണ്ടുമുതൽ പണം വ്യാപകമായി ഉപയോഗിച്ചുതുടങ്ങിയതായി പ്രമാണങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. പല തരത്തിലുള്ള നാണയങ്ങളെക്കുറിച്ച് ഈ കാലഘട്ടത്തിലെ ലിഖിതങ്ങൾ പരാമർശിക്കുന്നുണ്ടെങ്കിലും, വള്ളുവനാട് കൊച്ചി പ്രദേശത്ത് ക്രി. പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ പ്രചാരത്തിലുണ്ടായിരുന്ന നാണയം 'പണ'മായിരുന്നുവെന്ന് ചരിത്രകാരനായ രാഘവവാരിയർ അഭിപ്രായപ്പെടുന്നു.[19] അതുകൊണ്ട് ഈ പ്രദേശത്തും ആദ്യമായി പ്രചാരത്തിലുണ്ടായിരുന്ന നാണയം 'പണ'മാണെന്നുള്ളതിന് തർക്കമില്ല.

## വ്യാപാരം, ഗതാഗതം

വ്യാപാരത്തിനായി ഇവിടെയുണ്ടായിരുന്നത് മിച്ചധാന്യങ്ങളും, നാളികേരം, കുരുമുളക്, അടയ്ക്ക തുടങ്ങിയ നാണ്യവിളകളുമാണ്. 10 കിലോമീറ്റർ ദൂരെയുള്ള തൃശൂർ നഗരമായിരുന്നു പ്രാഥമിക മാർക്കറ്റ്. തമിഴ്നാട്ടിലെ കോയമ്പത്തൂരിനേയും തെക്കൻ കേരളത്തേയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന പൗരാണിക വ്യാപാരമാർഗ്ഗമായിരുന്ന മണ്ണുത്തി

*18. പഞ്ചായത്ത്ഓഫീസ് രേഖപ്രകാരമുള്ള കണക്ക്*

*19. രാഘവവാരിയർ, പുറം 47*

കരൂപ്പടന്ന റോഡ് അവിണിശ്ശേരി, പെരിഞ്ചേരി പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്. കാളവണ്ടികളിലും, കുതിരവണ്ടികളിലുമായി ഈ പാതയിലൂടെ കരൂപ്പടന്നയിലെത്തിയിരുന്ന സാമഗ്രികൾ അവിടെനിന്ന് ജലമാർഗ്ഗം തിരുവിതാംകൂറിലേയ്ക്കും, തുടർന്ന് കന്യാകുമാരിയിലേയ്ക്കും കൊണ്ടുപോകാൻ എളുപ്പമായിരുന്നു. ഈ പ്രദേശത്തെ കാർഷിക–നാണ്യവിളകൾ വിറ്റഴിക്കുന്നതിൽ പ്രസ്തുത വ്യാപാരമാർഗ്ഗം നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. ചുരുങ്ങിയപക്ഷം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലെങ്കിലും ഇവിടത്തുകാർ കൊളോണിയൽ മാർക്കറ്റിലെ ഉൽപ്പന്നങ്ങൾ വാങ്ങിതുടങ്ങിയിരുന്നുവെന്ന് നിസ്സംശയം പറയാം. 1930കളിൽ ജപ്പാനിൽ നിർമ്മിക്കപ്പെട്ട ക്ലോക്കുകൾ ഈ പ്രദേശത്തെ ചില തറവാടുകളിൽ ഇപ്പോഴും കാണാം.[20]

നേരത്തെ സൂചിപ്പിച്ച മണ്ണുത്തി–കരൂപ്പടന്ന റോഡിൽ ആനക്കല്ല് സെന്ററിനടുത്ത് ഒരു വഴിയമ്പലമുണ്ടായിരുന്നു. കൊല്ലവർഷം 1082ൽ മേലെ മുല്ലനേഴി മനക്കലെ നീലകണ്ഠൻ അടിതിരിപ്പാടാണ് പ്രസ്തുത വഴിയമ്പലം സ്ഥാപിച്ചത്. ഒരു ചെറിയ മുറിയും പൂമുഖവുമാണ് വഴിയമ്പലത്തിനുണ്ടായിരുന്നത്. ഇതിനു പിന്നിലായി ഒരു കുളവും കന്നുകാലികൾക്ക് വെള്ളം നൽകുന്നതിനായി വലിയ തൊട്ടിയുമുണ്ടായിരുന്നു. ശിവരാത്രി മുതൽ എടവപ്പാതിവരെ കാലത്ത് പത്തുമണി മുതൽ വൈകീട്ട് അഞ്ചു മണിവരെ എല്ലാ ദിവസവും പതിവായി സംഭാരവും പച്ചവെള്ളവും സൗജന്യമായി ഈ സ്ഥാപനത്തിൽനിന്നും കൊടുക്കാറുണ്ട്.[21] മോട്ടോർ വാഹനങ്ങളുടെ ആഗമനവും ആധുനികത കൊണ്ടുവന്ന പുത്തൻ ജീവിതചര്യകളും വഴിയമ്പലത്തിന്റെ പ്രസക്തി ഇല്ലാതാക്കുകയും 1960കളിൽ ഇതിന്റെ പ്രവർത്തനം നില്ക്കുകയും ചെയ്തു.

ഗതാഗതരീതിയും റോഡുകളും ഏറെക്കുറെ മാറ്റങ്ങൾക്ക് വിധേയമായിത്തീർന്നിട്ടുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് യാത്രക്കുപയോഗിച്ചിരുന്നത് കാളവണ്ടികളും കുതിരവണ്ടികളുമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ ഒല്ലൂർ റെയിൽവേ സ്റ്റേഷൻമുതൽ ആനക്കല്ല് വരെ കുതിരവണ്ടികൾ ഓടിയിരുന്നതായി ഫീൽഡ് സർവ്വേ റിപ്പോർട്ടുകളിൽ കാണുന്നു. ഈ പ്രദേശത്ത് ആദ്യമായി സൈക്കിൾ ഉപയോഗിച്ചിരുന്നവർ 1930കളിൽ വള്ളൂപ്പാറ ലാസർമാസ്റ്ററും, സി.പി. കൃഷ്ണൻമാസ്റ്ററും, കോൺട്രാക്ടർ കളപ്പുര ശങ്കരനെഴുത്തച്ഛനുമാണ്. ആദ്യമായി മോട്ടോർ സൈക്കിൾ ഉപയോഗിച്ചതും കളപ്പുര ശങ്കരനെഴുത്തച്ഛൻതന്നെ. 1940 കളിൽ തൃശ്ശൂർ മുതൽ അമ്മാടം വരെ ഓടിയിരുന്ന 'പുളിക്കൻ മോട്ടോഴ്സ്' ആണ് ആദ്യമായി ഈ പ്രദേശത്തുകൂടെ സർവ്വീസ് നടത്തിയ ബസ്സ്. കരി ഉപയോഗിച്ചാണ് പ്രസ്തുത ബസ്സ് ഓടിച്ചിരുന്നത്.[22]

പുഴകളൊന്നുമില്ലെങ്കിൽ തന്നെയും ജലഗതാഗതം ഒരു കാലത്ത് ഇവിടെ നിലനിന്നിരുന്നതായി കാണാം. അവിണിശ്ശേരി പഞ്ചായത്തതിർത്തിയിൽപ്പെട്ട കണിമംഗലം കോൾപാടശേഖരത്തിലെ കനാൽ വഴി വഞ്ചികളിൽ ചകിരിയും, ഓടും മറ്റു ഉല്പന്നങ്ങളും ദൂരസ്ഥലങ്ങളിലേക്ക് അയച്ചിരുന്നതായി പഴമക്കാർ ഓർക്കുന്നു. അതുപോലെ തന്നെ, ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ റോഡുഗതാഗതം വ്യാപകവും സുഗമവുമായിത്തീരുന്നതുവരെ കരാഞ്ചിറ ഭാഗത്തുനിന്നും ഒല്ലൂർ പള്ളിയിലേക്ക് ആരാ

*20 ഫീൽഡ് സർവ്വെ റിപ്പോർട്ട്*

*21. മുല്ലനേഴി മനക്കലെ എം. എൻ. രാമൻ നമ്പൂതിരിപ്പാടുമായുള്ള അഭിമുഖത്തിൽനിന്ന്*

*22. ഫീൽഡ് സർവ്വെ ഫയർ 1 മുതൽ 6 വരെ*

ധനക്കായി ആളുകൾ പതിവായി വന്നുപൊയ്ക്കൊണ്ടിരുന്നതായും സർവ്വേറിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ജലഗതാഗതത്തിന്റെ അപാരസാദ്ധ്യതകൾ കണക്കിലെടുത്തുകൊണ്ട് 1960 ൽ അവണിശ്ശേരിയിൽ (കണിമംഗലം പാടാതിർത്തിയിൽ) ഒരു ബോട്ടു ജെട്ടിയും സംഭരണശാലയും നിർമ്മിക്കുകയുണ്ടായി. അവിണിശ്ശേരിയിൽനിന്നും കരാഞ്ചിറയിലേക്കും, അവിടെനിന്ന് കനോലികനാൽ വഴി തെക്ക് കൊല്ലംവരേയും വടക്ക് പൊന്നാനിവരേയും വള്ളങ്ങളിൽ വ്യാപാര സാമഗ്രികൾ എത്തിക്കുകയായിരുന്നു ബോട്ടുജെട്ടിയുടെ സ്ഥാപനോദ്ദേശ്യം. പക്ഷെ, കണിമംഗലം പാലത്തിന്റെ ഉയരം വർദ്ധിപ്പിക്കുവാൻ കഴിയാതെ വന്നതുകൊണ്ടും, ആധുനിക റോഡ് ട്രാൻസ്പോർട്ട് സംവിധാനം വ്യാപകവും സുലഭവുമായിത്തീർന്നതുകൊണ്ടും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. തന്മൂലം ബോട്ടുജെട്ടി ഇന്ന് ഒരു നോക്കുകുത്തിയായി നിലകൊള്ളുന്നു.

## ഖാദിപ്രസ്ഥാനം

കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, വി.ആർ.കൃഷ്ണനെഴുത്തച്ഛൻ, ഇ.ഇക്കണ്ടവാരിയർ, ആർ. കൃഷ്ണയ്യർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊച്ചി വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ അവിണിശ്ശേരിയിൽ പ്രവർത്തനമാരംഭിക്കുന്നത് 1937ലാണ്. 1941ൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ അഖിലേന്ത്യാ ചർക്കാസംഘം കേരളശാഖ ഏറ്റെടുത്തു. ഏതാണ്ട് അഞ്ചുവർഷം തികയുന്നതിനു മുൻപുതന്നെ ഈ സ്ഥാപനത്തിന്റെ വളർച്ച മന്ദീഭവിക്കാൻ തുടങ്ങിയിരുന്നു. ഈ സന്ദർഭത്തിൽ ഖാദിയുടെ വികേന്ദ്രീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ചകൾ നടന്നുകൊണ്ടിരുന്നു. 1945 അവസാനത്തിൽ ചർക്കാസംഘം സെക്രട്ടറി ശ്രീകൃഷ്ണദാസ് ജാജ്ജൂജി (Jajuji) കേരളം സന്ദർശിക്കുകയും ഖാദി വികേന്ദ്രീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു.[23] ഇതിനെതുടർന്ന് 1946 ൽ അഖില കൊച്ചി ഖാദി ട്രസ്റ്റ് (All Kochi Khadi Trust) രൂപീകൃതമായി. പ്രസ്തുത ട്രസ്റ്റിന്റെ പ്രസിഡണ്ട് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടും സെക്രട്ടറി കെ.എൻ. നമ്പീശനും ഖജാൻജി കെ.പി. മാധവൻ നായരുമായിരുന്നു. ആർ.കൃഷ്ണയ്യർ, ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാട്, മാടമ്പ് നാരായണൻ നമ്പൂതിരി, വി.ആർ. കൃഷ്ണനെഴുത്തച്ഛൻ, ഇ.ഇക്കണ്ടവാരിയർ തുടങ്ങിയവർ ട്രസ്റ്റിന്റെ മുഖ്യ അംഗങ്ങളായിരുന്നു.[24] പ്രസ്തുത ട്രസ്റ്റിന്റെ ഭരണഘടനാപരമായ പരിമിതികൾ മൂലം അഖിലേന്ത്യ ഗ്രാമവ്യവസായ ബോർഡിന്റെ (പിൽക്കാല ഖാദികമ്മീഷൻ) ധനസഹായം ലഭിക്കുവാൻ പ്രയാസമായിത്തീർന്നു. ഈ പ്രയാസം തരണം ചെയ്യുന്നതിനായി ഖാദിട്രസ്റ്റിൽ ഉണ്ടായിരുന്ന ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് 1955 ൽ കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ ധർമ്മസ്ഥാപന നിയമമനുസരിച്ച് അവിണിശ്ശേരി ആസ്ഥാനമായി രജിസ്റ്റർ ചെയ്തു.[25]

ഖാദിപ്രസ്ഥാനത്തിന്റെ രൂപീകരണത്തിൽ വി.ആർ. കൃഷ്ണനെഴുത്തച്ഛൻ, ഇ. ഇക്കണ്ടവാരിയർ എന്നിവർക്കുപുറമെ എ. എൻ. രാമകൃഷ്ണനും നിസ്തുലസേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1942 ൽ മണപ്പുറം സ്പിന്നേഴ്സ് ആൻഡ് വീവേഴ്സ് അസോസി

*23. എ.എൻ. രാമകൃഷ്ണൻ, പരുക്കൻ ഖാദി, മിനുത്ത ഓർമ്മകൾ, പ്രജാമണ്ഡലം സ്മരണകൾ*
*24. എ. എൻ. രാമകൃഷ്ണൻ, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എന്നിവരിൽ നിന്ന് ലഭിച്ച വിവരങ്ങൾ.*
*25. അഖില കൊച്ചി ഖാദി ട്രസ്റ്റിന്റെ ആധാരം, കൊല്ലവർഷം 1125ലെ പ്രവർത്തന റിപ്പോർട്ട്.*

അവിണിശ്ശേരി ഖാദി കേന്ദ്രത്തിന്റെ ആദ്യകാല ശില്പികൾ



വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ



ശങ്കർജി



എ. എൻ. രാമകൃഷ്ണൻ

യേഷന്റെ മാനേജരായി പ്രവർത്തനമാരംഭിച്ച രാമകൃഷ്ണൻ 1945 ൽ അഖിലേന്ത്യ ചർക്കാസംഘം കേരളശാഖയുടെ കോഴിക്കോട് പ്രവിശ്യാമാനേജരായി. 1946 ൽ പ്രസ്തുത ജോലി രാജിവെച്ചതിനുശേഷം അഖില കൊച്ചി ഖാദിട്രസ്റ്റിന്റെ സെക്രട്ടറിയായി 1947 മുതൽ 1952 വരെ സേവനമനുഷ്ഠിച്ചു. 1957 മതുൽ 1962 വരെ കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷന്റെ മാനേജരായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. മുകളിൽ പരാമർശിച്ച സ്ഥാപനങ്ങൾക്കു പുറമെ ചേർപ്പ് ഖാദി സൊസൈറ്റി (1964–70), ചെങ്ങാലൂർ ഖാദി സഹകരണസംഘം (1974–1980) തുടങ്ങിയ സ്ഥാപനങ്ങൾക്കും അദ്ദേഹം മാതൃകാപരമായ നേതൃത്വം കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പത്നി ഇ.ഐ. നാനിക്കുട്ടി അമ്മ തൃശ്ശൂർ ഖാദിവസ്ത്രാലയത്തിൽ മാനേജരായി ഔദ്യോഗിക ജീവിതം ആരംഭിക്കുകയും സർവ്വീസിൽ നിന്നും പിരിയുന്നതുവരെ അർപ്പണബോധത്തോടുകൂടി സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

അവിണിശ്ശേരി ഖാദി കേന്ദ്രത്തിലെ ആദ്യപ്രവർത്തകൻ മായന്നൂർക്കാരനായ കെ. ശങ്കർജിയാണ്. ഗാന്ധിജിയോടൊപ്പം ചരിത്രപ്രസിദ്ധമായ ദണ്ഡിയാത്രയിൽ പങ്കെടുത്ത 78 സന്നദ്ധഭടന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഖാദിയിൽ അദ്ദേഹത്തിന്റെ സഹായിയായി പ്രവർത്തിച്ചത് പെരിഞ്ചേരിയിലെ ടി.കെ. ഗോപാലനെഴുത്തച്ഛനാണ്. ഈ പ്രദേശത്തുകാരനായ ടി.എൻ. രാമനെഴുത്തച്ഛനും ആദ്യകാല സജീവപ്രവർത്തകരിൽ ഒരാളായിരുന്നു. അവിണിശ്ശേരി ഖാദി കേന്ദ്രം സന്ദർശിച്ച ദേശീയ നേതാക്കളിൽ പ്രമുഖർ ആചാര്യ കൃപലാനി, ശങ്കർറാവുദേവ്, യു.എൻ. ദേബാർ, ഇന്ദിരാഗാന്ധി എന്നിവരാണ്.[26]

ഖാദി അസോസിയേഷൻ ഇന്ന് യന്ത്രവൽക്കരണത്തിന്റെ പാതയിലാണ്. 1300 നൂല്പ്പുകാരുള്ള 34 നൂല്പു കേന്ദ്രങ്ങളും 600 നെയ്ത്തുകാരുള്ള 20 നെയ്ത്തു കേന്ദ്രങ്ങളും ഗ്രാമോദ്യോഗഭവന്റെ 14 വിൽപന കേന്ദ്രങ്ങളും ഈ സ്ഥാപനത്തിനുണ്ട്. 140 സ്റ്റാഫ് അംഗങ്ങളും 110 മറ്റു ജോലിക്കാരുമുള്ള കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷന്റെ ഇപ്പോഴത്തെ ആസ്തി 15.31 കോടി രൂപയാണ്. ഖാദി അസ്സോസിയേഷന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് സി.എൻ. ബാലകൃഷ്ണനാണ്. ഖാദി പ്രസ്ഥാനവും മറ്റു നിർമ്മാണ പ്രവർത്തനങ്ങളും അവിണിശ്ശേരിക്ക് കേരളത്തിലെ വാർദ്ധ എന്ന പേര് നേടിക്കൊടുക്കുകയുണ്ടായി.



*26. എ. എൻ. രാമകൃഷ്ണൻ, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എന്നിവരുമായുള്ള അഭിമുഖത്തിൽനിന്ന്*

## മറ്റു വ്യവസായങ്ങൾ

1998–99 ലെ പദ്ധതിരേഖയനുസരിച്ച് (അവിണിശ്ശേരി പഞ്ചായത്ത്) ഈ പ്രദേശത്ത് 535 വ്യവസായ സ്ഥാപനങ്ങളുള്ളതായിട്ടാണ് കാണുന്നത്. മൊത്തം 4417 പേർക്ക് ഈ സ്ഥാപനങ്ങൾ തൊഴിൽ നൽകുന്നുണ്ട്. ഒല്ലൂർ കേന്ദ്രമായുള്ള പായ്ക്കിങ്ങ് കേസ് (Packing Case) മേഖലയിൽപ്പെടുന്ന ഈ പ്രദേശത്ത് ഇത്തരത്തിലുള്ള 165 ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. 700 പേർക്ക് പ്രത്യക്ഷമായും 700 പേർക്ക് പരോക്ഷമായും ഇവ തൊഴിൽ നൽകുന്നു. ഏതാണ്ട് 60 വർഷത്തെ പഴക്കമാണ് ഈ പ്രദേശത്തെ ഓടു വ്യവസായത്തിനുള്ളത്. അഞ്ച് വലിയ ഓട്ടുകമ്പനികളും അഞ്ച് ചെറിയ ഡെക്കറേഷൻ ഓട് നിർമ്മാണ യൂണിറ്റുകളുമാണ് ഇവിടെയുള്ളത്. തൊണ്ണൂറ് ശതമാനവും സ്ത്രീകളാണ് ഓട്ടുകമ്പനികളിൽ ജോലിയെടുക്കുന്നത്. ഈയടുത്ത കാലത്തായി ആഭരണ നിർമ്മാണം ഒരു പ്രധാന വ്യവസായമായിത്തീർന്നിട്ടുണ്ട്. ഏകദേശം 300 ആഭരണ നിർമ്മാണയൂണിറ്റുകളിലായി 1500 പേർ ജോലിയെടുക്കുന്നുണ്ട്. ഇതിനുപുറമെ 7 ഹോളൊബ്ലോക്ക് (Hollow Block) നിർമ്മാണയൂണിറ്റുകളും 5 പ്ളാസ്റ്റിക്ക് നിർമ്മാണ യൂണിറ്റുകളും, 5 ഫർണീച്ചർ നിർമ്മാണശാലകളും 5 സ്വിച്ച്ബോർഡ് നിർമ്മാണ യൂണിറ്റുകളും, 5 നാളികേര സംസ്കരണ യൂണിറ്റുകളും ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. പന്ത്രണ്ടോളം ചെറുകിട എൻജിനിയറിങ്ങ് യൂണിറ്റുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിലുള്ള രണ്ട് അച്ചടി യൂണിറ്റുകൾക്കു പുറമെ സഹകരണ മേഖലയിൽ വനിതകൾക്കായി ഒരു പ്രസ്സും ഇവിടെയുണ്ട്. നിലവിലുള്ള മൊത്തം 64 കച്ചവടസ്ഥാപനങ്ങളിലായി 150 പേർ ജോലി എടുക്കുന്നു.[27]

## പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്ക് (ക്ളിപ്തം)

ഈ പ്രദേശത്തെ ഒരേയൊരു കമേഴ്സ്യൽ ബാങ്ക് കൊല്ലവർഷം 1097 ൽ (ക്രി.1922) സ്ഥാപിതമായ പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്ക് (ക്ലിപ്തം) ആണ്. ഓഹരി ഒന്നിന് പത്തു രൂപാവീതം രണ്ടായിരം ഓഹരികളോടു കൂടി– 20,000 രൂപ മൂലധനത്തോടുകൂടി–തുടങ്ങിയ ഈ ബാങ്ക് 1949 ൽ സ്വയം ലിക്വിഡേറ്റു ചെയ്തുപോകുന്നതുവരെ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചു വന്ന ഒരു ധനകാര്യ സ്ഥാപനമായിരുന്നു. അംഗങ്ങൾക്ക് ജാമ്യത്തിന്റേയൊ സ്വത്തുപണയത്തിന്റേയൊ അടിസ്ഥാനത്തിൽ വായ്പ നൽകൽ; സ്വർണ്ണം, വെള്ളി മുതലായവ പണയമായി സ്വീകരിക്കൽ; ബില്ലുകൾ, ഗവൺമെന്റ് ഷെയറുകൾ മുതലായവ മാറ്റിക്കൊടുക്കൽ; സേവിംഗ് ഡെപ്പോസിറ്റ്, പ്രൊവിഡണ്ട് ഡെപ്പോസിറ്റ് എന്നിവ സ്വീകരിക്കൽ; കച്ചവടം, കൃഷി, കൈത്തൊഴിലുകൾ എന്നിവക്ക് പ്രോത്സാഹനം നൽകൽ എന്നിവയായിരുന്നു ബാങ്കിന്റെ ലക്ഷ്യങ്ങൾ. ബാങ്ക് പതിവായി കുറി നടത്തുകയും ചെയ്തിരുന്നു. എഴുത്തച്ഛൻ സമുദായക്കാർക്കു മാത്രമെ പ്രസ്തുത ബാങ്കിൽ അംഗത്വമുണ്ടായിരുന്നുള്ളു. രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷുകാർ സ്വരൂപിച്ചിരുന്ന യുദ്ധഫണ്ടിലേയ്ക്ക് ഈ ബാങ്ക് കടം നൽകിയതായി രേഖകളിൽ കാണുന്നു. എഴുത്തച്ഛൻ ബാങ്കിന്റെ സ്ഥാപക മാനേജിംഗ് ഡയറക്ടർ എം. കെ. കുഞ്ചുഎഴുത്തച്ഛനും മാനേജർ പാറപ്പുറത്ത് നാരായണനെഴുത്തച്ഛനുമായിരുന്നു. എം. ജി. രാമനെഴുത്തച്ഛനായിരുന്നു ബാങ്കിന്റെ പിൽക്കാല മാനേജർ. ഡയറക്ടർ ബോർഡിലുണ്ടായിരുന്ന അംഗങ്ങൾ തമ്മിലുള്ള രൂക്ഷമായ

27. ഒമ്പതാം പദ്ധതി രേഖ, അവിണിശ്ശേരി പഞ്ചായത്ത്

അഭിപ്രായ വ്യത്യാസം മൂലമാണ് നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ബാങ്ക് ലിക്വിഡേറ്റ് ചെയ്യാൻ സ്വമേധയാ തീരുമാനം കൈക്കൊണ്ടത്. പിരിച്ചുവിട്ടപ്പോൾ അംഗങ്ങൾക്ക് ഓഹരി സംഖ്യയും ഡിവിഡണ്ടും നൽകിയതായി രേഖകളിൽ കാണുന്നു. പിരിച്ചുവിടപ്പെട്ട പ്രസ്തുത ബാങ്കിന്റെ ഷെയറുകൾ ഉപയോഗിച്ചാണ് അവിണിശ്ശേരിയിൽ അഖില കൊച്ചിൻ കർഷക പ്രസിദ്ധീകരണ സഹകരണസംഘം 1949ൽ സ്ഥാപിച്ചത്. ഇതിന്റെ കീഴിൽ പ്രവർത്തിച്ചുവന്ന ഒരു സ്ഥാപനമാണ് മഹാത്മ പ്രസ്സ്.[28]

## സഹകരണമേഖല

സഹകരണരംഗത്ത് അഭിമാനാർഹമായ നേട്ടം കൈവരിച്ച പ്രദേശമാണ് അവിണിശ്ശേരി. സഹകരണപ്രസ്ഥാനത്തിന്റെ ആചാര്യനായ വി. ആർ. കൃഷ്ണനെഴുത്തച്ഛന്റെ കാർമ്മികത്വത്തിൽ അവിണിശ്ശേരിയിലും തൃശൂർ ജില്ലയിലുമായി നിരവധി സഹകരണ സ്ഥാപനങ്ങൾ രൂപംകൊണ്ടു. ഈ പ്രദേശത്തെ ആദ്യത്തെ സഹകരണസംരംഭം തൊണ്ണൂറ്റി ആറാം നമ്പർ അവിണിശ്ശേരി പരസ്പരസഹായ സംഘമാണ്. 1933 ആകുമ്പോഴേയ്ക്കും പ്രസ്തുത സംഘം സാമ്പത്തിക പ്രശ്നങ്ങൾ നേരിടുകയും തുടർന്ന് പ്രവർത്തനരഹിതമാവുകയും ചെയ്തു. ഈ സംഘത്തിന്റെ ആസ്തികളെല്ലാം 1939ൽ രൂപീകരിച്ച 400-ാം നമ്പർ അവിണിശ്ശേരി പരസ്പരസഹായ സംഘത്തിനു കൈമാറി.[29] വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, എ. എൻ. രാമകൃഷ്ണനെഴുത്തച്ഛൻ, എം. എൻ. ചേറു, മുത്തിപ്പീടിക പൊറിഞ്ചു, കോലോത്ത് വളപ്പിൽ തെയ്യക്കുട്ടി, അവിനാശി കൃഷ്ണൻ മുതലി, എൻ. കെ. ഉണ്ണി, ടി. എൻ. കുഞ്ചു എഴുത്തച്ഛൻ, സുബ്രമണ്യൻ മുതലി, രാമൻ മുതലി എന്നീ പത്തുപേർ ചേർന്നാണ് കൊല്ലവർഷം 1114 എടവം 30ന് പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം തുടങ്ങുവാൻ തീരുമാനിച്ചത്. ഈ സംഘത്തിന്റെ പ്രഥമ പ്രസിഡണ്ട് വി. കെ. കുഞ്ഞിറ്റി എഴുത്തച്ഛനും പ്രഥമ സെക്രട്ടറി വി. ആർ. കൃഷ്ണനെഴുത്തച്ഛനുമായിരുന്നു.[30] വളർച്ചയുടെ നിരവധി പടവുകൾ കയറിയ ഈ സംഘം ഇന്ന് അവിണിശ്ശേരി സഹകരണബാങ്ക് എന്ന പേരിൽ അറിയപ്പെടുന്നു. 8500 അംഗങ്ങളുള്ള ഈ ബാങ്കിന് 23,51,060 രൂപ മൂലധനമുണ്ട്. ഏഴരകോടി രൂപ പ്രവർത്തനമൂലധനവും, ഏഴുകോടി രൂപ നിക്ഷേപവും അഞ്ചുകോടി രൂപ വായ്പയുമുള്ള ഈ ബാങ്ക് അവിണിശ്ശേരി പഞ്ചായത്തിലെ മികച്ച സഹകരണ സ്ഥാപനമാണ്. ഈ സ്ഥാപനത്തെ കൂടാതെ സഹകരണ രംഗത്ത് പെരിഞ്ചേരി - വള്ളിശ്ശേരി ക്ഷീരവ്യവസായ സഹകരണസംഘം (1976), അവിണിശ്ശേരി ക്ഷീരോൽപ്പാദന സഹകരണ സംഘം (1976), അവിണിശ്ശേരി പവർലൂം വ്യവസായ സഹകരണസംഘം (1978), പാലിശ്ശേരി വനിതാ വ്യവസായ സഹകരണസംഘം (1978), പെരിഞ്ചേരി കിരൺ വ്യവസായ സഹകരണസംഘം (1978), പെരിഞ്ചേരി കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം (1978) എന്നീ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിച്ചുവരുന്നു. ഇവയിൽ, പ്രതികൂല സാഹചര്യങ്ങളാൽ പെരിഞ്ചേരി കിരൺ വ്യവസായ സഹകരണസംഘവും, പെരിഞ്ചേരി കൈത്തറി നെയ്ത്ത്വ്യവസായ സഹകരണസംഘവും താൽക്കാലികമായി പ്രവർത്തനരഹിതമായിട്ടുണ്ട്.

*28. എഴുത്തച്ഛൻബാങ്ക് 1105 ലെ മെമ്മോറാണ്ടം, കൂടാതെ എഴുത്തച്ഛൻ മഹാസമാജം രേഖകൾ*
*29 വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, പുറം 137-38*
*30. 400-ാം നമ്പർ അവിണിശ്ശേരി സർവ്വീസ് ബാങ്ക് രേഖകൾ*

## ജനസംഖ്യ

അവിണിശ്ശേരി പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1991ലെ കാനേഷുമാരി കണക്കനുസരിച്ച് 16715 ആണ്. 7.82 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ പ്രദേശത്തെ ജനസാന്ദ്രത 2137 ആണ്.

| ആകെ ജനസംഖ്യ | | പട്ടികജാതിക്കാർ | |
|---|---|---|---|
| പുരുഷന്മാർ | 8326 | പുരുഷന്മാർ | 622 |
| സ്ത്രീകൾ | 8389 | സ്ത്രീകൾ | 600 |
| ആകെ | 16715 | ആകെ | 1222 |

മുകളിൽ കൊടുത്തിട്ടുള്ള പട്ടികയിൽനിന്നും മൊത്തം ജനസംഖ്യയിൽ സ്ത്രീകൾ ഈ പ്രദേശത്ത് പുരുഷന്മാരേക്കാൾ കൂടുതലാണെന്ന് കാണാം. പക്ഷെ, പട്ടികജാതിക്കാർക്കിടയിൽ പുരുഷന്മാരാണ് കൂടുതലുള്ളത്.[31]

സാക്ഷരതാപ്രസ്ഥാനത്തിന്റെ പ്രകടമായ സ്വാധീനം ഇവിടേയും ദൃശ്യമാണ്. ഇവിടുത്തെ പൊതുസാക്ഷരതാനിരക്ക് 92.61% ആണ്. പുരുഷന്മാരിൽ 95.98% പേരും സ്ത്രീകളിൽ 89.29% പേരും സാക്ഷരരാണ്.

31. *വികസനറിപ്പോർട്ട്, ഒമ്പതാംപദ്ധതി*

# 3

# സമൂഹം

മഹാശിലായുഗത്തിൽ ഇവിടെ വ്യാപകമായിത്തീർന്ന സംസ്കാരം ദൃഢമായ സാമൂഹ്യവിഭജനത്തോടുകൂടിയ ഒന്നായിരുന്നില്ല. എന്നിരുന്നാലും തൊഴിലിന്റെ അടിസ്ഥാനത്തിൽ വളരെ അയവുള്ള വർഗ്ഗരൂപീകരണം ഇവിടെ നിലനിന്നിരിക്കാം. ജാതിസമ്പ്രദായം കേരളത്തിൽ രൂപംകൊള്ളുന്നത്, മറ്റു ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലെന്നപോലെ, ആര്യന്മാരുടെ കുടിയേറ്റത്തോടുകൂടിയാണ്. ക്രി. പത്താം നൂറ്റാണ്ടോടുകൂടി ഇവിടെ ഉയർന്നുവന്ന നമ്പൂതിരി ഗ്രാമസംസ്കൃതിയായാണ് ഇവിടെ ജാതിവ്യവസ്ഥക്ക് ആരംഭം കുറിക്കുന്നത്. നൂറ്റാണ്ടുകൾ കഴിയുംതോറും ഈ വ്യവസ്ഥ കൂടുതൽ കർക്കശവും ചൂഷണസ്വഭാവമുള്ളതുമായിത്തീർന്നു. ജാതിയുടെ അടിസ്ഥാനത്തിലുള്ള തൊഴിലുകളും, ഓരോ ജാതിക്കാരും മേൽജാതിക്കാരിൽനിന്നും പാലിക്കേണ്ട അകലവും മറ്റു മര്യാദകളുമെല്ലാം നിർവ്വചിക്കപ്പെട്ടു. കേരളത്തിൽ ജാതിയുടെ രൂപീകരണത്തിൽ പൊതുവെ കാണപ്പെടുന്ന ഈ രീതി ഈ പ്രദേശത്തിനും ബാധകമാണ്. പെരുവനം ഗ്രാമക്ഷേത്രസമുച്ചയത്തിൽപ്പെട്ട പ്രദേശമായതിനാൽ ജാതിവ്യവസ്ഥ ഏകദേശം ക്രി. പത്താം നൂറ്റാണ്ടോടുകൂടി (പെരുവനം ബ്രാഹ്മണഗ്രാമത്തിന്റെ രൂപീകരണത്തോടുകൂടി) ഇവിടെയും രൂപം പ്രാപിച്ചതായി കണക്കാക്കുന്നതിൽ തെറ്റില്ല. ക്രി. പത്താം നൂറ്റാണ്ടോടുകൂടി ജാതിവ്യവസ്ഥ കേരളത്തിൽ മൊത്തമായി വ്യാപിക്കുന്നതിന്റെ സൂചനകൾ ഈ കാലഘട്ടത്തിലെ ശിലാ–താമ്രലിഖിതങ്ങളിൽ (ഉദാ: ക്രി. 849ലെ തരിസാപ്പള്ളി പട്ടയം) കാണപ്പെടുന്ന നിലക്ക് ഈ പ്രദേശത്തെ സ്ഥിതിമാത്രം മറ്റൊന്നായിരിക്കാൻ ഇടയില്ല.

കേരളത്തിൽ രൂപംകൊണ്ട ജാതിവ്യവസ്ഥയുടെ പരിച്ഛേദം പ്രമാണങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്. ക്രി. 849ലെ തരിസാപ്പള്ളി പട്ടയത്തിൽ തച്ചന്മാർ, ഈഴവന്മാർ എന്നിവരെക്കുറിച്ചും ക്രി. 1225ലെ വീരരാഘവ പട്ടയത്തിൽ ആശാരി, മൂശാരി, തട്ടാൻ, പെരുംകൊല്ലൻ, തോൽക്കൊല്ലൻ എന്നിങ്ങനെയുള്ള ഐങ്കുടി കമ്മാളരെക്കുറിച്ചും പരാമർശമുണ്ട്.[32] കെ. പി. പത്മനാഭമേനോൻ എഴുതിയ 'കൊച്ചിരാജ്യചരിത്ര'ത്തിൽ സാമൂഹ്യഘടനാരൂപീകരണത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

"അന്യാപേക്ഷ കൂടാതെ സുഖവൃത്തിക്കുവേണ്ടുന്നതായ എല്ലാ ഉപകരണങ്ങളും ഒരു ദേശത്തുണ്ടായിരിക്കണം. ദേശത്ത് അവകാശികളായി മുഹൂർത്തം നിശ്ചയിക്കുന്ന കണിയാൻ, തച്ചുശാസ്ത്രപ്രകാരം വീടുപണിക്ക് ആശാരി, കല്യാണത്താലിയുണ്ടാക്കാൻ തട്ടാൻ, പാടുന്നതിനും വെലിക്കളയുന്നതിനും വേലൻ, അലക്കുന്നതിനു വെളുത്തേ



32. *രാഘവവാരിയർ, പുറം 54–56*

ടൻ, ക്ഷൗരത്തിനു വെളക്കിത്തലവൻ, ശ്രാദ്ധം വെപ്പിക്കുന്നതിന് എളയത് ഇങ്ങനെ ഓരോ വൃത്തിക്കും ഓരോ തരത്തിലുള്ളവർ പലരുമുണ്ടായിരുന്നു. ഇവർക്ക് ഓരോരുത്തർക്കും ഓരോ വിധത്തിലുള്ള അവകാശങ്ങളുണ്ട്" [33]

മേൽവിവരിച്ച ചട്ടവട്ടങ്ങളോടുകൂടിയ ജാതിവ്യവസ്ഥ ക്രി. 10-ാം നൂറ്റാണ്ടോടുകൂടി ഈ പ്രദേശത്തും നിലനിന്നിരുന്നതായി കണക്കാക്കാം. ഭൂമിയും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് നമ്പൂതിരിമാരും, ക്ഷേത്രോപജീവികളായി വാരിയന്മാരും ഇവർക്കു തൊട്ടു താഴെയായി നായന്മാരും ഇവിടെ ഈ കാലഘട്ടത്തിൽ താമസമാക്കിയിരിക്കാനാണ് സാദ്ധ്യത. കേരളത്തിൽ ഇന്ന് വ്യാപകമായി കാണപ്പെടുന്ന ഈഴവന്മാർ ചുരുങ്ങിയത് പത്താം നൂറ്റാണ്ടോടുകൂടിയെങ്കിലും ഈ പ്രദേശത്തു വന്നിരിക്കാമെന്ന് തരിസാപ്പള്ളി പട്ടയംവച്ച് അനുമാനിക്കാവുന്നതാണ്. തെങ്ങുകയറ്റമായിരുന്നു ഇവരുടെ മുഖ്യതൊഴിലെങ്കിലും ചില കുടുംബക്കാർ നാട്ടുവൈദ്യചികിത്സയും നടത്തിയിരുന്നു. അങ്ങിനെയുള്ള ഒരു വിഭാഗമാണ് ഒടിവുചികിത്സയും, മൃഗവൈദ്യവും ആയുർവേദ ചികിത്സകളും പരമ്പരാഗതമായി നടത്തിവരുന്ന കുന്നത്തുവളപ്പിൽ വീട്ടുകാർ.

എഴുത്തച്ഛന്മാർ ഈ പ്രദേശത്തെ ഒരു പ്രധാന ജാതിവിഭാഗമാണ്. കേരളത്തിൽ തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ പൊതുവെ കണ്ടുവരുന്ന ഇവരുടെ ഉൽപ്പത്തി നിഗൂഢതയിൽ ആണ്ടുകിടക്കുന്നു. എഡ്ഗർ തേഴ്സ്റ്റന്റെ 'ദക്ഷിണേന്ത്യയിലെ ജാതികളും ഗോത്രങ്ങളും' എന്ന ഗ്രന്ഥത്തിൽ എഴുത്തച്ഛന്മാരെ 'കടുപ്പട്ടന്മാർ' എന്നാണ് വിശേഷിപ്പിക്കുന്നത്. ബുദ്ധമതസ്ഥർക്ക് സഹായം നൽകിയതിന്റെ പേരിൽ തരംതാഴ്ത്തപ്പെട്ട കടു ഗ്രാമ ത്തിലെ പട്ടർ ബ്രാഹ്മണരിൽ നിന്നാണ് 'കടുപ്പട്ടന്മാർ' ഉണ്ടായതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.[34] കടുർഭട്ടൻ എന്നുള്ളതിന്റെ രൂപഭേദമാണ് 'കടുപ്പട്ടൻ' എന്നും, ബുദ്ധമതം സ്വീകരിച്ചതുകൊണ്ട് കടുർ ഗ്രാമത്തിൽനിന്നും ബഹിഷ്കൃതരായ ഈ ബ്രാഹ്മണർക്ക് സാമൂതിരി അഭയം നൽകിയെന്നുമാണ് നരവംശ ശാസ്ത്രജ്ഞനായ എൽ. കെ. അനന്തകൃഷ്ണയ്യരുടെ അഭിപ്രായം.[35] കലിദിനസംഖ്യപ്രകാരം ക്രി. 1428ലാണ് ഇവർ കേരളത്തിലെത്തിച്ചേർന്നിട്ടുള്ളതെന്നും അനന്തകൃഷ്ണയ്യർ വിവക്ഷിക്കുന്നു. 1998ൽ പ്രസിദ്ധീകരിച്ച കെ. ബാലകൃഷ്ണകുറുപ്പിന്റെ 'വിശ്വാസത്തിന്റെ കാണാപ്പുറങ്ങൾ' എന്ന ഗ്രന്ഥത്തിൽ എഴുത്തച്ഛന്മാർ ജൈനമതസ്ഥരായിരുന്നുവെന്ന അഭിപ്രായം ശക്തിയായി ഉന്നയിച്ചിട്ടുണ്ട്. ജൈനമതക്കാരെ സംബന്ധിച്ചിടത്തോളം അവർ ഉപേക്ഷിച്ചുപോന്ന ഗ്രാമത്തിന്റെ പേർ സ്വീകരിക്കുന്ന പതിവുണ്ടായിരുന്നുവെന്നും, ചിക്കമംഗല്ലൂരിനടുത്തുള്ള (കർണ്ണാടകം) കടുപട്ടണത്തിൽനിന്നും പൊട്ടൻചേരിയിലെത്തി (തിരുമല) അദ്ധ്യാപനവൃത്തി സ്വീകരിച്ച ഇവർക്ക് തൊഴിലിന്റെ അടിസ്ഥാനത്തിൽ എഴുത്തച്ഛനെന്നും ഗ്രാമനാമങ്ങളുടെ സൂചകമായി കടുപൊട്ടൻ എന്നും പേർ വന്നതായിരിക്കാമെന്നാണ് ബാലകൃഷ്ണകുറുപ്പിന്റെ മതം.[36]

എഴുത്തച്ഛന്മാർ കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത ഒരു വിഭാഗമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഐക്യമുണ്ട്. പക്ഷേ, ശിലാ-താമ്രലിഖിതങ്ങളിൽ ഇവരെക്കുറിച്ചുള്ള യാതൊരു പരാമർശവും കാണാത്തതുകൊണ്ട് ഇവ

33. കെ. പി. പത്മനാഭമേനോൻ, കൊച്ചി രാജ്യചരിത്രം (ഭാരതവിലാസം, തൃശൂർ) 1912, പുറം 126.
34. *Edgar Thurston, Castes and Tribes in South India (Cosmo Publication) New Delhi, P.P. 29-30*
35. *L. K. Ananthakrishna Iyer, The Tribes and Castes of Cochin (Cosmo) P. 103*
36. കെ. ബാലകൃഷ്ണകുറുപ്പ്, വിശ്വാസത്തിന്റെ കാണാപ്പുറങ്ങൾ (മാതൃഭൂമി, കോഴിക്കോട്), 1998, പു. 18-19

രുടെ കുടിയേറ്റം എപ്പോൾ നടന്നുവെന്ന് നിർണ്ണയിക്കുവാൻ പ്രയാസമാണ്. കലി സംഖ്യ പ്രകാരം ക്രി. 1428ൽ ഇവർ കേരളത്തിലെത്തിയതായ അഭിപ്രായത്തിനുപുറമെ, സാമൂതിരിയാണ് ഇവർക്ക് എഴുത്തച്ഛൻ പദവി നൽകിയത് എന്ന വാദഗതികൂടി കണക്കിലെടുക്കുമ്പോൾ എഴുത്തച്ഛന്മാർ ക്രി. പതിനഞ്ചാം നൂറ്റാണ്ടോടുകൂടി കേരളത്തിലെത്തിയതാവാനായിട്ടാണ് സാദ്ധ്യത. കടുപ്പട്ടൻ എന്ന പദം കടുഭട്ടൻ എന്നതിന്റെ രൂപാന്തരമാകാനെ വഴിയുള്ളൂ. ഗുപ്തരാജാക്കന്മാരുടെ (ക്രി. നാലാം നൂറ്റാണ്ട്) കാലംമുതൽ പ്രമാണങ്ങളിൽ സ്ഥാനംപിടിച്ചുകാണുന്ന ഭട്ടൻ എന്ന വാക്കിന് അദ്ധ്യാപകൻ എന്നാണ് അർത്ഥം.[37] അങ്ങിനെ വരുമ്പോൾ കടുപ്പട്ടൻ എന്ന സംജ്ഞ കടുഗ്രാമത്തിൽനിന്നും വന്ന ബ്രാഹ്മണരെയല്ല, നേരെമറിച്ച് പ്രസ്തുത ഗ്രാമത്തിൽനിന്നും കുടിയേറിപ്പാർത്ത് അദ്ധ്യാപകവൃത്തിയിലേർപ്പെട്ട ഒരു ഗോത്രത്തെയായിരിക്കാം സൂചിപ്പിക്കുന്നത്. മദ്ധ്യകാലഘട്ടത്തിൽ ഭക്തി പ്രസ്ഥാനം ശക്തി പ്രാപിച്ചതോടെ ഇവരും ഹൈന്ദവവൽക്കരിക്കപ്പെട്ടിരിക്കാം. ദക്ഷിണേന്ത്യയിൽ ഭാഷ, ലിപി, സാഹിത്യം എന്നിവ പ്രചരിപ്പിക്കുന്നതിൽ ജൈനമതസ്ഥരായിരുന്ന എഴുത്തച്ഛന്മാർ മഹത്തായ പങ്കുവഹിച്ചിട്ടുണ്ടാകണം. മലയാളലിപിയുടെ ആദ്യരൂപമായ വട്ടെഴുത്ത് കേരളത്തിൽ പ്രചരിപ്പിച്ചത് എഴുത്തച്ഛന്മാരാണെന്നും, മലയാളഭാഷയുടെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ ഈ സമുദായത്തിൽപ്പെട്ട ആളായിരുന്നുവെന്നുമുള്ള ബാലകൃഷ്ണകുറുപ്പിന്റെ അഭിപ്രായം വിവാദപരമാണെങ്കിൽപോലും ശ്രദ്ധേയമായ പഠനം അർഹിക്കുന്ന ഒന്നാണ്.[38]

കേരളത്തിൽ മറ്റു പ്രദേശങ്ങളിൽ ഉണ്ടായിരുന്നതുപോലെ മണ്ണാൻ, ആശാരി, കൊല്ലൻ തുടങ്ങിയവർക്ക് ഇവിടെയും പ്രത്യേക അവകാശങ്ങൾ ഉണ്ടായിരുന്നതായി കാണാം. മരണം, പ്രസവം, തീണ്ടാരി എന്നിവക്കുള്ള അശുദ്ധി കളയുന്നതിന് മണ്ണാൻ സ്ത്രീകൾ അത്യാവശ്യമായിരുന്നു. ഇതുകൂടാതെ നാട്ടുവൈദ്യചികിത്സയും മണ്ണാൻ സമുദായക്കാർ നടത്തിയിരുന്നു. ഇവരിൽ ഏറ്റവും പ്രസിദ്ധനായിരുന്നത് പാറെക്കാട്ട് ശങ്കുവൈദ്യരായിരുന്നു. ബ്രാഹ്മണാധിപത്യം അടിച്ചേൽപ്പിച്ച ജാതിവിലക്കുകളെ അതിജീവിച്ചുകൊണ്ട് അദ്ദേഹം അന്നുകാലത്ത് പ്രസിദ്ധരായിരുന്ന അഷ്ടവൈദ്യന്മാരായ മൂസുമാർക്കൊപ്പം അറിവും വൈദഗ്ധ്യവും കരസ്ഥമാക്കി. ഓണം, വിഷു മുതലായ അവസരങ്ങളിൽ കൊല്ലനും, ആശാരിയുമെല്ലാം ഈ പ്രദേശത്തെ തറവാടുകളിൽ കാഴ്ചവെയ്ക്കുന്ന പതിവ് അടുത്തകാലം വരെ നിലവിലുണ്ടായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് അയിത്തം കൽപ്പിക്കുന്ന ദുരാചാരം ഈ പ്രദേശത്തും ഉണ്ടായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിലുണ്ടായ സാമൂഹ്യപരിഷ്ക്കരണങ്ങളുടെ ഫലമായി ഈ ദുരാചാരം, മറ്റു പ്രദേശങ്ങളിലെന്നപോലെ, ഇവിടെയും അപ്രത്യക്ഷമായി.

കീഴ്ജാതിക്കാരായി കണക്കാക്കപ്പെട്ടിരുന്ന ആശാരി, മൂശാരി, കരുവാൻ തുടങ്ങിയവരുടെ ജാതിപ്പേരോടുകൂടിയ പറമ്പുകൾ ഈ പ്രദേശത്തുണ്ട്. ഈ ഗ്രാമത്തിലെ ജനവിന്യാസരീതിയിലേയ്ക്കും ജാതിയിലധിഷ്ഠിതമായ തൊഴിലുകളിലേയ്ക്കുമാണ് ഇവ വിരൽ ചൂണ്ടുന്നത്. കടബാദ്ധ്യതയുടെ പേരിൽ ജന്മിമാർ ഇവരെ കുടിയൊഴിപ്പിച്ച് വസ്തുവഹകൾ കൈവശപ്പെടുത്തിയിരിക്കാനാണ് സാദ്ധ്യത. അത്തരത്തിലുള്ള

*37. Kesavan Veluthat, The Cattas & Bhattas: A New Interpretation*

*38. കെ. ബാലകൃഷ്ണകുറുപ്പ്, പുറം 26–40*

ഒന്നുരണ്ടു സംഭവങ്ങളെങ്കിലും ഏകദേശം 60 കൊല്ലങ്ങൾക്കുമുമ്പ് ഇവിടെ നടന്നതായി പ്രസ്തുത സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഇപ്പോഴും ജീവിച്ചിരിപ്പുള്ള പഴമക്കാർ വിവരിക്കുന്നുണ്ട്.

നമ്പൂതിരിമാരുടെ സാംസ്കാരികവും സാമൂഹികവുമായ ആധിപത്യത്തെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചുവല്ലോ. ചെറുതും വലുതുമായ നിരവധി മനകൾ ഈ പ്രദേശത്ത് ഇന്നും നിലവിലുണ്ട്. അതിപുരാതനമായ കിഴക്കേടത്തു മനക്കാർ വിഷചികിത്സക്ക് പ്രാവീണ്യം നേടിയവരായിരുന്നു. പിൽക്കാലത്ത് പുരോഗമന ചിന്താരീതികൾ സ്വീകരിച്ച ഇവർ ഈ പ്രദേശത്തെ സ്വാതന്ത്ര്യസമരത്തിലും സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനത്തിലും പങ്കെടുത്തിട്ടുണ്ട്. എ. കെ. ജി., സി. അച്യുതമേനോൻ, ഇ. എം. എസ്. തുടങ്ങിയവർ ഇവിടെ ഒളിവിൽ താമസിച്ചതായും പറയപ്പെടുന്നു.[39] മറ്റൊരു പുരാതന മനയായ കല്ലൂർ മന ഭ്രാന്തുചികിത്സക്കും മന്ത്രവാദത്തിനും പ്രസിദ്ധി നേടിയിട്ടുണ്ട്. ആരൂർ മന, അവണൂർ മന, വെങ്ങല്ലൂർ മന, പാറേക്കാട്ട് മന, ചെറുകുന്നത്തു മന, മൂർക്കന്നൂർ മന, വെള്ളാലത്ത് മന, മുല്ലനേഴി മന എന്നിങ്ങനെ പഴമയുടെ പ്രതാപം പേറുന്ന നിരവധി നമ്പൂതിരി ഇല്ലങ്ങൾ ഇവിടെയുണ്ട്. ഇതിൽ ചെറുകുന്നത്തു മനക്കാർക്ക് അമ്പലപ്പുഴ രാജകുടുംബവുമായി ബന്ധമുള്ളതായി കാണുന്നു. മേലേ മുല്ലനേഴി മനക്കലെ നമ്പ്യാത്തൻ സോമയാജിപ്പാട് കൊല്ലവർഷം 1086ൽ (ക്രി. 1911) നാടിന്റെ ഐശ്വര്യം ലക്ഷ്യമാക്കി സോമയാഗം നടത്തുകയുണ്ടായി.[40]

## സാമൂഹ്യപരിഷ്ക്കരണം


പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമായി നടന്ന സാമൂഹ്യപരിഷക്കരണ പ്രസ്ഥാനങ്ങൾ ഈ പ്രദേശത്തും വ്യാപകമായ മാറ്റങ്ങൾക്ക് നാന്ദി കുറിച്ചു. ശ്രീനാരായണ പ്രസ്ഥാനത്തിന്റേയും ഗാന്ധിജിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടേയും ഫലമായി ഇവിടെ അയിത്തോച്ചാടന പരിപാടികൾ ആരംഭിച്ചു. താഴ്ന്ന ജാതിക്കാരുമായുള്ള സഹവാസവും മിശ്രഭോജനവുമെല്ലാം ഉൽപതിഷ്ണുക്കളായ ഇവിടത്തുകാർ ബോധപൂർവ്വം നടത്തിയിരുന്നു. കീഴ്ജാതിക്കാർക്ക് ക്ഷേത്രങ്ങളിൽ പ്രവേശനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് വൈക്കത്തും (1924–25) ഗുരുവായൂരിലും (1931–32) നടന്ന സത്യാഗ്രഹങ്ങളിൽ ഉൽപതിഷ്ണുവായ കിഴക്കേടത്തു വിരൂപാക്ഷൻ നമ്പൂതിരി പങ്കെടുത്തിരുന്നു. വി. ആർ. കൃഷ്ണനെഴുത്തച്ഛന്റെ നേതൃത്വത്തിൽ 25 പേരടങ്ങുന്ന ഒരു സംഘം ഈ പ്രദേശത്തുനിന്നും ഗുരുവായൂർ സന്ദർശിച്ച് സത്യാഗ്രഹികളെ ഹാരമണിയിക്കുകയുണ്ടായി.[41]

വിപ്ലവകരമായ ആശയങ്ങളുടെ ഉടമയായിരുന്ന വിരൂപാക്ഷൻ നമ്പൂതിരി തന്റെ മനവക ക്ഷേത്രമായ തോട്ടപ്പായ ക്ഷേത്രം 1946 നവംബർ 13–ാം തിയ്യതി എല്ലാ ജാതിക്കാർക്കുമായി തുറന്നുകൊടുത്തുകൊണ്ട് ഇക്കാര്യത്തിൽ കൊച്ചി രാജ്യത്തിന്റെ ചരിത്രം തിരുത്തിക്കുറിച്ചു. താഴ്ന്ന ജാതിക്കാർക്കായി കൊച്ചി രാജ്യത്ത് ആദ്യമായി തുറന്നുകൊടുക്കപ്പെട്ട ക്ഷേത്രമാണിത്. കൊച്ചി രാജ്യത്തെ അമ്പലങ്ങൾ കീഴ്ജാതിക്കാർക്കായി

*39. ഫീൽഡ് സർവ്വെ : വിവരം നൽകിയത് കിഴക്കേടത്ത് മനയിലെ ദിവാകരൻ നമ്പൂതിരി*

*40 എം. എൻ. രാമൻ നമ്പൂതിരിയുമായുള്ള അഭിമുഖത്തിൽനിന്ന്*

*41. വി. ആർ. കൃഷ്ണനെഴുത്തച്ഛനുമായുള്ള അഭിമുഖത്തിൽനിന്ന്*



തോട്ടപ്പായ ക്ഷേത്രം കീഴ്ജാതിക്കാർക്കായി 1946 നവംബർ 13-ാം തിയ്യതി തുറന്നുകൊടുത്തപ്പോൾ എടുത്ത ചിത്രം. കെ. കേളപ്പൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, വിരൂപാക്ഷൻ നമ്പൂതിരി എന്നിവരെ ചിത്രത്തിൽ കാണാം.

തുറന്നുകൊടുത്തുകൊണ്ടുള്ള മഹാരാജാവിന്റെ വിളംബരം (Temple Entry Authorisation Proclamation V of 1123) വരുന്നതുതന്നെ ഈ സംഭവത്തിനുശേഷമാണ് (1947–48). 'കേരളഗാന്ധി' എന്നറിയപ്പെട്ടിരുന്ന കെ. കേളപ്പനാണ് പ്രസ്തുത ക്ഷേത്രം തുറന്നു കൊടുത്തത്.

നമ്പൂതിരി സമുദായത്തിൽ ഉണ്ടായിരുന്ന ദുരാചാരങ്ങൾ ഇല്ലാതാക്കുന്നതിനും നമ്പൂതിരിയെ മനുഷ്യനാക്കുന്നതിനുംവേണ്ടി ആരംഭിച്ച യോഗക്ഷേമപ്രസ്ഥാനം അവിണിശ്ശേരിയിലും വേരൂന്നിയിരുന്നു. അവണൂർ വാസുദേവൻ നമ്പൂതിരി, വെങ്ങാലൂർ നാരായണൻ നമ്പൂതിരി, അദ്ദേഹത്തിന്റെ ഭാര്യ ദേവസേന അന്തർജ്ജനം എന്നിവർ ഇവിടെനിന്നും ഈ പ്രസ്ഥാനത്തിൽ പങ്കെടുത്തവരാണ്. 1936ൽ യോഗക്ഷേമസഭയുടെ പെരുവനം ശാഖാസമ്മേളനം നാങ്കുളം ക്ഷേത്രപരിസരത്ത് ചേരുകയുണ്ടായി. വാസുദേവൻ നമ്പൂതിരി രചിച്ച 'മാനസാന്തരം' എന്ന നാടകം അരങ്ങേറിയതും ഇവിടെ വച്ചാണ്. മുല്ലനേഴി മനയിലെ എം. എൻ. രാമൻ നമ്പൂതിരിയും യോഗക്ഷേമസഭയുടെ ഇന്നാട്ടിലെ പ്രവർത്തനങ്ങളെ സഹായിച്ചിട്ടുണ്ട്. അവിണിശ്ശേരിയിലുള്ള മേലേമുല്ലനേഴി വാസുദേവൻ നമ്പൂതിരിയുടെ ഭാര്യ പാർവ്വതി അന്തർജ്ജനത്തിന്റെ ജീവിതകഥയെ ആസ്പദമാക്കിയാണ് എം. ആർ. ബി. 'ഋതുമതി' എന്ന നാടകത്തിലെ ദേവകി എന്ന കഥാപാത്രത്തെ രൂപകൽപ്പന ചെയ്തിട്ടുള്ളത്.[42]

ഈഴവ സമൂഹത്തെ അതിന്റെ ശോച്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച ശ്രീനാരായണ പ്രസ്ഥാനത്തിനും ഈ പ്രദേശത്ത് സ്വാധീനമുണ്ടായിരുന്നു. എന്നിരുന്നാലും എസ്. എൻ. ഡി. പി. യുടെ ശാഖ ഈ പ്രദേശത്ത് സ്ഥാപിതമാകുന്നത് ഈയടുത്ത കാലത്താണ്. അതുപോലെതന്നെ നായന്മാർക്കിടയിലെ പരിഷ്ക്കരണപ്രസ്ഥാനത്തിന് ചുക്കാൻ പിടിച്ച എൻ. എസ്. എസും. ഈ പ്രദേശത്ത് ആദ്യകാലത്തുണ്ടായിരുന്നില്ല. 1940കളിൽ ഈ നാട്ടുകാരനായ പി. എ. പേങ്ങന്റെ നേതൃത്വത്തിൽ പുലയമഹാസഭ പ്രവർത്തിച്ചിരുന്നു.[43]

ബ്രഹ്മാനന്ദ ശിവയോഗി ആലത്തൂരിൽ സ്ഥാപിച്ച ആനന്ദ മഹാസഭയുടെ ശാഖ കൊല്ലവർഷം 1098 (ക്രി. 1922)ൽ പെരിഞ്ചേരിയിൽ സ്ഥാപിതമായി. തുടക്കത്തിൽ 7 പേർ മാത്രമുണ്ടായിരുന്ന പ്രസ്തുത സഭ പിന്നീട് സജീവമായി പ്രവർത്തിക്കാൻ തുടങ്ങി. എല്ലാ ഞായറാഴ്ചയും പതിവായി യോഗം ചേരുകയും പുസ്തകം വായന, ചർച്ച മുതലായവ നടത്തുകയും പതിവുണ്ടായിരുന്നു. യുക്തിചിന്തയായിരുന്നു ആനന്ദ മഹാസഭയുടെ കാതൽ. ഗ്രഹസ്ഥജീവിതം അനുവദിച്ചിരുന്ന പ്രസ്തുത മഹാസഭ ജാതിക്കെതിരെ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. പെരിഞ്ചേരിയിലെ ആനന്ദ മഹാസഭയിൽ മുൻ മന്ത്രിയായിരുന്ന കെ. കൊച്ചുകുട്ടൻ സജീവ അംഗമായിരുന്നു.* മരണം പ്രവചിക്കാൻ പാടില്ല എന്ന് ശിവയോഗി നിഷ്കർഷിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഒരു അനുയായി 65 വർഷങ്ങൾക്കുമുമ്പ് മരണം മുൻകൂട്ടി പ്രവചിച്ച് പെരിഞ്ചേരിയിലുള്ള സന്യാസിമഠത്തിൽ കിടന്നതും സമയം കഴിഞ്ഞിട്ടും മരിക്കാതിരുന്നതും അക്കാലത്ത് കൗതുകമുണർത്തിയ ഒരു സംഭവമായിരുന്നു.

*42. വിവരം നൽകിയത് എം. എൻ. രാമൻ നമ്പൂതിരി*
*43. വിവരം നൽകിയത് പി. എസ്. ഗംഗാധരൻ*
** വിവരം നൽകിയത്: സി.ജി. ബാലൻ മാസ്റ്റർ*

കൊല്ലവർഷം 1097ൽ (ക്രി. 1922) സ്ഥാപിതമായ പെരിഞ്ചേരി എഴുത്തച്ഛൻ യുവജനസംഘം സാമുദായികവും ദേശീയവും ആയ ലക്ഷ്യങ്ങൾ ഉയർത്തി പിടിച്ചിരുന്ന ഒന്നായിരുന്നു. എഴുത്തച്ഛൻ സമുദായാംഗങ്ങളിൽ മിതവ്യയം, ഐകമത്യം, സദാചാരതൽപ്പരത, പൊതുകാര്യപ്രാപ്തി, വിദ്യാഭ്യാസം എന്നിവ വളർത്തിയെടുക്കുകയും അനാചാരങ്ങൾ നീക്കം ചെയ്യുകയുമായിരുന്നു പ്രസ്തുത സംഘത്തിന്റെ സ്ഥാപനോദ്ദേശങ്ങൾ. ഇവയ്ക്കുപുറമേ റോഡ് നിർമ്മാണം, ദരിദ്രവിദ്യാർത്ഥികൾക്ക് പഠനസഹായം, വായനശാലക്ക് പത്രങ്ങളും വാരികകളും വാങ്ങിക്കൊടുക്കൽ തുടങ്ങിയ ദൗത്യങ്ങളും സംഘം നിർവ്വഹിച്ചിരുന്നു. 'ഷോടതി'ക്കുറികളും പ്രസ്തുത സംഘം പതിവായി നടത്തിയിരുന്നു. അതിശയകരമായ മറ്റൊരു സംഗതി പെരിഞ്ചേരിയിൽ ഒരു രാത്രിസ്ക്കൂൾ തുടങ്ങുന്നതിന് സംഘം ശ്രമിച്ചിരുന്നുവെന്നതാണ്. കൊല്ലവർഷം 1110ൽ (ക്രി. 1935)യുവജനസംഘം പാസ്സാക്കിയ പ്രമേയങ്ങൾ പ്രസ്തുത സംഘത്തിന്റെ സാമുദായിക താൽപ്പര്യങ്ങൾക്കുപുറമെ വിശാലവും, ദേശീയവും, പുരോഗമനപരവുമായ ആശയങ്ങളെ പ്രതിഫലിപ്പിക്കുന്ന രേഖകളാണ്. കൊച്ചി രാജ്യത്തെ സർക്കാർ ഉദ്യോഗങ്ങളിൽ എഴുത്തച്ഛൻ സമുദായത്തിന് ന്യായമായ പ്രാതിനിധ്യം നൽകുക (പ്രമേയം നമ്പർ 3); ഹിന്ദു മതത്തിലെ എല്ലാ ജാതിക്കാർക്കും പൊതുക്ഷേത്രങ്ങളിൽ പ്രവേശനം നൽകുക (പ്രമേയം നമ്പർ 4); കട ബാദ്ധ്യതയുടെ പേരിൽ വെറുംപാട്ടക്കാരുടേയും തൊഴിലാളികളുടേയും ബാങ്കുകളിൽ പണയം വച്ചിട്ടുള്ള ഭൂമി നഷ്ടപ്പെടാതിരിക്കാൻ സത്വരനടപടിയെടുക്കുക (പ്രമേയം നമ്പർ 5); കൊച്ചിയിലെ എഴുത്തച്ഛന്മാരുടെ ദായക്രമം, വിവാഹമോചനം മുതലായവ നിയന്ത്രിക്കാനായി കൊച്ചി നിയമസഭയിൽ അവതരിപ്പിച്ച ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തുക (പ്രമേയം നമ്പർ 8); മറ്റു ന്യൂനപക്ഷങ്ങൾക്കുള്ളതുപോലെ എഴുത്തച്ഛൻ സമുദായത്തിനും കൊച്ചി നിയമസഭയിൽ പ്രത്യേക പ്രാതിനിധ്യം അനുവദിക്കുക; പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കുക എന്നിവയായിരുന്നു മുഖ്യ ആവശ്യങ്ങൾ. ഈ സംഘത്തിന്റെ ആദ്യകാല ഭാരവാഹികൾ എം. കെ. കുഞ്ചു എഴുത്തച്ഛൻ, അവിലിശ്ശേരി ശങ്കരനെഴുത്തച്ഛൻ, ചക്കാലക്കൽ കൃഷ്ണനെഴുത്തച്ഛൻ, എം. ജി. രാമനെഴുത്തച്ഛൻ, ചക്കാലക്കൽ ശങ്കരനെഴുത്തച്ഛൻ, പാറപ്പുറത്ത് നാരായണനെഴുത്തച്ഛൻ, കോപ്പുള്ളി രാമനെഴുത്തച്ഛൻ, വടക്കൂട്ട് കൈപ്പിള്ളി അച്യുതനെഴുത്തച്ഛൻ, വടക്കൂട്ട് നാരായണനെഴുത്തച്ഛൻ, വടക്കൂട്ട് ആത്രപ്പറമ്പിൽ നാണുഎഴുത്തച്ഛൻ എന്നിവരായിരുന്നു. ക്രി. 1948 ആകുമ്പോഴേയ്ക്കും ഈ സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ക്രമേണ നിലക്കുകയും ചെയ്തു.[44]

എഴുത്തച്ഛന്മാരുടെ സാമ്പത്തികവും സാമൂഹികവുമായ അവശതകൾക്ക് പരിഹാരം കാണുന്നതിനായി എഴുത്തച്ഛൻ മഹാസമാജം എന്ന ഒരു സംഘടന കൊച്ചി പ്രദേശത്ത് രൂപംകൊണ്ടിരുന്നു. ക്രി. 1922ലാണ് പ്രസ്തുത സമാജത്തിന്റെ പ്രവർത്തനം ഇവിടെ ആരംഭിക്കുന്നത്. ആദ്യകാല പ്രവർത്തകരിൽ പ്രമുഖൻ വി. കെ. കുഞ്ഞിറ്റി എഴുത്തച്ഛനായിരുന്നു. സമാജത്തിന്റെ പ്രചരണമാധ്യമമായ 'എഴുത്തച്ഛൻ' വാരികയും ഈ പ്രദേശത്ത് പ്രചാരത്തിലുണ്ടായിരുന്നു. പ്രസ്തുത സമാജത്തിന്റെ ആഭിമുഖ്യത്തിൽ 1922ൽതന്നെ പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്ക് (ക്ലിപ്തം) സ്ഥാപിതമായി. 1948ൽ സ്ഥാപിച്ച പെരിഞ്ചേരി യു. പി. സ്ക്കൂളും സമാജം വകയായിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം, മറ്റു പ്രദേശങ്ങളിലെന്നപോലെ, ഇവിടെയും പ്രസ്തുതസമാജം പ്രവർത്തനരഹിതമായി.



*44. എഴുത്തച്ഛൻ യുവജനസംഘത്തിന്റെ നിയമാവലി, കൊ. വ. 1102ലേയും 1105ലേയും വാർഷിക പ്രവർത്തനറിപ്പോർട്ട്. 1123 കന്നിമാസം വരെയുള്ള മിനിട്ടുപുസ്തകം.*

# 4

# മതങ്ങൾ

## ഹൈന്ദവർ


ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം ആളുകളും ഹിന്ദുക്കളാണ്. ക്രി. പത്താം നൂറ്റാണ്ടോടുകൂടി കേരളത്തിൽ നടന്ന ആര്യവൽക്കരണത്തെക്കുറിച്ച് മുമ്പ് പരാമർശിച്ചിട്ടുണ്ടല്ലൊ. നമ്പൂതിരിമാർ വന്നുചേർന്ന അതെ കാലഘട്ടത്തിൽതന്നെ ജൈനമതസ്ഥരും ഇവിടെ വന്നിരിക്കാം. ജൈനമതത്തെക്കുറിച്ച് പരാമർശമുള്ള കേരളത്തിലെ ലിഖിതങ്ങളെല്ലാം ക്രി. ഒമ്പത്, പത്ത്, പതിനൊന്ന് നൂറ്റാണ്ടുകളിലേതാണ്. അതായത് മഹോദയപുരം ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന പെരുമാക്കന്മാരുടെ കാലത്ത് ജൈനമതം പരമാവധി വളർച്ച പ്രാപിച്ചതായി കണക്കാക്കാം[45]. ഈ പ്രദേശത്ത് ജൈനമതസ്ഥർ എപ്പോൾ വന്നുവെന്നതിന് പ്രത്യേക തെളിവുകളൊന്നും ലഭിച്ചിട്ടില്ല. എഴുത്തച്ഛന്മാർ ജൈനമതസ്ഥരായിരുന്നുവെന്ന പ്രബലമായ ഒരു വാദഗതിയെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചുവല്ലൊ. ക്രി. പത്താം നൂറ്റാണ്ടോടുകൂടി ജൈനമതം ഇവിടെയും എത്തിയതായി കണക്കാക്കാം. ജൈന ക്ഷേത്രങ്ങളെല്ലാം (ബസതി) പിന്നീട് ഹൈന്ദവക്ഷേത്രങ്ങളായി മാറുകയും, ജൈനരെ ഹിന്ദുമതം ഉൾക്കൊള്ളുകയും ചെയ്തതായിട്ടാണ് കാണുന്നത്. യക്ഷിയെ ആരാധിച്ചിരുന്ന ജൈനക്ഷേത്രങ്ങൾ പലതും ഇന്ന് ഭഗവതി ക്ഷേത്രങ്ങളായി മാറിയിട്ടുണ്ടെന്നാണ് ചരിത്രകാരന്മാർക്കിടയിലുള്ള ഒരഭിപ്രായം.[46]

ഇപ്പോൾ പതിനൊന്ന് ഹൈന്ദവക്ഷേത്രങ്ങൾ ഇന്നാട്ടിലുണ്ട്. ഇവയിൽ ഏറ്റവും പഴക്കമുള്ളത് നാങ്കുളം ക്ഷേത്രത്തിനാണ്. അവിണിശ്ശേരിയുടെ വടക്ക് കിഴക്ക് ഭാഗത്താണ് നാങ്കുളം ക്ഷേത്രസമുച്ചയം. ഈ ക്ഷേത്രത്തിൽ കുളം കുഴിക്കുന്നതിനുള്ള സ്ഥലം ഏതെന്നറിയാതെ വിഷമിച്ചിരിക്കുന്ന സമയത്ത് നാഗങ്ങൾ സ്ഥലം കാണിച്ചുകൊടുത്തുവെന്നും, തുടർന്ന് ഇതിനെ നാഗക്കുളം എന്നുവിളിച്ചുവന്നുവെന്നും, പ്രസ്തുത നാഗക്കുളം ലോപിച്ച് നാങ്കുളമായിത്തീർന്നുവെന്നുമാണ് ഐതിഹ്യം.[47] ഭഗവതി, ശാസ്താവ്, വിഷ്ണു എന്നീ ദേവി–ദേവന്മാരാണ് പ്രധാന പ്രതിഷ്ഠകൾ. പുരാ

*45 M.G.S. Narayanan, Perumals of Keala (Calicut) 1996*
*46 For details see M.P. Sreekumaran Nair (Jainism in Kerala) Dept. of History and Mahavir Nirvan Celebration Committee, Calicut 1994.*
*47 ഫീൽഡ് സർവ്വെ, ഫയൽ 8*

തനമായ ആറാട്ടുപുഴ, പെരുവനം എന്നീ പൂരങ്ങളിൽ നാങ്കുളം ശാസ്താവ് ഇപ്പോഴും പങ്കെടുത്തുവരുന്നു. ഈ ക്ഷേത്രത്തിലെ പുരാതന ചുവർചിത്രങ്ങളിൽ മഹിഷാസുരമർദ്ദനം, അർദ്ധനാരീശ്വരൻ, നടരാജൻ, ശ്രീകൃഷ്ണനും തോഴിമാരും എന്നീ ദൃശ്യങ്ങൾ മനോഹരമാണ്. ഏകദേശം 600 കൊല്ലത്തെ പഴക്കമെങ്കിലും ഈ ക്ഷേത്രത്തിനുണ്ട്.

നാങ്കുളം ക്ഷേത്രസമുച്ചയത്തിലെ മറ്റു രണ്ടു ക്ഷേത്രങ്ങളാണ് കരിപ്പൂക്കാവ് ക്ഷേത്രവും അവിണിശ്ശേരി ക്ഷേത്രവും. കരിപ്പൂക്കാവ് ക്ഷേത്രത്തിലും പ്രാചീന ചുവർചിത്രങ്ങളുണ്ട്. ഇവ കുറെയൊക്കെ മാഞ്ഞുപോയിട്ടുണ്ടെങ്കിലും ബ്രഹ്മാവ്, വിഷ്ണു, നടരാജൻ എന്നീ ദേവന്മാരുടെ ചിത്രങ്ങൾ ഇപ്പോഴും തിരിച്ചറിയാവുന്ന വിധത്തിൽ നിലവിലുണ്ട്. ഈ ക്ഷേത്രത്തിനും ഏകദേശം 600 വർഷത്തെ പഴക്കമുണ്ട്. ആനയെ ഇഷ്ടമില്ലാത്ത ദേവിയാണ് ഇവിടുത്തെ ഭഗവതി എന്നാണ് പൊതുവെയുള്ള വിശ്വാസം. 'ആനയെ കൊണ്ടുപോകരുത്' എന്ന വിലക്ക് ലംഘിച്ചുകൊണ്ട് ആനയെ കൊണ്ടുപോയി എന്നും തുടർന്ന് ദേവീകോപത്താൽ ആന ശിലയായിത്തീർന്നു



നാങ്കുളം ക്ഷേത്രത്തിലെ
പ്രാചീന ചുവർചിത്രം



അവിണിശ്ശേരി മഹാവിഷ്ണു
ക്ഷേത്രത്തിലെ ദ്വാരപാലകൻ

വെന്നുമാണ് ഐതീഹ്യം.[48]. ഒരു പക്ഷെ ഇവിടെയുള്ള ആനക്കല്ല് എന്ന സ്ഥലനാമത്തിന് ഈ ഐതീഹ്യവുമായി ബന്ധമുണ്ടായിരിക്കാം. കരിപ്പൂക്കാവ് അമ്പലത്തിനടുത്ത് ആനയുടെ രൂപത്തിലുള്ള ഒരു വലിയ പാറയുണ്ടായിരുന്നുവെന്ന് കൊല്ലവർഷം 1086ൽ (1911) സോമയാഗം കഴിച്ച നമ്പ്യാത്തൻ സോമയാജിപ്പാട് പറയാറുള്ളതായി മേലെ മുല്ലനേഴി മനക്കലെ രാമൻ നമ്പൂതിരി ഓർക്കുന്നു. കരിങ്കല്ലിന്റെ ആവശ്യത്തിനായി പ്രസ്തുത പാറ സർക്കാർ പൊളിച്ചു മാറ്റിയതാണെന്നു പറയപ്പെടുന്നുണ്ട്.[49] അവിണിശ്ശേരി മഹാവിഷ്ണു ക്ഷേത്രത്തിൽ ദ്വാരപാലകന്മാരുടെ പ്രാചീനവും മനോഹരവുമായ ശിൽപ്പങ്ങളുണ്ട്.

*48. ഫീൽഡ് സർവ്വെ ഫയൽ 8*

*49. എം.എൻ. രാമൻ നമ്പൂതിരിയുമായുള്ള അഭിമുഖത്തിൽനിന്ന്*

തൃത്താമരശ്ശേരി ശിവക്ഷേത്രം, ചെറുശ്ശേരിക്കാവ് ഭഗവതിക്ഷേത്രം, കീഴെതൃക്കോവിൽ, മേലെ തൃക്കോവിൽ, തോട്ടപ്പായ ക്ഷേത്രം, മഠത്തിൽ ക്ഷേത്രം, കുട്ടൻകുളങ്ങര ക്ഷേത്രം, നാരായണമംഗലം വിഷ്ണുക്ഷേത്രം എന്നിവയാണ് ഈ പ്രദേശത്തെ മറ്റ് അമ്പലങ്ങൾ. പെരുവനം ക്ഷേത്രഗ്രാമത്തിൽപ്പെട്ട അമ്പലമായിരുന്നു ചെറുശ്ശേരിക്കാവ് എന്നാണ് ഐതീഹ്യം.[50] ചേർപ്പിലുള്ള മേക്കാവ് ഭഗവതി അവിടത്തെ പൂരം കഴിഞ്ഞ് പിറ്റേദിവസം വെളുപ്പിന് ചെറുശ്ശേരിക്കാവ് ഭഗവതിയെ കാണാൻ വരാറുണ്ട്. ചേടത്തി അനിയത്തിയെ കാണാൻ വരുന്നുവെന്നാണ് ഇതിന്റെ പിന്നിലുള്ള സങ്കൽപ്പം. പാറേക്കാട്ട്, അവണൂർ, വെങ്ങല്ലൂർ, മൂർക്കന്നൂർ എന്നീ നാല് മനക്കാരേയാണ് ഈ ക്ഷേത്രത്തിന്റെ ഊരാളന്മാരായി അറിയപ്പെടുന്നത്. ഇപ്പോൾ നാട്ടുകാരുടെ ഒരു സമിതിയാണ് ക്ഷേത്രഭരണത്തിന് മേൽനോട്ടം വഹിക്കുന്നത്.

കൃത്യമായി പഴക്കം നിർണ്ണയിക്കാൻ പ്രയാസമുള്ള ക്ഷേത്രമാണ് തൃത്താമരശ്ശേരി. ഈ പ്രദേശത്തുണ്ടായിരുന്ന ഒരു ബ്രാഹ്മണൻ നിത്യവും പത്തുനാഴിക സഞ്ചരിച്ച് തൃശ്ശിവപേരൂർ വടക്കുന്നാഥനെ ഭജിച്ചുവന്നിരുന്നു. ഒരു ദിവസം ദർശനത്തിനായി ചെന്നപ്പോൾ സമയം വൈകിപ്പോയതുകൊണ്ട് അമ്പലനട അടച്ചിരുന്നു. മനം നൊന്ത ബ്രാഹ്മണൻ പുറത്തുനിന്ന് തൊഴുതുമടങ്ങുമ്പോൾ 'ഇനി അങ്ങ് ഇങ്ങോട്ടുവരേണ്ടതില്ല, ഞാൻ അവിടെ വരാം' എന്ന് ആരോ പിന്നിൽനിന്ന് പറഞ്ഞതായി കേട്ടുവത്രെ. പിറ്റേദിവസം കാലത്ത് തുളസിപൂജക്കായി തുളസിത്തറയിൽ ചെന്നപ്പോൾ ചൈതന്യമാർന്ന ഒരു ശിവലിംഗമാണ് പ്രസ്തുത ബ്രാഹ്മണൻ കണ്ടത്. വിസ്മയഭരിതനായ നമ്പൂതിരി ആ സ്ഥലത്ത് പൂജാകർമ്മങ്ങൾക്കുശേഷം അമ്പലം നിർമ്മിച്ചുവെന്നാണ് ഐതീഹ്യം.[51] തുളസി (തൃത്താവ്) ത്തറയിൽ സ്വയംഭു ആയ ശിവലിംഗമായതുകൊണ്ട് ഈ ക്ഷേത്രത്തിന് തൃത്താമരശ്ശേരി എന്നപേർ വന്നുചേർന്നു. വെള്ളാലത്ത് മനക്കാരുടെ വകയാണ് ഈ ക്ഷേത്രം.

ആരൂർ മനയിലെ കാരണവർ ഊരാളനായുള്ള ക്ഷേത്രമാണ് കീഴെതൃക്കോവിൽ. നരസിംഹാവതാരമാണ് ഇവിടുത്തെ പ്രധാന പ്രതിഷ്ഠ. ക്ഷേത്ര ലിഖിതങ്ങളൊ, ഗ്രന്ഥവരിയോ ഒന്നും ലഭ്യമല്ലാത്തതിനാൽ ഈ ക്ഷേത്രത്തിന്റെ പഴക്കം നിർണ്ണയിക്കുവാൻ പ്രയാസമാണ്. മഹാശിലായുഗത്തിന്റെ അവശിഷ്ടങ്ങൾ ലഭിച്ച സ്ഥലത്തിന് തൊട്ടടുത്താണ് കുട്ടൻകുളങ്ങര ക്ഷേത്രം സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ഈ ക്ഷേത്രം വളരെ പ്രാചീനമായ ഒന്നായിരിക്കാൻ സാദ്ധ്യതയുണ്ട്. പക്ഷെ, ക്ഷേത്രലിഖിതങ്ങളൊ, മറ്റു രേഖകളൊ ഒന്നും ലഭ്യമല്ലാത്തതിനാൽ ശാസ്ത്രീയമായ കാലനിർണ്ണയം പ്രയാസമാണ്. പെരിഞ്ചേരിയിലുള്ള മഠത്തിൽ ക്ഷേത്രം പെരുവനം ദേവസ്വത്തിന്റേതാണ്. പെരുവനം പൂരം കഴിഞ്ഞ് പിറ്റേദിവസം ഒരാനയെ വിളക്കും വാദ്യവുമായി ഈ അമ്പലത്തിലേയ്ക്കും, നാങ്കുളം അമ്പലത്തിലേയ്ക്കും എല്ലാവർഷവും അയച്ചുവരുന്നുണ്ട്.[52] പെരുവനം ക്ഷേത്രവുമായി ബന്ധമുള്ളതിനാൽ ഈ അമ്പലത്തിനും കാലപ്പഴക്കമുണ്ടായിരിക്കാനാണ് സാദ്ധ്യത. കൂടാതെ, പെരിഞ്ചേരി ഭാഗത്തുള്ള ഭൂമിയെല്ലാം പെരുവനം ചേരിക്കലം ഉച്ചപൂജാവിഭാഗത്തിൽപ്പെട്ടതാണെന്നുള്ളതും മഠത്തിൽ ക്ഷേത്രത്തിന്റെ പഴമക്ക് ഉപോൽബലകമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. പക്ഷെ, ഇപ്പോഴുള്ള അമ്പലത്തിന് നൂറിൽ താഴെ വർഷത്തെ പഴക്കമെ

*50, 51, 52 ഫീൽഡ് സർവ്വെ*

ഉണ്ടാകൂ. മുമ്പുണ്ടായിരുന്ന ക്ഷേത്രം എപ്പോഴെങ്കിലും പുതുക്കി പണിതിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഈ ക്ഷേത്രത്തെക്കുറിച്ചുള്ള രേഖകളൊന്നും ഇന്ന് ലഭ്യമല്ല.

## ക്രൈസ്തവർ


ക്രി. 52ൽ സെന്റ് തോമസ് കൊടുങ്ങല്ലൂരിനടുത്ത് മാല്യങ്കരയിൽ ഇറങ്ങുകയും തുടർന്ന് ആ പ്രദേശത്തുണ്ടായിരുന്ന ബ്രാഹ്മണരെ മതം മാറ്റുകയും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏഴ് പള്ളികൾ സ്ഥാപിക്കുകയും ചെയ്തുവെന്നാണ് സെന്റ് തോമസ് ഐതീഹ്യത്തിന്റെ പൊരുൾ. പക്ഷെ, പ്രസ്തുത ഐതീഹ്യത്തെ പിന്തുണയ്ക്കുന്ന പ്രമാണങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ക്രൈസ്തവ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള തെളിവുകൾ ലഭിക്കുന്നത് ക്രി. 849ലെ തരിസ്സാപ്പള്ളി ചെമ്പട്ടയത്തിൽനിന്നാണ്. ക്രൈസ്തവ വ്യാപാരികൾക്ക് പ്രത്യേകാവകാശങ്ങൾ അനുവദിച്ചുകൊണ്ടുള്ള പ്രസ്തുത ലിഖിതത്തിനു പുറമെ, ഇരിഞ്ഞാലക്കുടക്കടുത്തുള്ള താഴെക്കാട് പള്ളിയിൽ നിന്നും ക്രി. പതിനൊന്നാം നൂറ്റാണ്ടിൽ രാജസിംഹപെരുമാളുടെ കാലത്തുള്ള ഒരു ലിഖിതത്തിലും ക്രൈസ്തവർക്കുള്ള പ്രത്യേക വ്യാപാര അവകാശങ്ങളെക്കുറിച്ച് പരാമർശമുണ്ട്. ലിഖിതങ്ങൾ നൽകുന്ന തെളിവുകൾ സൂചിപ്പിക്കുന്നത് ക്രി. പതിനൊന്നാം നൂറ്റാണ്ടോടു കൂടിയെങ്കിലും സമ്പന്നരായ ക്രൈസ്തവവ്യാപാരികൾ ഇരിഞ്ഞാലക്കുടയിൽ സ്വൈരവിഹാരം നടത്തിയിരുന്നുവെന്നാണ്.

ഇരിഞ്ഞാലക്കുടക്കടുത്തുള്ള സ്ഥലമാണ് ഈ പ്രദേശമെങ്കിലും ക്രൈസ്തവ സാന്നിദ്ധ്യം സൂചിപ്പിക്കുന്ന പ്രാചീന ലിഖിതങ്ങളൊ, മറ്റു പ്രമാണങ്ങളൊ ഇവിടെ നിന്നും കണ്ടുകിട്ടിയിട്ടില്ല. സ്ഥലപ്പേരുകളോടു സാമ്യമുള്ള ഗൃഹനാമങ്ങൾ ഈ പ്രദേശത്തെ ചില ക്രൈസ്തവ ഭവനങ്ങൾക്കുണ്ട്. ഒരു പക്ഷെ, വളരെ മുമ്പ് നടന്ന കുടിയേറ്റത്തേയായിരിക്കണം ഈ വസ്തുത സൂചിപ്പിക്കുന്നത്. എന്നിരുന്നാലും ക്രൈസ്തവരുടെ ഈ പ്രദേശത്തേക്കുള്ള കുടിയേററം ഏതു കാലഘട്ടത്തിൽ ഉണ്ടായി എന്ന് കൃത്യമായി പറയാൻ പ്രയാസമാണ്.

അവിണിശ്ശേരി ഉൾപ്പെടെ വിവിധ പ്രദേശങ്ങളിലുണ്ടായിരുന്ന ക്രൈസ്തവർ ആരാധന നടത്തിയിരുന്ന ആദ്യത്തെ ദേവാലയം പഴുവിൽ പള്ളിയാണ്. ഈ ദേവാലയത്തിന്റെ ഉൽപ്പത്തിയെക്കുറിച്ച് രണ്ട് അഭിപ്രായങ്ങൾ ഉള്ളതായി കാണുന്നു. ക്രി. ഒമ്പതാം നൂറ്റാണ്ടോടുകൂടി സ്ഥാപിതമായ ദേവാലയമാണിതെന്നാണ് ഒരു വാദം. നേരെ മറിച്ച്, പതിനാറാം നൂറ്റാണ്ടിൽ കൊച്ചി രാജാക്കന്മാരുടെ കാലത്ത് സ്ഥാപിച്ചതാണ് ഈ ദേവാലയമെന്നും അഭിപ്രായമുണ്ട്.[53] എന്തായാലും ക്രി. പതിനാറാം നൂറ്റാണ്ടിലെങ്കിലും ഈ ദേവാലയമുണ്ടായിരുന്നുവെന്നതിൽ തർക്കമില്ല. ഇതുവച്ച് നോക്കുമ്പോൾ ഈ പ്രദേശത്തെ ക്രൈസ്തവ ആവാസത്തിന് ചുരുങ്ങിയത് നാനൂറ് വർഷത്തെയെങ്കിലും പഴക്കമുണ്ടെന്നുവേണം കരുതാൻ. ഇവിടത്തെ ക്രൈസ്തവരിൽ ബഹുഭൂരിഭാഗവും റോമൻ കത്തോലിക്കാ വിഭാഗത്തിൽപ്പെട്ടവരാണ്.

 53 തൃശൂർ രൂപതാ ശതാബ്ധി സ്മാരകഗ്രന്ഥം, 1987

പഴുവിൽ ദേവാലയത്തിൽനിന്നും, കൂടുതൽ ആരാധനാസൗകര്യങ്ങൾ മുൻനിർത്തി പിരിഞ്ഞുപോന്ന ക്രൈസ്തവർ സ്ഥാപിച്ച ദേവാലയമാണ് ഒല്ലൂർ പള്ളി. ക്രി. 1718ൽ കൊച്ചി രാജാവിന്റെ അനുമതിയോടുകൂടി ഒല്ലൂരിൽ ആരംഭിച്ച സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിലാണ് ഈ പ്രദേശത്തെ ക്രൈസ്തവർ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെയും ആരാധന നടത്തിയിരുന്നത്.



1903ൽ സ്ഥാപിച്ച പെരിഞ്ചേരിയിലെ തിരുഹൃദയ ദേവാലയം

ഒല്ലൂർ പള്ളിയിൽനിന്നും വേറിട്ട് ഈ പ്രദേശത്ത് ആദ്യമായി സ്ഥാപിച്ച പള്ളി പെരിഞ്ചേരിയിലെ തിരുഹൃദയ ദേവാലയമാണ്. 1903ൽ നിർമ്മിച്ച പ്രസ്തുത ദേവാലയത്തിൻകീഴിൽ ഇപ്പോൾ 450 ക്രൈസ്തവ കുടുംബങ്ങൾ ഉണ്ട്. ഈ പള്ളിയുടെ കീഴിൽ പ്രശസ്തമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന ഫ്രാൻസിസ്കൻ – ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽപ്പെട്ട ക്ലാരമഠം 1966ലാണ് സ്ഥാപിച്ചിട്ടുള്ളത്. പള്ളി മാനേജ്മെന്റിന്റെ കീഴിൽ ഒരു പ്രൈമറി സ്ക്കൂളും പ്രവർത്തിച്ചുവരുന്നുണ്ട്.

ഈ പ്രദേശത്തെ മറ്റൊരു ദേവാലയമാണ് പാലക്കലുള്ള സെന്റ് മാത്യൂസ് പള്ളി. പാലക്കലും പരിസരപ്രദേശത്തുമുള്ള ക്രൈസ്തവരുടെ ആരാധനാസൗകര്യം മുൻനിർത്തി ആ പ്രദേശത്തെ നാട്ടുപ്രമാണിയായ ചക്കാലക്കൽ കുഞ്ഞിപ്പാലു മാത്യു സ്വന്തം ചിലവിൽ 1940–41ൽ പണികഴിച്ചതാണ് പ്രസ്തുത ദേവാലയം. 1942ൽ തന്നെ ഈ പള്ളിയ പാലക്കൽ ഇടവകയായി ഉയർത്തി.

# 5

# സാംസ്കാരികം

സാംസ്കാരിക മണ്ഡലത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ഈ പ്രദേശത്തിനു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം, സാഹിത്യ–കലാപ്രവർത്തനങ്ങൾ, പത്ര പ്രവർത്തനം എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശംസനീയമായ സംഭാവനകൾ ഇവിടത്തുകാർ നൂറ്റാണ്ടുകളായി നൽകിവരുന്നുണ്ട്.

## വിദ്യാഭ്യാസം

ഒരു പ്രദേശത്തിന്റെ സാംസ്കാരിക നിലവാരത്തിലേയ്ക്കുള്ള ചൂണ്ടുപലകയായി വിദ്യാഭ്യാസത്തെ കണക്കാക്കാം. ഈ പ്രദേശത്തെ വിദ്യാഭ്യാസത്തിന് ഏകദേശം 600 വർഷത്തെയെങ്കിലും ചരിത്രമുണ്ടെന്നുവേണം കരുതാൻ. സാമൂതിരി വാഴ്ചക്കാലത്തെങ്കിലും കേരളത്തിൽ താമസമാരംഭിച്ച എഴുത്തച്ഛന്മാർ ജൈനമതസ്ഥരായിരുന്നുവെന്നും, വിദ്യാഭ്യാസവും ലിപിയും പ്രചരിപ്പിക്കുന്നതിൽ ജൈനർക്കുണ്ടായിരുന്ന പങ്ക് നിർണ്ണായകമായിരുന്നുവെന്നുമുള്ള കാര്യങ്ങൾ ഇതിനുമുമ്പ് വിശദമായി പരാമർശിച്ചിട്ടുണ്ട്. ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനഫലമായി ഹൈന്ദവമതം സ്വീകരിച്ച എഴുത്തച്ഛന്മാർ കേരളത്തിൽ വട്ടെഴുത്ത് പ്രചരിപ്പിച്ചുവെന്ന കാര്യം അവർക്ക് എഴുത്തിന്റേയും അറിവിന്റേയും ലോകത്തുണ്ടായിരുന്ന മേധാവിത്വത്തെയാണ് കാണിക്കുന്നത്. ഏകദേശം ആറ് നൂറ്റാണ്ടുമുമ്പെങ്കിലും ഈ പ്രദേശത്ത് താമസമാക്കിയ ഇക്കൂട്ടർ നാട്ടുപള്ളിക്കൂടങ്ങൾ നടത്തിയിരുന്നു. പ്രാചീന കാലത്ത് വിദ്യാഭ്യാസം സമൂഹത്തിൽ വളരെ ചെറിയൊരു ന്യൂനപക്ഷത്തിനുമാത്രമായി പരിമിതപ്പെട്ടു കിടന്നിരുന്നതുകൊണ്ട് പ്രസ്തുത പള്ളിക്കൂടങ്ങളുടെ എണ്ണം വളരെ പരിമിതമായിരുന്നിരിക്കണം. അത്തരത്തിലുള്ള കുടിപ്പള്ളിക്കൂടങ്ങൾ ഈ പ്രദേശത്തുണ്ടായിരുന്നതായി ഫീൽഡ് സർവ്വെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

## എ. എൽ. പി. എസ്. പെരിഞ്ചേരി – പ്രഥമവിദ്യാലയത്തിലെ ആദ്യകാല അദ്ധ്യാപകർ



**ഇരിക്കുന്നവർ (വലത്തുനിന്ന് ഇടത്തോട്ട്) :** ടി. വി. ശൂലപാണി വാരിയർ, വി. കെ. കുഞ്ഞിറ്റി എഴുത്തച്ഛൻ, ഗോവിന്ദൻ നമ്പ്യാർ, വി. കെ. നാരായണനെഴുത്തച്ഛൻ (സ്ഥാപകൻ), സി. ആർ. കൃഷ്ണൻ മാസ്റ്റർ, സി. ജെ. കുഞ്ചുണ്ണി എഴുത്തച്ഛൻ

**നില്കുന്നവർ വലത്തുനിന്ന് ഇടത്തോട്ട് :** എം. കെ. മാധവൻ എഴുത്തച്ഛൻ, എം. എസ്. ഗംഗാധരൻ, കെ. കെ. രാമൻനായർ, ടി. കെ. ഗോപാലനെഴുത്തച്ഛൻ, ടി. പി. കൃഷ്ണൻ, പി. എൽ. പൊറിഞ്ചു, എം. കെ. ബാലകൃഷ്ണനെഴുത്തച്ഛൻ, എൻ. ജി. ഗോപാലൻ

**നില്കുന്നവർ 3-ാം വരി ഇടത്തുനിന്ന് :** ടി. കെ. മീനാക്ഷിപണിക്കത്ത്യാർ, കെ. എ. ദാക്ഷായണി, ഒ. ജെ. ത്രേസ്യ, വി. എൻ. ഉമാദേവി, വി. എൻ. പത്മിനി, പത്മാവതി, പി. കെ. കനകമണി, വി. എസ്. തങ്ക, എൻ. ജി. മണി, എൻ. അല്ലി.

ഇരുപതാം നൂറ്റാണ്ടിൽ ദേശീയ പ്രസ്ഥാനവും സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളും നിർണ്ണായകമായ സ്വാധീനം ചെലുത്താൻ തുടങ്ങിയതോടെ, ഈ പ്രദേശത്തും വിദ്യാഭ്യാസരംഗത്ത് പ്രകടമായ മാറ്റങ്ങൾ ദൃശ്യമാകാൻ തുടങ്ങി. 1916ൽ വി. കെ. നാരായണനെഴുത്തച്ഛനാണ് ഈ പ്രദേശത്തെ ആദ്യസ്ക്കൂളായ പെരിഞ്ചേരി ലോവർ പ്രൈമറി സ്കൂൾ സ്ഥാപിച്ചത്. ഏതാണ്ട് ഇതേ കാലത്തുതന്നെ പാലക്കൽ കേന്ദ്രമായി മറ്റൊരു എൽ. പി. സ്കൂളും സ്ഥാപിതമായി. പാലക്കൽകാരനായ ചക്കാല മാത്യൂവായിരുന്നു പ്രസ്തുത സ്കൂളിന്റെ സ്ഥാപകൻ. 1948ൽ എഴുത്തച്ഛൻ മഹാസമാജത്തിന്റെ പ്രവർത്തനഫലമായി ഒരു ലോവർ സെക്കണ്ടറി (യു. പി. ) സ്ക്കൂൾ വള്ളിശ്ശേരിയിൽ പ്രവർത്തനമാരംഭിച്ചു. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ (പ്രസിഡണ്ട്), സി. ആർ. കൃഷ്ണനെഴുത്തച്ഛൻ (സെക്രട്ടറി), ടി. കെ. ഗോപാലൻ (ഖജാൻജി), എം. ജി. രാമനെഴുത്തച്ഛൻ (മെമ്പർ), വി. കെ. നാരായണനെഴുത്തച്ഛൻ (മെമ്പർ) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയുടെ നേതൃത്വത്തിലാണ് എടത്തേടത്ത് കുഞ്ചു എഴുത്തച്ഛൻ സംഭാവന നൽകിയ ഒരു ഏക്കർ സ്ഥലത്ത് പ്രസ്തുത സ്ക്കൂൾ പണികഴിപ്പിച്ചത്. എഴുത്തച്ഛൻ സമാജം ഈ സ്ക്കൂൾ നിർമ്മാണത്തിനായി 750 രൂപ സംഭാവന ചെയ്തതായി രേഖകളിൽ കാണുന്നു. ഈ സ്ഥാപനമാണ് ഇന്നത്തെ പെരിഞ്ചേരി യു. പി. സ്ക്കൂൾ (വള്ളിശ്ശേരി). പ്രസ്തുത സ്ക്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ സി. ആർ.കൃഷ്ണനെഴുത്തച്ഛനായിരുന്നു.[54] ഇന്ന് ഈ സ്ക്കൂൾ സ്വകാര്യ മാനേജ്മെന്റിന്റെ കൈവശമാണുള്ളത്. 1982ലാണ് ഈ പ്രദേശത്തെ ഏകഹൈസ്ക്കൂളായ സെന്റ് ജോസഫ് ഹൈസ്ക്കൂൾ സ്ഥാപിച്ചത്.

പഞ്ചായത്തിലെ നാല് വിദ്യാലയങ്ങളുടെയും വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണാം.[55]

| സ്കൂളിന്റെ പേര് | ഉടമസ്ഥത | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|
| 1. സെന്റ് ജോസഫ് ഹൈസ്ക്കൂൾ, അവിണിശ്ശേരി | എയിഡഡ് | 534 [ആൺകുട്ടികൾ 382, പെൺകുട്ടികൾ 152] | 20 |
| 2. യു. പി. സ്ക്കൂൾ, പെരിഞ്ചേരി | എയിഡഡ് | 477 [ആൺകുട്ടികൾ 307, പെൺകുട്ടികൾ 170] | 18 |
| 3. എൽ. പി. സ്ക്കൂൾ, പെരിഞ്ചേരി | എയിഡഡ് | 118 [ആൺകുട്ടികൾ 66, പെൺകുട്ടികൾ 52] | 4 |
| 4. എൽ. പി. സ്ക്കൂൾ, പാലിശ്ശേരി | എയിഡഡ് | 109 [ആൺകുട്ടികൾ 60, പെൺകുട്ടികൾ 49] | 4 |

ഹൈസ്ക്കൂൾ ഒഴിച്ച് മറ്റു വിദ്യാലയങ്ങളെല്ലാം ഇപ്പോൾ തൃപ്തികരമല്ലാത്ത ഭൗതിക സാഹചര്യങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ കാരണം കൊണ്ടുതന്നെയായിരിക്കണം ഈ പ്രദേശത്തെ നല്ലൊരു വിഭാഗം കുട്ടികളും മറ്റു ദൂരസ്ഥലങ്ങളിലുള്ള സ്ക്കൂളുകളിൽ ഉയർന്ന നിലവാരം തേടി ഓരോ വർഷവും പോയിക്കൊണ്ടിരി

*54. കൊല്ലവർഷം 1123 ധനു 6, മകരം 4 എന്നീ തിയ്യതികളിൽ കൂടിയ എഴുത്തച്ഛൻ സമാജം യോഗത്തിന്റെ പ്രൊസീഡിംഗ്സ്, കൂടാതെ സി. ആർ. കൃഷ്ണൻ മാസ്റ്ററുടെ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥവും കാണുക.*

*55. ഒമ്പതാം പദ്ധതി രേഖ*

ക്കുന്നത്. പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നും ലഭിച്ച ബി. സി. ജി. കുത്തി വെയ്പ്പ് രേഖകൾ കാണിക്കുന്നത് ഈ പ്രദേശത്ത് ശരാശരി 255 കുട്ടികൾ ഉള്ളതായിട്ടാണ്. പക്ഷെ അവരിൽ 125പേർ മാത്രമാണ് ഇവിടെയുള്ള രണ്ട് എൽ. പി. സ്ക്കൂളുകളിലുമായി ഒന്നാം ക്ലാസ്സിൽ പഠിക്കുന്നത്. ഈ വസ്തുത മുകളിൽ സൂചിപ്പിച്ച പലായന പ്രക്രിയയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. അതുപോലെതന്നെ, ഇവിടെയുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്ന പെൺകുട്ടികളുടെ അനുപാതം മൊത്തം ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ആൺകുട്ടികളേക്കാൾ വളരെ കുറവാണെന്നു കാണാം. വെറും 35% പെൺകുട്ടികൾ മാത്രമാണ് ഇവിടെയുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നത്. ബാക്കി വിദ്യാർത്ഥിനികൾ കൂടുതൽ നിലവാരവും സൗകര്യങ്ങളും തേടി പട്ടണത്തിലുള്ള സ്ക്കൂളുകളിലേയ്ക്ക് – പ്രത്യേകിച്ച് കോൺവെന്റ് സ്ക്കൂളുകളിലേയ്ക്ക് – മാറിപ്പോകുന്നതായിട്ടാണ് നാം കാണുന്നത്. ഇവിടത്തെ ഹൈസ്ക്കൂളിലെ പൊതുപരീക്ഷയിലുള്ള വിജയശതമാനം 80നു മുകളിലാണ്. 1995ലെ എസ്. എസ്. എൽ. സി. പരീക്ഷയിലെ പതിനാലാം റാങ്ക് കരസ്ഥമാക്കിയത് ഇതെ സ്ക്കൂളിലെ വിദ്യാർത്ഥിയും മുൻ അവിണിശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് വി. കെ. ജയഗോവിന്ദന്റെ മകനുമായ വി. ജെ. ബിമൽ ആണ്. പ്രസ്തുത വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ സൂര്യ രാംകുമാർ അവിണിശ്ശേരിയിലെ ഡോ. വി. കെ. രാംകുമാറിന്റെ മകളും വി. ആർ. കൃഷ്ണനെഴുത്തച്ഛന്റെ പൗത്രിയുമാണ്. 1997 ൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഏഴാം റാങ്ക് നേടിയ അനില വിശ്വനാഥൻ പെരിഞ്ചേരിക്കാരനായ ടി. എൻ. വിശ്വനാഥന്റെ മകളാണ്.

ഈ പ്രദേശത്തുനിന്നും ആധുനികവിദ്യാഭ്യാസം (ബി. എ.) നേടിയ പ്രഥമ വ്യക്തി പെരിഞ്ചേരിയിലെ വി. കെ കുഞ്ഞിറ്റി എഴുത്തച്ഛനായിരുന്നു. ആദ്യത്തെ ഡോക്ടർ കൊപ്പറമ്പിൽ മാധവൻ നമ്പ്യാരും വക്കീൽ വി. ആർ. കൃഷ്ണനെഴുത്തച്ഛനും, എഞ്ചിനിയർ വി. കെ. വാസുദേവനുമാണ്.[56] പെരിഞ്ചേരിയിൽ സ്ഥിരതാമസക്കാരനായിരുന്ന പി. എസ്. രാമൻകുട്ടി മാസ്റ്റർ ഏറ്റവും മികച്ച അദ്ധ്യാപകനുള്ള 1976ലെ സംസ്ഥാന അവാർഡും, 1977ലെ കേന്ദ്രസർക്കാർ അവാർഡും കരസ്ഥമാക്കിയിട്ടുണ്ട്.

ഗവേഷണരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വ്യക്തികൾ ഈ പ്രദേശത്തുണ്ട്. പെരിഞ്ചേരിക്കാരായ വി. ആർ. മുരളീധരൻ മീമാംസയിലും (കോഴിക്കോട് സർവ്വകലാശാല, 1993), ടി. ആർ. ഗോവിന്ദൻകുട്ടി മെറ്റലർജിയിലും (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗളൂർ, 1996), സി. കെ. സോമൻ പാരിസ്തികശാസ്ത്രത്തിലും (കൊച്ചി സർവ്വകലാശാല, 1998) പി. എച്ച്. ഡി. ബിരുദം നേടിയിട്ടുണ്ട്. അവിണിശ്ശേരിയിൽനിന്നും എം. കെ. ജയരാജ് ഊർജ്ജതന്ത്രത്തിലും (കൊച്ചി സർവ്വകലാശാല, 1989), വി. കെ. സത്യവതി കൃഷിശാസ്ത്രത്തിലും (മൈസൂർ സർവ്വകലാശാല, 1998) പി. ബി. പുഷ്പലത ഹോർട്ടികൾച്ചറിലും (കേരള കാർഷിക സർവ്വകലാശാല, 2000), ലത മോഹൻദാസ് അഗ്രോണമിയിലും (കേരള കാർഷിക സർവ്വകലാശാല, 2000) പി. എച്ച്. ഡി. നേടിയവരാണ്.

*56 ഫീൽഡ് സർവ്വെ.*

# കലാസാംസ്കാരിക സ്ഥാപനങ്ങൾ

1926–ൽ പ്രവർത്തനമാരംഭിച്ച പെരിഞ്ചേരി ഭാഷാ സാഹിത്യമണ്ഡലമാണ് ഈ പ്രദേശത്തെ ആദ്യത്തെ സാംസ്കാരിക സ്ഥാപനം. പ്രസംഗ പരിശീലനം, സാഹിത്യ മത്സരം തുടങ്ങിയ പരിപാടികളാണ് സാഹിത്യമണ്ഡലം നടത്തിയിരുന്നത്. സാഹിത്യമണ്ഡലത്തിന്റെ വാർഷിക യോഗങ്ങളിലും മറ്റു പരിപാടികളിലും പങ്കെടുത്ത പ്രമുഖരിൽ സാമൂഹ്യപരിഷ്ക്കർത്താവും ഗാന്ധിയനുമായ കെ. കേളപ്പൻ, പ്രശസ്ത സാഹിത്യകാരന്മാരായ കെ. വി. എം., കുറുവാന്തൊടിയിൽ ശങ്കരനെഴുത്തച്ഛൻ, ഡോ. കെ. എൻ. എഴുത്തച്ഛൻ, സി. കെ. നായർ, സി. കുട്ടൻനായർ എന്നിവരുൾപ്പെടുന്നു. പ്രസ്തുത സാഹിത്യമണ്ഡലത്തിന്റെ പ്രവർത്തനഫലമായി ഒരു കാലത്ത് പെരിഞ്ചേരിക്ക് അവിണിശ്ശേരിയേക്കാൾ പ്രശസ്തിയുണ്ടായിരുന്നു. ഇതിനെക്കുറിച്ച് വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എഴുതിയതിങ്ങനെയാണ്: "അവിണിശ്ശേരി വില്ലേജിൽപ്പെട്ട ഒരു പ്രദേശമാണ് പെരിഞ്ചേരി എങ്കിലും അക്കാലത്ത് പെരിഞ്ചേരി എന്ന പേരിനായിരുന്നു കൂടുതൽ പ്രാധാന്യം. അങ്ങനെ അവിണിശ്ശേരിയിലുള്ള ഞങ്ങളുടെ വീട്ടുകാരും പുറം നാടുകളിൽ പെരിഞ്ചേരിക്കാർ എന്നറിയപ്പെട്ടു".[57] സാഹിത്യമണ്ഡലത്തിന്റെ പ്രധാന പ്രവർത്തകർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, ചക്കാലക്കൽ കുഞ്ഞനെഴുത്തച്ഛൻ, ചക്കാലക്കൽ ശങ്കരനെഴുത്തച്ഛൻ, എം. ജി. രാമനെഴുത്തച്ഛൻ, സി. ജെ. കുഞ്ചുണ്ണി മാസ്റ്റർ, സി. കെ. ഗോവിന്ദനെഴുത്തച്ഛൻ, സി. ആർ. കൃഷ്ണനെഴുത്തച്ഛൻ, ടി. എൻ. നാരായണൻ എഴുത്തച്ഛൻ, അറുപതനാഴി ഗോവിന്ദനെഴുത്തച്ഛൻ, സി. എൻ. കൃഷ്ണൻ, ടി. എ. ബാലൻ, പി. കെ. ശങ്കുണ്ണി വൈദ്യർ തുടങ്ങിയവരായിരുന്നു.



പെരിഞ്ചേരി ഭാഷാസാഹിത്യമണ്ഡലം 1926 - 32

ഇടത്തുനിന്നും വലത്തോട്ട്

നിൽക്കുന്നവർ - 1. പി. കെ. ശങ്കുണ്ണി, 2. എ. കെ. ഗോവിന്ദൻ എഴുത്തച്ഛൻ, 3. സി. ജെ. കുഞ്ചുണ്ണി എഴുത്തച്ഛൻ, 4. സി. കെ. ഗോവിന്ദൻ എഴുത്തച്ഛൻ, 5. യം. ജി. രാമൻ എഴുത്തച്ഛൻ

ഇരിക്കുന്നവർ - 1. വി. കെ. കുഞ്ഞിറ്റി എഴുത്തച്ഛൻ, 2. സി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ, 3. സി. കെ. ശങ്കരൻ എഴുത്തച്ഛൻ, 4. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ, 5. സി. എൻ. കുഞ്ഞൻ എഴുത്തച്ഛൻ

താഴെ ഇരിക്കുന്നവർ - 1. ടി. എൻ. നാരായണൻ എഴുത്തച്ഛൻ 2. സി. എൻ. കൃഷ്ണൻ എഴുത്തച്ഛൻ



57 വി. ആർ. കൃഷ്ണനെഴുത്തച്ഛൻ, ആത്മകഥ പുറം 31

സാഹിത്യമണ്ഡലത്തിനു പുറമെ ഗ്രാമസേവാസംഘം എന്ന ഒരു സാംസ്കാരികസമിതി 1947ൽ വള്ളിശ്ശേരിയിൽ രൂപംകൊണ്ടു. ഈ നാട്ടിലെ ഏറ്റവും പ്രസിദ്ധവും, ആരോഗ്യകരവുമായ ഒരുതരം മാത്സര്യബുദ്ധിയോടെ പ്രവർത്തിച്ചിരുന്നതുമായ രണ്ട് കലാസമിതികളാണ് 1952ലും 1961ലുമായി പെരിഞ്ചേരിയിൽ രൂപം കൊണ്ട 'പുരോഗമന കലാസമിതി'യും, 'ബാപ്പുജി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബും'. സ്വന്തമായി നാടകങ്ങൾ അവതരിപ്പിക്കുകയും മത്സരങ്ങൾ നടത്തുകയും ചെയ്തുകൊണ്ട് ഈ രണ്ടുസ്ഥാപനങ്ങളും ഈ പ്രദേശത്തെ ജനങ്ങളെ സമകാലിക സാമൂഹ്യ സാംസ്കാരിക പ്രമേയങ്ങളുമായി ബന്ധപ്പെടുത്തുക എന്ന മഹത്തായ ദൗത്യം നിർവ്വഹിച്ചു. 'ബാപ്പുജി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്' ആശയപരമായി കോൺഗ്രസ്സിനോടും 'പുരോഗമന കലാസമിതി' ഇടതുപക്ഷത്തോടും ചായ്വുള്ള സ്ഥാപനങ്ങളായിരുന്നു. ഒരു കാലത്ത് സംസ്ഥാനാടിസ്ഥാനത്തിലുള്ള വോളിബോൾ മത്സരത്തിന് 'ബാപ്പുജി' ആതിഥേയത്വം വഹിച്ചിരുന്നു.[58]

1937ലാണ് ഈ പ്രദേശത്തെ ആദ്യഗ്രന്ഥാലയം രൂപംകൊള്ളുന്നത്. വി. കെ. കുഞ്ഞിറ്റി എഴുത്തച്ഛന്റെ നേതൃത്വത്തിൽ പെരിഞ്ചേരിയിൽ സ്ഥാപിതമായ ചക്കാലക്കൽ അയ്യപ്പനെഴുത്തച്ഛൻ സ്മാരക വായനശാല ആയിരുന്നു അത്. പ്രസ്തുത സ്ഥാപനമാണ് ഇപ്പോഴത്തെ പെരിഞ്ചേരി ഗ്രാമീണ വായനശാല. 1950കളിൽ നാങ്കുളം പ്രദേശത്ത് രൂപംകൊണ്ട 'സഹോദരസംഘം' വായനശാലയും പ്രത്യേക പരാമർശമർഹിക്കുന്നു. ഈ പ്രദേശത്തുള്ള വിവിധ വായനശാലകളിൽ പെരിഞ്ചേരി ഗ്രാമീണ വായനശാല മാത്രമാണ് ഇന്നും സജീവമായി പ്രവർത്തിച്ചുവരുന്നത്.



1922ൽ സ്ഥാപിതമായ എഴുത്തച്ഛൻ ബാങ്ക്, 1926ൽ സ്ഥാപിതമായ പെരിഞ്ചേരി ഭാഷാസാഹിത്യമണ്ഡലം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്ന ഇപ്പോഴത്തെ ഗ്രാമീണവായനശാല കെട്ടിടം.

58 ഫീൽഡ് സർവ്വെ

## സാഹിത്യം

പെരുവനം ഗ്രാമക്ഷേത്രസംസ്കൃതിയുടെ ഒരു ഭാഗമായിരുന്ന ഈ പ്രദേശത്തിന് സാഹിത്യത്തിൽ പ്രാചീനകാലം മുതൽക്കെ ഗണ്യമായ സംഭാവന നൽകാൻ കഴിഞ്ഞിട്ടുണ്ട്. ചേരരാജാവായ സ്ഥാണുരവിപ്പെരുമാളുടെ (ക്രി. 844–883) ആസ്ഥാന കവിയായിരുന്നുവെന്ന് കരുതപ്പെടുന്ന വാസുഭട്ടതിരി തിരുവുള്ളക്കാവുകാരനായിരുന്നു. കേരളത്തിൽ യമക കാവ്യശൈലി തുടങ്ങിവച്ചത് അദ്ദേഹമാണെന്ന് ഒരു അഭിപ്രായമുണ്ട്.[59] 'യുധിഷ്ഠിരവിജയം', 'ശൗരികഥോദയം', 'ത്രിപുരദഹനം' എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. അതുപോലെ 'ഭാഷാനൈഷധ ചമ്പു' വിലൂടെ പ്രസിദ്ധനായിത്തീർന്ന മഴമംഗലത്ത് നാരായണൻ നമ്പൂതിരിക്കും (കൊല്ലവർഷം 700 –770) ഈ നാടുമായി ബന്ധമുണ്ടായിരുന്നുവെന്നുവേണം കരുതാൻ. ആദ്യകാലത്ത് മഴമംഗലം പെരുവനം ഗ്രാമത്തിലാണ് താമസിച്ചിരുന്നതെന്നുള്ളതും, അദ്ദേഹത്തിന്റെ എല്ലാ കൃതികളും ഊരകത്തമ്മയെ സ്തുതിച്ചുകൊണ്ടാണ് ആരംഭിക്കുന്നുള്ളതെന്നുമുള്ള വസ്തുതകൾ അദ്ദേഹത്തിന് ഈ പ്രദേശവുമായുള്ള ബന്ധത്തിന്റെ വ്യക്തമായ തെളിവുകളാണ്.[60] മൊത്തം പതിനാറോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ആരുർ മനയിലെ മാധവനടിതിരി (സുമാർ 1700–1750) യുടെ 'ഉത്തരനൈഷധം' എന്ന സംസ്കൃത കാവ്യമാണ് ഇന്നാട്ടിൽ നിന്നുണ്ടായ മറ്റൊരു ശ്രദ്ധേയമായ സംഭാവന. നള-ദമയന്തിമാരുടെ കഥയെ ആസ്പദമാക്കി രചിച്ച പ്രസ്തുത ഇതിഹാസകാവ്യം തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുപ്രസിദ്ധ 'ബാലിവിജയം' ആട്ടക്കഥയുടെ കർത്താവായ കല്ലൂർ നമ്പൂതിരി അവിണിശ്ശേരി കല്ലൂർ മനക്കലെ അംഗമായിരുന്നു. ഏകദേശം 200 വർഷങ്ങൾക്കുമുമ്പ് രചിച്ച പ്രസ്തുത ഗ്രന്ഥം ഇന്നും പ്രയോഗത്തിലുള്ള ആട്ടക്കഥകളിൽ ഒന്നാണ്.[61]

അവിണിശ്ശേരി എന്ന തൂലികാനാമത്തിൽ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള അവിണിശ്ശേരി നാരായണൻ നമ്പീശൻ (1925–95) രണ്ടു കഥാസമാഹാരങ്ങളും, പതിമൂന്ന് ഗാന-കവിതാസമാഹാരങ്ങളും, നാല് ബാലസാഹിത്യ കൃതികളും, ഓരോ നോവലും, നാടകവും, ഏകാങ്കവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1952ൽ പ്രകാശിതമായ 'സ്വപ്നാഞ്ജലി'യാണ് ആദ്യ കവിതാസമാഹാരം. 'പൂക്കളും പടവാളും' എന്ന ഖണ്ഡകാവ്യം പ്രസിദ്ധീകരിച്ചത് 1955ലാണ്. ബാലസാഹിത്യത്തിൽ അദ്ദേഹത്തിന്റെ ഏറ്റവും മികച്ച രചന 'വിക്കൻ ഡിക്രൂസ്' (1988) എന്ന ഗ്രന്ഥമാണ്. 'വെള്ളിച്ചെല്ലം' എന്ന നോവലിനു പുറമെ 'നിരപരാധി' എന്ന ഡിറ്റക്ടീവ് നോവലും അദ്ദേഹം രചിച്ചിട്ടുണ്ട്. പലയിടങ്ങളിലായി വ്യാപിച്ചുകിടന്നിരുന്ന 'ബ്രാഹ്മണിപ്പാട്ടു'കളുടെ സമ്പാദകൻ എന്ന നിലയിലും അദ്ദേഹത്തിന് ചരിത്രത്തിൽ സ്ഥാനമുണ്ട്.

ദേശീയ പ്രസ്ഥാനത്തിലും തുടർന്ന് സഹകരണമേഖലയിലുമായി തന്റെ തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിലും, സാഹിത്യ-സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ ഗൗരവപൂർണ്ണമായ പഠനങ്ങൾ നടത്തുന്നതിന് വി. ആർ. കൃഷ്ണനെഴുത്തച്ഛന് കഴിഞ്ഞിട്ടുണ്ട്. ബി. എ. പരീക്ഷ പാസ്സായ ഉടനെ അദ്ദേഹം 'ആശയാഞ്ജലി' എന്ന

*59 M. G. S. Narayanan P.25*

*60 ഉള്ളൂർ, കേരളസാഹിത്യചരിത്രം, വാല്യം 2, മൂന്നാം പതിപ്പ് കേരള സർവ്വകലാശാല, തിരുവനന്തപുരം 1967 പുറം 324*

*61. ഡോ. വി. ആർ. മുരളീധരനുമായുള്ള അഭിമുഖത്തിൽനിന്ന്*

കവിതാസമാഹാരം ജി. ശങ്കരക്കുറുപ്പിന്റെ അവതാരികയോടുകൂടി പ്രസിദ്ധീകരിച്ചിരുന്നു. "ജന്മഭൂമിയുടെ ദയനീയങ്ങളും, മധുരങ്ങളും, ഭയങ്കരങ്ങളുമായ സ്വപ്നങ്ങളും, 'വർത്തമാന നിശീഥിനി'യുടെ അന്ധകാരവും ഭാവിജീവിതത്തിന്റെ പ്രഭാപടലവും സമ്മേളിച്ചിരിക്കുന്ന ഭാരതീയാന്തരീക്ഷവും പ്രതിബിംബിച്ചിരിക്കുന്ന ഈ കൃതി യുവാക്കന്മാരെ പ്രത്യേകം ആകർഷിക്കുമെന്നും, ഈ ആകർഷണം അവരെ അത്യുന്നത ആദർശങ്ങളിലേയ്ക്ക് അടുപ്പിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു". എന്നാണ് 'ജി'. രേഖപ്പെടുത്തിയിട്ടുള്ളത്. സാമ്പത്തികശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയത്തെ ആധാരമാക്കി അദ്ദേഹം രചിച്ച 'ഗ്രാമോദ്ധാരണം' എന്ന ഗ്രന്ഥത്തിന് മദ്രാസ് സർവ്വകലാശാലയുടെ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥം മദ്രാസ് സർവ്വകലാശാലയിലെ ഇന്റർമീഡിയറ്റ് കോഴ്സിനുള്ള പാഠപുസ്തകമായി അംഗീകരിക്കപ്പെട്ടിരുന്നു. അദ്ദേഹം രചിച്ച 'നാൽപ്പതു കോടികളുടെ ശബ്ദം' (വിവർത്തനം) കൊച്ചി സർക്കാർ നിരോധിക്കുകയുണ്ടായി. ഗൗരവപൂർണ്ണമായ നിരവധി ലേഖനങ്ങൾക്ക് പുറമെ 'കൊച്ചിക്കൊരു അഭിവൃദ്ധിപദ്ധതി' എന്ന ഗ്രന്ഥവും അദ്ദേഹം രചിച്ചിട്ടുണ്ട്. 1997ൽ പ്രസിദ്ധീകരിച്ച 'ആത്മകഥ' കേരളത്തിന്റെ, വിശിഷ്യ കൊച്ചി പ്രദേശത്തിന്റെ, രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക മേഖലകളിലേയ്ക്ക് വെളിച്ചം വീശുന്ന ഒരു സുപ്രധാന ഗ്രന്ഥമാണ്.

തോട്ടപ്പായ ക്ഷേത്രം കീഴ്ജാതിക്കാർക്കായി തുറന്നുകൊടുത്തുകൊണ്ട് ചരിത്രം സൃഷ്ടിച്ച വിരൂപാക്ഷൻ നമ്പൂതിരിയും ഒരു പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ഗരളകുഠാരം' ആണ്. പ്രസ്തുത ഗ്രന്ഥം വിഷചികിത്സയെക്കുറിച്ചുള്ള ഒരു ആധികാരിക പഠനമാണ്. അദ്ദേഹത്തിന്റെ മകനായ നീലകണ്ഠൻ നമ്പൂതിരിയും വിഷചികിത്സയെക്കുറിച്ച് 'നീലകണ്ഠീയം', 'വിഷപരിഹാരം' എന്നീ രണ്ടു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥങ്ങൾക്കുപുറമെ 'ലഘു ദേവീഭാഗവതം', 'ശിവപുരാണം' (മലയാള തർജ്ജമ) എന്നീ കൃതികളും നീലകണ്ഠൻ നമ്പൂതിരി രചിച്ചിട്ടുണ്ട്.

സമകാലീന മലയാള സാഹിത്യത്തിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള മുല്ലനേഴി നീലകണ്ഠൻ അവിണിശ്ശേരി മുല്ലനേഴി മനക്കലെ അംഗമാണ്. 'രാപ്പാട്ട്', 'നാറാണത്ത് ഭ്രാന്തൻ' എന്നീ രണ്ട് കവിതാസമാഹാരങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'പെൺകൊട' എന്ന കവിതക്ക് ഉള്ളൂർ സ്മാരക അവാർഡ് ലഭിച്ചു. 1980കളിൽ ശാസ്ത്ര-സാഹിത്യ പരിഷത്തിന്റെ ശാസ്ത്ര-കലാ ജാഥക്കുവേണ്ടി ഏകാങ്കങ്ങൾ രചിച്ച മുല്ലനേഴി മാസ്റ്റർക്ക് 'സമതലം' എന്ന ഏകാങ്കസമാഹാരത്തിന് 1995ലെ ഏറ്റവും നല്ല നാടകഗ്രന്ഥത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. അറിയപ്പെടുന്ന ചലച്ചിത്ര ഗാനരചയിതാവു കൂടിയാണ് അദ്ദേഹം. കൂടാതെ നിരവധി നാടകങ്ങളിലും, സിനിമകളിലും, ടെലിവിഷൻ സീരിയലുകളിലുമായി തന്റെ അഭിനയപാടവം അദ്ദേഹം തെളിയിച്ചിട്ടുണ്ട്.

## പത്രപ്രവർത്തനം

ദേശീയ പ്രസ്ഥാനത്തിൽനിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ട് ഈ പ്രദേശത്തും പത്രപ്രവർത്തനം രൂപം പ്രാപിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുള്ള പത്രപ്രവർത്തനത്തിന് കൊച്ചി രാജ്യത്ത് ധീരമായ നേതൃത്വം നൽകിയത് വി. ആർ. കൃഷ്ണ

നെഴുത്തച്ഛനാണ്. 'എഴുത്തച്ഛൻ' വാരികയിലെ ഒരെഴുത്തുകാരനായാണ് അദ്ദേഹം പത്രപ്രവർത്തനം ആരംഭിക്കുന്നത്. 'നവദീപം' (1934–35) എന്ന മാസികയാണ് അദ്ദേഹം സ്വന്തം നിലയിൽ ആദ്യമായി തുടങ്ങിയത്. ഇതിനുപുറമെ 'സ്നേഹിതൻ' എന്ന വാരികയുടെ ചുമതലയും അദ്ദേഹം കുറച്ചിട നിർവ്വഹിക്കുകയുണ്ടായി. 1939ൽ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച 'ഗ്രാമക്ഷേമം' ദ്വൈവാരിക ഗ്രാമോദ്ധാരണത്തിലൂടെ രാഷ്ട്രനിർമ്മാണം എന്ന മഹത്തായ ലക്ഷ്യത്തിന്റെ പ്രചാരണോപാധിയായിരുന്നു. 1941ൽ വി. ആറിന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച 'ദീനബന്ധു' കൊച്ചി രാജ്യ പ്രജാമണ്ഡലത്തിന്റേയും, കൊച്ചി കോൺഗ്രസ്സ് കമ്മിറ്റിയുടേയും ആശയ പ്രചരണമാധ്യമമായിരുന്നു. കൊച്ചി സർക്കാരിന്റെ അപ്രീതിക്കുപാത്രമായതിനാൽ കൂടുതൽ ലൈസൻസ് ഫീസ് (250 രൂപ) കൊടുക്കേണ്ടിവന്ന കൊച്ചി സംസ്ഥാനത്തിലെ ഏക വാരികയാണ് 'ദീനബന്ധു'.[62] പ്രസ്തുത വാരികയുടെ പത്രാധിപത്യം വഹിച്ചതിന്റെ പേരിൽ വി. ആർ. കൃഷ്ണനെഴുത്തച്ഛന് 1948ൽ വോട്ടവകാശം നിഷേധിക്കപ്പെട്ടു. 'ദീനബന്ധു'വിന്റെ അവസാന നാളുകളിൽ പത്രാധിപസമിതിയിൽ ഉണ്ടായിരുന്ന പി. എസ്. ഗംഗാധരൻ വള്ളിശ്ശേരിക്കാരനും ഈ പ്രദേശത്തുനിന്ന് ആദ്യമായി സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് ജയിൽവാസം അനുഷ്ഠിച്ച പി. കെ. ശങ്കുണ്ണി വൈദ്യരുടെ മകനുമാണ്.


കർഷകൻ

1123

കർഷകന്റെ ആത്മാവ്

1944–45 കാലത്ത് ഇംഗ്ലീഷ് പത്രമായ 'ഇന്ത്യൻ എക്സ്പ്രസ്സി'ന്റെ കൊച്ചി രാജ്യത്തെ പ്രത്യേക പ്രതിനിധിയായി വി. ആർ. പ്രവർത്തിച്ചിട്ടുണ്ട്. കേരള കിസാൻ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായിരുന്ന അദ്ദേഹം 'കർഷകൻ' വാരിക എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിരുന്നു. കർഷകർക്ക് താൽപ്പര്യമുള്ള ലേഖനങ്ങളും വാർത്താവിശകലനങ്ങളോടുംകൂടി പുറത്തുവന്ന പ്രസ്തുത വാരിക അവിണിശ്ശേരി ആസ്ഥാനമാക്കി പ്രവർത്തിച്ചുവന്ന മഹാത്മ പ്രസ്സിൽ നിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്.

ഉൽപതിഷ്ണുക്കളായ വിദ്യാർത്ഥികളും യുവാക്കളും ചേർന്ന് പ്രസിദ്ധീകരിച്ചിരുന്ന കയ്യെഴുത്ത് മാസികയാണ് 'യുവമിത്രം'. 1948–50 കാലയളവിൽ പ്രസിദ്ധീകരിച്ചുവന്ന 'യുവമിത്രത്തിന്റെ'

62. *വി. ആർ. കൃഷ്ണനെഴുത്തച്ഛൻ പുറം 182–198*




പത്രാധിപൻ അക്കാലത്ത് വിദ്യാർത്ഥിയായിരുന്ന എം. കെ. വാസുദേവൻ ആണ്. കഥ, കവിത, നാടകം ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ എന്നിവക്കുപുറമെ വിദ്യാർത്ഥികൾക്കായുള്ള സഹപാഠി എന്ന പംക്തിയും ഈ മാസികയിൽ ഉണ്ടായിരുന്നു. കൂടാതെ സ്വാതന്ത്ര്യസമര നേതാക്കന്മാരുടേയും, ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ പ്രാധാന്യം നേടിയ വ്യക്തികളുടേയും തൂലികാചിത്രങ്ങൾ 'യുവമിത്ര'ത്തിൽ പതിവായി ഉൾക്കൊള്ളിച്ചിരുന്നു. ഇതിനുപുറമെ സ്വതന്ത്ര രാഷ്ട്രീയ കാർട്ടൂണുകളും, 'ശങ്കേഴ്സ് വീക്കിലി'യിൽ നിന്നും എടുത്ത് മലയാള തർജ്ജമയോടെ പുനഃപ്രസിദ്ധീകരിച്ചിരുന്ന കാർട്ടൂണുകളും പ്രസ്തുത മാസികയുടെ സവിശേഷതകളാണ്.[63] 'യുവമിത്ര'ത്തിനുപുറമേ 'പെരിഞ്ചേരി ഹെറാൾഡ്', 'പുലരി' തുടങ്ങിയ കയ്യെഴുത്തു മാസികകളും കുറച്ചുകാലം പെരിഞ്ചേരിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു.[64] 1947–48 കാലയളവിൽ അവിണിശ്ശേരിയിൽനിന്നും എം. കെ. കുഞ്ഞുകുട്ടന്റെ പത്രാധിപത്യത്തിൽ 'ഗ്രാമീണൻ' എന്ന മറ്റൊരു കയ്യെഴുത്തു മാസികയും പ്രസിദ്ധീകരിച്ചിരുന്നു.

2121

1959–60 കാലയളവിൽ ഈ നാട്ടുകാരനായ പി. എസ്. ഗംഗാധരന്റെ പത്രാധിപത്യത്തിൽ 'ജീവശിഖ' എന്ന വാരിക തൃശ്ശൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു. മലബാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലായി ഏകദേശം പതിനായിരം കോപ്പികളുടെ പ്രചാരമുണ്ടായിരുന്ന പ്രസ്തുത കലാ–സാംസ്കാരിക–രാഷ്ട്രീയ വാരിക സാമ്പത്തിക പ്രതിസന്ധിമൂലം പ്രസിദ്ധീകരണം നിർത്തിവെയ്ക്കുകയാണുണ്ടായത്.[65]

92.6% സാക്ഷരതയുള്ള ഈ പ്രദേശത്ത് പത്രങ്ങൾക്കും, ആനുകാലികങ്ങൾക്കും മെച്ചപ്പെട്ട പ്രചാരമാണുള്ളത്. മുഖ്യധാരയിലുള്ള ദിനപ്പത്രങ്ങളായ 'മാതൃഭൂമി'ക്ക് എണ്ണൂറ്റി തൊണ്ണൂറും,'മലയാള മനോരമ'യ്ക്ക് നാനൂറ്റി തൊണ്ണൂറ്റിയെട്ടും കോപ്പികളുടെ ചിലവുണ്ട്. ഇംഗ്ലീഷ് ദിനപ്പത്രങ്ങളായ 'ദി ഹിന്ദു'വിന് മുപ്പത്തിയൊന്നും,'ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സി'ന് ഇരുപത്തിയഞ്ചും കോപ്പികളുടെ ചിലവുണ്ട്. ആനുകാലികങ്ങളിൽ 'മാതൃഭൂമി' 44, 'ഇന്ത്യാ ടുഡേ' (മലയാളം) 51, 'മംഗളം' 132, 'വനിത' 136, 'മലയാള മനോരമ' 748[66] എന്നിങ്ങനെയാണ് പ്രചാരത്തിന്റെ കണക്കുകൾ. ആനുകാലികങ്ങളുടെ കാര്യത്തിൽ നിലവാരമുള്ള പ്രസിദ്ധീകരണങ്ങളേക്കാൾ പൈങ്കിളി വാരികകളാണ് മുമ്പിലുള്ളത് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

*63. യുവമിത്രത്തിന്റെ പ്രതികൾ സഹിതം വിവരങ്ങൾ നൽകിയത് എം. കെ. വാസുദേവൻ, പെരിഞ്ചേരി.*
*64. ഫീൽഡ് സർവ്വെ*
*65. വിവരങ്ങൾ നൽകിയത് പി. എസ്. ഗംഗാധരൻ*
*66. കണക്കുകൾ നൽകിയത് പത്രം ഏജന്റ് എം. കെ. വസന്ത്കുമാർ.*

# 6

# ഉപസംഹാരം

ഓരോ വ്യക്തിക്കും, കുടുംബത്തിനും, സർവ്വോപരി ഓരോ പ്രദേശത്തിനും തനതായ ചരിത്രമുണ്ടെന്നുള്ള തിരിച്ചറിവാണ് പ്രാദേശിക ചരിത്രത്തിന്റെ ഈയടുത്ത കാലത്തുണ്ടായ വളർച്ച സൂചിപ്പിക്കുന്നത്. ബഹുഭൂരിഭാഗം മനുഷ്യരും അവരുടെ ജീവിതകാലം ചിലവഴിക്കുന്നത് ഒരു പ്രാദേശികഘടനക്കകത്തു നിന്നാണ്. സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വ്യവസ്ഥകളുടെ രൂപീകരണത്തിൽ ഓരോ വ്യക്തിയും ബോധപൂർവ്വമല്ലെങ്കിൽത്തന്നെയും പങ്കാളികളായിത്തീരുന്നുണ്ട്. പ്രാചീന ഉൽപ്പാദന രീതികളും, വാണിജ്യസമ്പ്രദായങ്ങളും, കലാരൂപങ്ങളും, വായ്മൊഴിയും ഭാഷയുമെല്ലാം ഈ കൂട്ടായ്മയിൽനിന്നാണ് രൂപമെടുത്തിട്ടുള്ളത്. പക്ഷെ പുത്തൻ ഉൽപ്പാദനരീതികളും സാമൂഹ്യക്രമങ്ങളും ഉടലെടുത്തതോടുകൂടി പഴയ സമ്പ്രദായങ്ങളെല്ലാം ഇന്ന് തകിടം മറിഞ്ഞിരിക്കുന്നു. തൽഫലമായി അവയെക്കുറിച്ചുള്ള നമ്മുടെ അറിവും ദിനംപ്രതി ശുഷ്ക്കിച്ചുവരുന്നു.

പ്രമാണാധിഷ്ഠിതമായ മുഖ്യധാരാചരിത്രങ്ങളിൽ (Mainstream History) ഇത്തരം നാടൻ സമ്പ്രദായങ്ങൾക്കും അനുഭവങ്ങൾക്കും സ്ഥാനം നന്നേ കുറവാണ്. പ്രമാണങ്ങൾ മിക്കപ്പോഴും ഉപരിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നതുകൊണ്ട് ഇത്തരം നാടൻ ശീലുകൾ അവയിൽ രേഖപ്പെടുത്താറുമില്ല. തന്നെയുമല്ല, പ്രമാണങ്ങളുടെ അപ്രമാദിത്വവും ഇന്ന് ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പ്രമാണാധിഷ്ഠിത തെളിവുകൾ മാനവജീവിതത്തിന്റെ ഒരു നേർത്ത പാളിയെ മാത്രമെ പ്രതിനിധീകരിക്കുന്നുള്ളൂവെന്നും അവ നിരവധി വളച്ചൊടിക്കലുകൾക്ക് വിധേയമാക്കപ്പെട്ടിരിക്കാമെന്ന തിരിച്ചറിവും പ്രബലമായിത്തീർന്നിട്ടുണ്ട്.

ഇത്തരമൊരു സാഹചര്യത്തിൽ പ്രാദേശിക ചരിത്രനിർമ്മിതിയെക്കുറിച്ച് ആലോചിക്കേണ്ടത് മറ്റൊരു വീക്ഷണകോണിൽ നിന്നായിരിക്കണമെന്നു തോന്നുന്നു. അർത്ഥവത്തായ പ്രാദേശികചരിത്രരചന സാദ്ധ്യമാകണമെങ്കിൽ പ്രമാണാധിഷ്ഠിത ചരിത്രങ്ങളുടെ പാതയിൽനിന്ന് വ്യതിചലിക്കുകയും, വിജ്ഞാനത്തിന്റെ പുതിയ ഉറവിടങ്ങൾ കണ്ടെത്തുകയും, അതിനിണങ്ങുന്ന രീതിശാസ്ത്രം രൂപപ്പെടുത്തുകയും വേണം. പ്രമാണങ്ങളെ പൂർണ്ണമായും തള്ളിക്കളയണമെന്നല്ല ഇതിനർത്ഥം. നേരെമറിച്ച്, പ്രമാണങ്ങളും ഇന്നുവരെയും രേഖപ്പെടുത്തിയിട്ടില്ലാത്ത വായ്മൊഴി പാരമ്പര്യങ്ങളും തമ്മിലുള്ള ഒരു ഏകീകരണമാണ് നടക്കേണ്ടത്. തലമുറകളായി വായ്മൊഴികളിലൂടെ

കൈമാറപ്പെടുന്ന എത്രയെത്ര അറിവുകൾ മനുഷ്യമനസ്സിൽ ഇന്നും ഒളിഞ്ഞു കിടക്കുന്നു. അല്ലെങ്കിൽതന്നെയും, വായ്മൊഴിയായിരുന്നല്ലോ എഴുത്തുവിദ്യ പ്രയോഗത്തിൽ വരുന്നതിനുമുമ്പുള്ള മനുഷ്യന്റെ ആശയവിനിമയോപാധി. പ്രമാണങ്ങൾ മൗനം ദീക്ഷിക്കുന്ന നിരവധി സംഭവങ്ങൾ വായ്മൊഴി പാരമ്പര്യത്തിലൂടെ നമ്മിൽ എത്തിചേരുന്നുണ്ടെന്നുള്ളതും ശ്രദ്ധേയമായ ഒരു വസ്തുതയാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം, പാശ്ചാത്യനാടുകളിൽ നിന്ന് വ്യത്യസ്ഥതമായി, പ്രാദേശിക ചരിത്രപഠനം വളരെ മന്ദഗതിയിലാണ് നടന്നുവരുന്നത്. ഈ നില മാറിയെതീരൂ. അല്ലെങ്കിൽ ഓരോ തലമുറയും അവയുടെ പ്രാദേശികഘടനക്കുള്ളിൽ നിന്നുകൊണ്ട് നെയ്തെടുത്തിട്ടുള്ള അനുഭവങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെടുകയും, പ്രദേശങ്ങൾ സ്ഥിരമായി പ്രാന്തവത്ക്കരിക്കപ്പെടുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ശോച്യാവസ്ഥ തരണം ചെയ്യണമെങ്കിൽ ചരിത്രരചനക്ക് സർവ്വകലാശാലകളെമാത്രം ആശ്രയിക്കുന്ന ഇന്നത്തെ രീതി മാറുകയും, പ്രദേശിക ചരിത്രരചനക്കുള്ള ശ്രമങ്ങൾ അതാതു പ്രദേശങ്ങളിൽ നിന്നുതന്നെ ഉണ്ടാവുകയും വേണം. ഓരോ പ്രദേശങ്ങളിൽ നിന്നും ചരിത്രനിർമ്മിതിക്കാവശ്യമായ തെളിവുകൾ – കത്തുകൾ, ഡയറികൾ, കയ്യെഴുത്തുമാസികകൾ, ഫോട്ടോകൾ, താളിയോലഗ്രന്ഥങ്ങൾ, ഗ്രന്ഥവരികൾ, നാടൻപാട്ടുകൾ, പഴമൊഴികൾ തുടങ്ങിയവ – ശേഖരിക്കാവുന്നതാണ്. കൂടാതെ പഴമക്കാരിൽനിന്നും കിട്ടാവുന്ന അമൂല്യമായ അറിവ് ശാസ്ത്രീയമായി ആസൂത്രണം ചെയ്ത അഭിമുഖങ്ങളിലൂടെ രേഖപ്പെടുത്തുകയൊ കാസറ്റുകളിൽ പകർത്തുകയൊ ചെയ്യാം. ഇത്തരത്തിലുള്ള തെളിവുകൾ കണ്ടെത്തുന്നതിനും, സൂക്ഷിക്കുന്നതിനും, പ്രസിദ്ധീകരിക്കുന്നതിനും, പ്രാദേശികതലത്തിൽ സംവിധാനം ഉണ്ടാവുകയും വേണം. ചരിത്രനിർമ്മിതിക്കായി പരിശീലനം ലഭിച്ച ഗവേഷകരുടെ സഹായം ആവശ്യമുള്ള ഘട്ടത്തിൽ തേടുന്നത് നന്നായിരിക്കും.

ഇത്തരത്തിലുള്ള ഒരുൾക്കാഴ്ചയോടും തിരിച്ചറിവോടും കൂടി ഈ ദേശചരിത്രം ഇവിടെ അവസാനിക്കുകയാണ്. ഈ പ്രദേശത്തിന്റെ ചരിത്രം പൂർണ്ണമായൊ കുറ്റമറ്റതായൊ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അവകാശപ്പെടുന്നില്ല. പോരായ്മകൾ ഏറെ ഉണ്ടാകാം. അവിണിശ്ശേരിയുടെ ചരിത്രത്തിലേയ്ക്കുള്ള ഒരു പ്രവേശികയായി ഇത് വർത്തിക്കുമെന്നും, ചർച്ചകളിലൂടെയും ക്രിയാത്മക വിമർശന – നിർദ്ദേശങ്ങളിലൂടെയും ഇതിനെ കൂടുതൽ അർത്ഥവത്താക്കാൻ ഭാവിയിൽ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

■

### അനുബന്ധം 1

## ഭരണസമിതി 1978 – 2000

| | |
|---|---|
| 1–4–1978 | പഞ്ചായത്ത് രൂപീകരിച്ചു ഉത്തരവായി. |
| 5–4–1978 | പഞ്ചായത്ത് ഇൻസ്പെക്ടർ ശ്രീമതി പി.കെ. ശാന്തകുമാരി സ്പെഷൽ ഓഫീസറായി പ്രവർത്തനം ആരംഭിച്ചു. |
| 30–9–1979 | വരെ സ്പെഷൽ ഓഫീസർ ഭരണം തുടർന്നു. |
| 1–10–1979 | ശ്രീ. വി.കെ. ജയഗോവിന്ദൻ പ്രസിഡണ്ടായി ഭരണമേറ്റു<br>ശ്രീ. കെ.എൻ. ചന്ദ്രൻ, വൈസ്പ്രസിഡണ്ട് |

### മറ്റു ഭരണസമിതി അംഗങ്ങൾ

1. കെ.എ. ശങ്കരൻ, 2. പി.വി. കുമാരൻ 3. എ.എസ്. ചന്ദ്രൻ
4. പി.എ. നാണുമാസ്റ്റർ 5. പി.കെ. ചന്ദ്രമതി 6. വി.എൻ. ശങ്കരൻ എഴുത്തച്ഛൻ

| | |
|---|---|
| 27-10-84 | ഭരണസമിതി പിരിച്ചുവിട്ടു താലൂക്ക് പഞ്ചായത്ത് ഓഫീസർ |
| 28-1-88 | സ്പെഷൽ ഓഫീസർ ചാർജ്ജ് |
| 29-1-88 | വീണ്ടും പഞ്ചായത്ത് ഇലക്ഷൻ നടന്നു. |
| 9-2-88 | ഭരണ സമിതി നിലവിൽവന്നു.<br>ശ്രീ. പി.എ. നാണുമാസ്റ്റർ, പ്രസിഡണ്ട്. (10–8–90 വരെ)<br>ശ്രീ. പി.എം. രവീന്ദ്രൻ, വൈസ്പ്രസിഡണ്ട് |
| (31-8-90 to 30-9-95) | ശ്രീ. വി.എൻ. ശങ്കരൻ എഴുത്തച്ഛൻ, പ്രസിഡണ്ട്. |

### മെമ്പർമാർ

പി.കെ. വേലായുധൻ, പി.ആർ. കുട്ടപ്പൻ, പി.ആർ. സാവിത്രി., വി.എൻ. ശങ്കരൻ എഴുത്തച്ഛൻ, സി.കെ.പങ്കജം, പി.എ.റപ്പായി, ടി.വി. മോഹനൻ

### ഭരണസമിതി

| | |
|---|---|
| 4-10-95 | പ്രസിഡണ്ട്, പി.എം. രവീന്ദ്രൻ (24-4-98)<br>വൈസ്. പ്രസിഡണ്ട് പി.എ. നാണുമാസ്റ്റർ |
| 28-5-98 മുതൽ | വി.കെ. ജയഗോവിന്ദൻ, പ്രസിഡണ്ട് (1-11-99വരെ) |
| 24-11-99 മുതൽ | പി.എ. നാണുമാസ്റ്റർ, പ്രസിഡണ്ട്<br>ശ്രീമതി. ഇ.എൻ. മാധവി, വൈസ്പ്രസിഡണ്ട്<br>ശ്രീ. വി.എൻ. ശങ്കരൻ എഴുത്തച്ഛൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ<br>ശ്രീ. പി.ഡി. സുരേഷ്ബാബു മെമ്പർ<br>ശ്രീ. സി.കെ. നന്ദകുമാർ "<br>ശ്രീമതി കെ.എസ്. ശാന്തകുമാരി "<br>ശ്രീമതി വിമലബാലൻ " |

അനുബന്ധം 2

# ഫീൽഡ് സർവ്വേയിൽ പങ്കെടുത്തവർ

1. അനിത കെ. ആർ.
2. സിന്ധു. പി. എ
3. നിഷ ദാമോദരൻ
4. ഷെമി. കെ. ആർ
5. രമണി രാഘവൻ
6. കെ. ജി. രാമചന്ദ്രൻ, സൂപ്പർവൈസർ
7. വത്സലകുമാരി. പി. ജി.
8. സവിത. കെ. കെ.
9. പ്രജിത. എം. ജെ.
10. ശോശാമ്മ. സി. ജെ.
11. ഉഷ. കെ. എസ്.
12. ശാന്തകുമാരി. സി.
13. സുജാത. എം. എ.
14. ശ്രീരേഖ. കെ. വി.
15. ലത സുരേഷ്
16. ശാന്തി. സി. എ.
17. അംബിക കുട്ടൻ
18. വിത്സൺ. എ. എ.
19. ലിസ്സി. പി. ജെ.
20. റീന. എ. ആർ

അനുബന്ധം 3

ത്ര്യാദയാകുന്നു. ആറാമത ഉഷപൂജയ്ക്കും വിളക്കിനു എണ്ണയ്ക്കും മകരസംക്രാന്തി പൂജയ്ക്കും അരിമ്പൂചെരിക്കലെവും എതിരത്തെ പൂജയ്ക്കു പയ്യാക്കരെ ചെരിക്കലെവും പന്തീരടി പൂജയ്ക്ക എടവനൊട്ട ചെരിക്കലെവും ഉച്ചപൂജയ്ക്കും അഗ്രത്തിനും കക്കടക സംക്രാന്തി വിശേഷപൂജയ്ക്കും തൃപ്പുത്തരി വിശേഷപൂജയ്ക്കും പൂയം വിശേഷ പൂജയ്ക്കും കണിവയ്പിനും കൂത്തിനും പട്ടിണിനമ്പിക്കുളര് നമ്പൂതിരിപ്പാന്മാക്കും ത്രി ഭട്ടതിരിമാക്കും ഭാരത ഭട്ടതിരിമാക്കും അകക്കോയ്മക്കും ശാന്തിവരുത്തി മുതലായതിനും ഇവക്കു ജീവിതവും പള്ളിപുറം പൊറത്തൂര് പെരിഞ്ചേരി ഈ മൂന്നു ചെരിക്കലെവും അത്താഴ പൂജയ്ക്കു ഒല്ലൂച്ചെരിക്കലെവും ഇഞ്ചമുടി കാറളം പാലൈക്കരെ മണലൂര ഈവക ചെരിക്കലെങ്ങളും ഒക്കെയും തച്ച ചെരിക്കലെമായിട്ടും ഭണ്ഡാര ചെരിക്കലെമായിട്ടുംയത്രെ ആകുന്നു. കരിക്കൊട്ട മൂതൽ എഴുത്തുകല്ലുവരെ 36 കാതം മല എരട്ടയപ്പനുതന്നെ ആകുന്നു. മലസ്സുകാരാം കൂറായിട്ട എടവനൊട്ട നമ്പിടിയത്രെ ആകുന്നു. മലയിൻകാരാംകൂറ സ്ഥാനം എടവനൊട്ട നമ്പിടി ആകകൊണ്ടു. നമ്പിടി മലയിൽ ഉള്ളട്ട മുതലുകളും എടുത്ത ആനയും കഴി കത്തിപ്പിച്ച് ദേവസ്വത്തിൽ ബോധിപ്പിച്ച് മൂന്നിലൊന്നു കാരാംകൂറ് സ്ഥാനത്തിന്നു അവകാശം ഉള്ളതും പററി നടന്നുവരുമ്പോൾ എടവനൊട്ട് നമ്പിടി അന്യംവന്നു പോകകൊണ്ടു മലയിൽ കാരാംകൂറ് സ്ഥാനം അയിനിക്കുററിൽ നമ്പിടിയ്ക്കും പുന്നത്തൂര് നമ്പിടിയ്ക്കുംകൂടി ഒതുങ്ങുകകൊണ്ടു് മലയിൽ കാരാംകൂറ് സ്ഥാനം അവർ നടവന്നിരുന്നു. പിന്നെ ആഴ്വ പെരുമ്പടപ്പ് സ്വരൂപത്തുംകലേയ്ക്കു ഒതുങ്ങുകകൊണ്ടു യോഗത്തുംകൽനിന്നു അനുസരിച്ച എഴുതിക്കൊടുത്തിരിക്കുന്നു. ഗ്രാമത്തിലേയ്ക്കും ക്ഷേത്രത്തിലേയ്ക്കും മേക്കോയ്മസ്ഥാനം മുമ്പിനാൽത്തന്നെ പെരുമ്പടപ്പ് സ്വരൂപത്തുംകലേയ്ക്കു ആകുന്നു.

*കൊല്ലവർഷം 898-ലെ പെരുവനം ക്ഷേത്രഗ്രന്ഥവരിയിൽനിന്ന്*

## അനുബന്ധം 4

# *Perinchery Ezhuthachan Bank, Limited,*

**PERINCHERY.**

# പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്ക് (ക്ലിപ്തം,)

പെരിഞ്ചേരി.

## I. യോഗനിയമങ്ങൾ.

പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്ക്, ലിമിററഡ് എന്ന കമ്പനി 1097 തുലാമാസം 19-ാംനു-യിലെ വിളംബരപ്രകാരം കൊച്ചി രാജ്യത്തിൽ നടപ്പിൽ വരുത്തിയ 1918-ലെ 7-ാം ആക്ടായ 1918 ഇൻഡ്യൻ കമ്പനികളുടെ ആക്ടിലെ നിശ്ചയങ്ങൾ പ്രകാരവും അവയെ അനുസരിച്ചും ക്ലിപ്ത ബാദ്ധ്യതയോടുകൂടി ഏർപ്പെടുത്തിട്ടുള്ളതാകുന്നു. എന്നാൽ മേൽപറഞ്ഞ ഇൻഡ്യൻ കമ്പനികളുടെ ആക്ടിലെ ഒന്നാംഷെഡ്യൂളിലെ (എ) പട്ടികയിലുള്ള ചട്ടങ്ങളിൽ ഈ നിയമങ്ങളിൽ ചേർത്തിട്ടുള്ളവയൊഴികെ ബാക്കി ഒന്നും ഈ കമ്പനിക്ക് ബാധകമല്ല.

2. ഈ കമ്പനി മെമ്പർമാരുടെ ഒരു പ്രത്യേക തീർപ്പുകൊണ്ട കമ്പനി ആക്ട് അനുസരിച്ച് ബാങ്കിന്റെ മെമ്മോറാണ്ഡത്തെയൊ നിയമങ്ങളെയൊ മുഴുവനുമൊ ഏതാനുമൊ ദുർബ്ബലമാക്കാവുന്നതും പരിഷ്കരിക്കാവുന്നതും പുതിയ നിയമങ്ങളെ ഉണ്ടാക്കാവുന്നതുമാകുന്നു.

## II. വ്യാഖ്യാനങ്ങൾ.

3. വിഷയത്തിലൊ സന്ദർഭത്തിലൊ വിരോധമായി യാതൊന്നുമില്ലാത്തപക്ഷം താഴെ പറയുന്ന പദങ്ങൾക്ക് താഴെ കാണിക്കുന്ന വ്യാപ്തിയും അർത്ഥവുമുണ്ടായിരിക്കും.

(a) കമ്പനി എന്നാൽ "പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്ക്, ലിമിറ്റഡ്" എന്ന് അർത്ഥമാകുന്നു.

(b) കമ്പനി ആക്ട് എന്നാൽ കൊച്ചി മഹാരാജാവ് തിരുമനസ്സിലെ 1097 തുലാം 19-ാംനു-യിലെ കൊച്ചി രാജകീയ വിളംബരത്താൽ നടപ്പിൽ വരുത്തിയ 1918-ലെ ഇൻഡ്യൻ കമ്പനികളുടെ ആക്ട് എന്നാകുന്നു.

1922ൽ സ്ഥാപിതമായ
പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്കിന്റെ യോഗമെമ്മോറാണ്ടം

അനുബന്ധം 5

# അഖിലകൊച്ചി ഖാദിട്രസ്റ്റ്

## ട്രസ്റ്റാധാരം

തൃശ്ശിവപേരൂർതാലൂക്ക് അടാട്ടുവില്ലേജ് ദേശത്തു് മലയാള ബ്രാഹ്മണൻ കരുതമനക്കൽ അഷ്ടമൂർത്തി നമ്പൂതിരിപ്പാടിലെമകൻ 51 വയസ്സ് കച്ചവടം 1. നീലകണ്ഠൻ നമ്പൂതിരിപ്പാടും കൊച്ചി കണയന്നൂർ താലൂക്ക് മട്ടാഞ്ചേരിവില്ലേജ് രാമേശ്വരംമുറിയിൽ പള്ളിയിൽപറമ്പിൽ താമസിക്കും ഗോവർദ്ധൻ ഗംഗാപാരിജി മകൻ 32വയസ്സു കച്ചവടം 2. അമൃതലാൽ ഗോവർദ്ധൻലാലൻ സേട്ടും 3. കി. താലൂക്ക് എറണാകുളം വില്ലേജിൽ എറണാകുളം മിൽറവിൽ ഇരിക്കും കെ. ആർ. അച്യുതൻപിള്ള മകൻ നായർ 41 വയസ്സ് കച്ചവടം കണ്ണൂരോടത്തു് പുലപ്പായിൽ കെ. പി. മാധവൻനായരും. 4. മേപ്പടി എറണാകുളം വില്ലേജ് ചിറവുംമുറിയിൽ പുതുമനമഠത്തിൽ ബ്രാഹ്മണൻ മുത്തു കൃഷ്ണയ്യർ മകൻ 50 വയസ്സ് വ്യവസായം സി. കെ. രാമയ്യരും 5. മുകുന്ദപുരം താലൂക്ക് ഇരിഞ്ഞാലക്കുടവില്ലേജ് ദേശത്ത് വട്ടപ്പറമ്പിൽ വീട്ടിൽ നായർ കല്യാണി അമ്മ മകൻ 44 വയസ്സ് അഡ്വൊക്കേററ് രാമൻമേനോനും 6. തൃശ്ശിവപേരൂർ താലൂക്ക് എടക്കുന്നിവില്ലേജ് ദേശത്ത് എടക്കുന്നിവാരിയത്ത് വാരിയർ പാറുകുട്ടി വാരസ്യാര് മകൻ 57വയസ്സ് അഡ്വൊക്കേററ് ഇ. ഇക്കണ്ടവാരിയരും 7.ടി.താലൂക്ക് തൃശ്ശിവപേരൂർ വില്ലേജ ചിറക്കൽ ദേശത്ത് തെക്കെകൊട്ടിലിൽ അമ്പലവാസി കുഞ്ഞുകുട്ടിഅമ്മ മകൻ 36 വയസ്സ് വക്കീൽ ബാലകൃഷ്ണമാരാരും 8. കൊച്ചി കണയന്നൂർ താ

—15—

| | | |
|---|---|---|
| ടി. | നീലകണ്ഠൻ നമ്പൂതിരിപ്പാട് | (ഒപ്പ്) |
| ,, | അമൃതലാൽ ഗോവർദ്ധൻലാലൻസേട്ട | ,, |
| ,, | മാധവൻ നായർ. | ,, |
| ,, | രാമയ്യർ. | ,, |
| ,, | രാമൻ മേനോൻ. | ,, |
| ,, | ഇക്കണ്ടവാരിയർ. | ,, |
| ,, | ബാലകൃഷ്ണമാരാർ. | ,, |
| ,, | മാണി. | ,, |
| ,, | ലാസർ. | ,, |
| ,, | നാരായണൻ നമ്പൂതിരി. | ,, |
| ,, | കൃഷ്ണനെഴുത്തച്ഛൻ. | ,, |
| ,, | നാരായണൻ നമ്പീശൻ. | ,, |
| ,, | മാധവമേനോൻ. | ,, |
| ,, | കൃഷ്ണൻ. | ,, |
| ,, | പച്ചയപ്പഗൌഡർ. | ,, |
| ,, | പവിഴം മാധവൻനായർ. | ,, |
| ,, | കമലാനമ്പീശൻ. | ,, |
| ,, | കഞ്ഞൻ നമ്പൂതിരിപ്പാട്. | ,, |
| ,, | ഗംഗാധരമേനോൻ. | ,, |
| ,, | മേരി ജോർജ്ജ്. | ,, |
| ,, | കൃഷ്ണയ്യർ. | ,, |

## അനുബന്ധം 6

### പെരിഞ്ചേരി എഴുത്തച്ഛൻ യുവജനരക്ഷാസംഘത്തിന്റെ

# ൧-ാം വാർഷികറിപ്പോർട്ട്.

പ്രവൃത്തികൾ. ഗതാഗതസൌകര്യങ്ങളുണ്ടാക്കൽ, ശുചീകരണം, പെരിഞ്ചേരി സ്കൂളിലെ ദരിദ്രന്മാരായ വിദ്യാർത്ഥികൾക്കു സ്ലേറ്റ്, പുസ്തകങ്ങൾ മുതലായവ വാങ്ങിച്ചുകൊടുക്കൽ എന്നീ കാര്യങ്ങളിൽ സംഘം പതിവുപോലെ ഇക്കൊല്ലത്തിലും ശ്രദ്ധവെച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസത്തിന്നു സഹായവായ്പയായി ശ്രീമാൻ പി. ആർ. കൃഷ്ണനെഴുത്തച്ഛൻ അവർകൾക്കു ൫൦ ക ഇക്കൊല്ലവും കൊടുക്കുകയുണ്ടായി. കൂടാതെ, ഒരു രാത്രിസ്കൂൾ നടത്തുന്നതിന്നു വേണ്ട സ്ഥലസൌകര്യവും ഇവിടെ നടത്തിവരുന്ന സാഹിത്യമണ്ഡലത്തിന്നു വിളക്കുവെപ്പു ചിലവും അനുവദിച്ചുകൊടുത്തിട്ടുണ്ട്. പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്കിന്റെ ആപ്പീസ്സിന്നുള്ള സ്ഥലം ഒരു മാസത്തേക്കു സൌജന്യമായും പിന്നീടു മാസമൊന്നുക്കു ൧ ക വീതം വാടകക്കും കൊടുത്തിട്ടുള്ളതിന്നു പുറമെ ആ ആവശ്യത്തിന്നായി സംഘം കെട്ടിടത്തിന്റെ പടിഞ്ഞാറെ മുറി നൂറോളം ഉറുപ്പിക ചിലവുചെയ്തു തട്ടിടുകയും ചെയ്തിട്ടുണ്ട്. സംഘം വക ചക്കാലക്കൽ അയ്യപ്പനെഴുത്തച്ഛൻ സ്മാരകവായനശാലയുടെ ആവശ്യാർത്ഥം "മാതൃഭൂമി" "എഴുത്തച്ഛൻ" എന്നീപത്രങ്ങളും "വിദൂഷകൻ" മാസികയും വരുത്തുകകൂടി ചെയ്യുന്നുണ്ട്. ഇവയ്ക്കും പുറമെ സംഘത്തിലെ പണത്തിന്മേലുള്ള പലിശ മാസത്തിൽ ക ഒന്നുക്ക് ൨ പൈ വീതമാക്കിയും പിഴ ൧ കയിന്മേൽ മാസത്തേക്കു ൨ പൈ വീതമുണ്ടായിരുന്നതു ൧ പൈ ആക്കിയും കുറച്ചിട്ടുണ്ടായി. എന്നുതന്നെയല്ല ൧൧൦൫ ധനുവിലെ പൊതുയോഗത്തിൽവെച്ചു നടന്ന പ്രവർത്തകസംഘയോഗത്തിൽ കടം വാങ്ങി മടക്കി അടക്കുന്നവർക്കു പിഴ ഒഴിവാക്കിക്കൊടുക്കാൻ തീരുമാനിക്കയും ചെയ്തു. പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്കിൽ ൨൦ ഓഹരിയും അതിൽനിന്നു തുടങ്ങിയിട്ടുള്ള കുറിയിൽ ൨ നമ്പ്രും സംഘം ചേർന്നിട്ടുണ്ട്. സംഘാദ്ധ്യക്ഷൻ എല്ലാ കാലത്തും ബാങ്കിലെ ഡയറക്ടർ ബോർഡിൽ ഒരംഗമായിരിക്കുന്നതുമാണ്. സംഘകാര്യങ്ങളിൽ ത്യാഗബുദ്ധിയോടുകൂടി ഇതുവരേയും മുന്നിട്ടുനിന്നു ഗണ്യങ്ങളായ പ്രവൃത്തികൾ ചെയ്തുവന്നിട്ടുള്ള ശ്രീമാൻ എം. കെ. കണ്ടുഎഴുത്തച്ഛൻ അവർകൾക്കു സംഘത്തിന്നു അദ്ദേഹത്തിന്റെ പേരിലുള്ള നന്ദിയെ പ്രദർശിപ്പിക്കുന്നതിന്നായി ഒരു പാരിതോഷികം നൽകുവാൻ പൊതുയോഗം നിശ്ചയിച്ചിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

യോഗങ്ങൾ. ൧൨ സാധാരണയോഗങ്ങൾ, ഒരു പ്രത്യേകയോഗം, ൨൧ പ്രവർത്തകസംഘയോഗങ്ങൾ എന്നിവയാണ് പ്രസ്തുതവർഷത്തിൽ കൂടിയിട്ടുള്ളത്.

ധനസ്ഥിതി. സംഘത്തിന്റെ ധനസ്ഥിതിയെ വിവരിക്കുന്നതായ ഒരു പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. അതിൽനിന്നു ഇക്കൊല്ലത്തെ ആദായം [illegible] ക [illegible] ണ ൧ പൈ ആണെന്നു കാണാവുന്നതാണ്. മുൻകൊല്ലത്തെ അപേക്ഷിച്ചുനോക്കുമ്പോൾ കാണുന്ന ന്യൂനത [illegible] കയുടെ കുറവിന്നു കാരണം പലിശയും പിഴയും ചുരുക്കിയതാണ്.


ഉപസംഹാരം. ഈ സംഘത്തിന്റെ ൧ കൊല്ലകാലത്തെ നിലനില്പിനെ പൂർണ്ണമായും ന്യായീകരിച്ചിട്ടുള്ള അതിന്റെ ഉൽക്കർഷപ്രദങ്ങളായ പ്രവൃത്തികൾ മേലിലും തടവുകൂടാതെയും കൂടുതൽ ഊർജ്ജിതമായും നടത്തുന്നതിന്നു തൽപ്രവർത്തകന്മാർ ശേഷിയുള്ളവരായിത്തീരുവാൻ പ്രാർത്ഥിക്കമാത്രം ചെയ്തു ഈ റിപ്പോർട്ടിനെ പ്രവർത്തകസംഘത്തിന്റെ അനുമതിയോടുകൂടി നിങ്ങളുടെ മുമ്പാകെ വെച്ചുകൊള്ളുന്നു.

പെരിഞ്ചേരി എഴുത്തച്ഛൻ യുവ
ജനരക്ഷാസംഘം ആപ്പീസ്സ്,
പെരിഞ്ചേരി,
൧൧൦൫ മേടം ൨൭-ാംനു.


എന്ന്
കാര്യദർശിമാർ
൧. പി. സി. നാരായണനെഴുത്തച്ഛൻ.
൨. എം. കെ. രാമനെഴുത്തച്ഛൻ.

1105. 625

അനുബന്ധം 7



കുട്ടൻകുളങ്ങര ക്ഷേത്രസമീപത്തുനിന്നും നന്നങ്ങാടി കണ്ടെടുത്തപ്പോൾ . . . .


MAP OF AVINISSERY GRAMA PANCHAYAT
N
KOORKENCHERY GRAMA PANCHAYAT
OLLUR GRAMA PANCHAYAT
OLLUR GRAMA PANCHAYAT
PARALAM GRAMA PANCHAYAT
CHERPPU GRAMA PANCHAYAT
VALLACHIRA GRAMA PANCHAYAT
TO THRISSUR
TO OLLUR CHURCH
TO ERNAKULAM
TO THRISSUR
BOAT JETTY
KORATTIKADAN
ALPS PALISSERY
PALAKKAL JUNCTION
BLOCK OFFICE
VILLAGE OFFICE
POWER LOOM
HELTH CENTRE
ANAKKALLU JUNCTION
PALAKKAL ANAKKALLU ROAD
ST. JOSEPHS SCHOOL
PANCHAYAT OFFICE
ALPS PERINCHERY
THATHAM KULAM
BALASAMAJAM ROAD
ARAMBALLU JUNCTION
CHERUSSERY ROAD
SANTHA ROAD
KIZHETHRIKOVIL TEMPLE
MELE THRIKOVIL TEMPLE
THAIKKATTUSSERY
TO KODUNGALLUR
TO AMMADAM

# പ്രമാണങ്ങൾ

## പ്രാഥമിക പ്രമാണങ്ങൾ

1. പെരുവനം ഗ്രന്ഥവരി, പെരുവനം മഹാദേവക്ഷേത്രം നവീകരണ കലശോപഹാരത്തിന് പ്രസിദ്ധീകരിച്ചത്, തൃശ്ശൂർ, 1979

2. എഴുത്തച്ഛൻ മഹാസമാജത്തിന്റെ കൊല്ലവർഷം 1098 മുതൽ 1123 വരെ ലഭ്യമായ മിനിറ്റ്സ്, അഖില കേരള എഴുത്തച്ഛൻ സമാജം ശാഖ, പെരിഞ്ചേരി.

3. എഴുത്തച്ഛൻ യുവജന രക്ഷാസംഘത്തിന്റെ നടപടിനിയമങ്ങൾ, തൃശ്ശിവപേരൂർ കൊല്ലവർഷം, 1098.

4. കൊല്ലവർഷം 1123 ധനു 6നും മകരം 4 നും കൂടിയ എഴുത്തച്ഛൻ സമാജത്തിന്റെ പ്രൊസീഡിങ്ങ്സ്.

5. പെരിഞ്ചേരി എഴുത്തച്ഛൻ യുവജനസംഘത്തിന്റെ കൊ.വ 1102 ലെയും 1105 ലെയും വാർഷിക റിപ്പോർട്ട്.

6. പെരിഞ്ചേരി എഴുത്തച്ഛൻ ബാങ്ക് (ക്ലിപ്തം) യോഗമെമ്മോറാണ്ടം, പെരിഞ്ചേരി, കൊ.വ 1097 തുലാം 19.

7. അഖില കൊച്ചി ഖാദിട്രസ്റ്റാധാരം, തൃശ്ശൂർ, 1947, സെപ്തംബർ.

8. അഖില കൊച്ചി ഖാദി ട്രസ്റ്റ് പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്, തൃശ്ശൂർ, 1948.

9. 736–ാം നമ്പർ അഖിലകൊച്ചിൻ പ്രസിദ്ധീകരണ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, തൃശ്ശൂർ, 1124 കന്നിമാസം 2–ാം തിയ്യതി.

10. ദീനബന്ധുപത്രം, (എഡിറ്റർ) വി.ആർ. കൃഷ്ണനെഴുത്തച്ഛൻ എറണാകുളം 1122, ചിങ്ങം 6,11,13

11. കർഷകൻ വാരിക, അവിണിശ്ശേരി കൊ.വ 1123 മീനം 2

12. പ്രാദേശിക ചരിത്രനിർമ്മിതിക്കുവേണ്ടി അവിണിശ്ശേരി പഞ്ചായത്ത് നടത്തിയ ഫീൽഡ് സർവ്വേ റിപ്പോർട്ട് ഫയൽ ഒന്നു മുതൽ ഏഴ് വരെ, 1998

13. ഒമ്പതാം പദ്ധതി രേഖ: അവിണിശ്ശേരി പഞ്ചായത്ത്, 1998

14. 'യുവമിത്രം' കയ്യെഴുത്തുമാസിക, (എഡിറ്റർ) എം.കെ. വാസുദേവൻ, പെരിഞ്ചേരി കൊ.വ. 1124 തുലാം 1124 മിഥുനം, 1124 കർക്കിടകം 1125 ചിങ്ങം, 1125 എടവം എന്നീ ലക്കങ്ങൾ

## അഭിമുഖം

1. വി.ആർ. കൃഷ്ണനെഴുത്തച്ഛൻ, അവിണിശ്ശേരി.
2. എ.എൻ. രാമകൃഷ്ണൻ മാസ്റ്റർ, പെരിഞ്ചേരി.
3. മേലെമുല്ലനേഴി രാമൻ നമ്പൂതിരി, അവിണിശ്ശേരി.
4. തുമ്പയിൽ കുട്ടപ്പൻ, അവിണിശ്ശേരി.
5. പുഴക്കടവിൽ ബാലൻ, അവിണിശ്ശേരി.
6. പി.എസ്. ഗംഗാധരൻ, തൃശ്ശൂർ.
7. സി.ജി. ബാലൻമാസ്റ്റർ, പെരിഞ്ചേരി.

## ആലംബഗ്രന്ഥങ്ങൾ


1. പത്മനാഭമേനോൻ കെ.പി., കൊച്ചി രാജ്യചരിത്രം, ഭാരതവിലാസം, തൃശ്ശൂർ, 1912.
2. ഉള്ളൂർ, കേരള സാഹിത്യചരിത്രം വാ. 2, 3-ാം പതിപ്പ്, കേരള സർവ്വകലാശാല 1967.
3. കെ.പി. മാധവൻ നായർ ഉപഹാരഗ്രന്ഥം, 75-ാം ജന്മദിനാഘോഷ കമ്മറ്റി, എറണാകുളം, 1979.
4. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ ഷഷ്ടിപൂർത്തി സ്മാരകഗ്രന്ഥം, 1969.
5. രാഘവവാരിയർ എം.ആർ., മദ്ധ്യകാല കേരളം: സമ്പത്ത്, സാമൂഹ്യം, സംസ്കാരം, ചിന്താ പബ്ലിക്കേഷൻസ്, തൃശ്ശൂർ, 1997.
6 പ്രജാമണ്ഡലം സ്മരണകൾ, 2-ാം പതിപ്പ്, എറണാകുളം, 1993.
7. കൃഷ്ണനെഴുത്തച്ഛൻ സി.ആർ., എന്റെ ജീവിതയാത്ര, ഗ്രന്ഥകാരൻ തന്നെ പ്രസിദ്ധീകരിച്ചത്, 1964.
8.. കൃഷ്ണനെഴുത്തച്ഛൻ വി.ആർ., ആത്മകഥ, കറന്റ് ബുക്സ്, കോട്ടയം, 1997.
9. ബാലകൃഷ്ണകുറുപ്പ് കെ., വിശ്വാസത്തിന്റെ കാണാപ്പുറങ്ങൾ, മാതൃഭൂമി, കോഴിക്കോട്, 1998.
10. രാഘവവാരിയർ, രാജൻ ഗുരുക്കൾ, കേരള ചരിത്രം, വള്ളത്തോൾ വിദ്യാപീഠം, 1996.
11. ഗണേഷ് കെ., കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക വകുപ്പ്, 1997.
12. *Kerala Through the Ages*, Dept of Publication Trivandrum 1976
13. Sreekumaran Nair M.P. (Ed) *Mahavir Nirvan Souvenir*, Department of History University of Calicut and Mahavir Nirvan Celebration Committee Calicut 1974
14. Kesavan Veluthat *Brahmin Settlements in Kerala* (Sandhya Pub) 1978.
15. Narayanan M.G.S., *Perumals of Kerala* (Published by the author) Calicut, 1996.
16. Edgar Thurston, *Castes and Tribes in South India* (Reprint) Cosmos publications, (Reprint) Delhi 1999.
17. Ananthakrishna Iyer L.K. *The Cochin Castes & Tribes*, Madras, 1912.

PC Library & Research Center

# ദേശചരിത്രം

## അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

ടി.ആർ. വേണുഗോപാലൻ

ഓരോ വ്യക്തിക്കും, കുടുംബത്തിനും, സർവ്വോപരി ഓരോ പ്രദേശത്തിനും തനതായ ചരിത്രമുണ്ടെന്നുള്ള തിരിച്ചറിവാണ് പ്രാദേശിക ചരിത്രത്തിന്റെ ഈയടുത്ത കാലത്തുണ്ടായ വളർച്ച സൂചിപ്പിക്കുന്നത്. ബഹുഭൂരിഭാഗം മനുഷ്യരും അവരുടെ ജീവിതകാലം ചിലവഴിക്കുന്നത് ഒരു പ്രാദേശികഘടനക്കകത്തു നിന്നാണ്. സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക വ്യവസ്ഥകളുടെ രൂപീകരണത്തിൽ ഓരോ വ്യക്തിയും ബോധപൂർവ്വമല്ലെങ്കിൽത്തന്നെയും പങ്കാളികളായിത്തീരുന്നുണ്ട്. പ്രാചീന ഉൽപ്പാദനരീതികളും, വാണിജ്യസമ്പ്രദായങ്ങളും, കലാരൂപങ്ങളും, വായ്മൊഴിയും ഭാഷയുമെല്ലാം ഈ കൂട്ടായ്മയിൽനിന്നാണ് രൂപമെടുത്തിട്ടുള്ളത്. പക്ഷെ പുത്തൻ ഉൽപ്പാദനരീതികളും സാമൂഹ്യക്രമങ്ങളും ഉടലെടുത്തതോടുകൂടി പഴയ സമ്പ്രദായങ്ങളെല്ലാം ഇന്ന് തകിടം മറിഞ്ഞിരിക്കുന്നു. തൽഫലമായി അവയെക്കുറിച്ചുള്ള നമ്മുടെ അറിവും ദിനംപ്രതി ശുഷ്ക്കിച്ചുവരുന്നു.

പ്രമാണാധിഷ്ഠിതമായ മുഖ്യധാരാചരിത്രങ്ങളിൽ (mainstream history) ഇത്തരം നാടൻ സമ്പ്രദായങ്ങൾക്കും അനുഭവങ്ങൾക്കും സ്ഥാനം നന്നേ കുറവാണ്. പ്രമാണങ്ങൾ മിക്കപ്പോഴും ഉപരിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നതുകൊണ്ട് ഇത്തരം നാടൻ ശീലുകൾ അവയിൽ രേഖപ്പെടുത്താറുമില്ല. തന്നെയുമല്ല, പ്രമാണങ്ങളുടെ അപ്രമാദിത്വവും ഇന്ന് ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പ്രമാണാധിഷ്ഠിത തെളിവുകൾ മാനവജീവിതത്തിന്റെ ഒരു നേർത്ത പാളിയെ മാത്രമെ പ്രതിനിധീകരിക്കുന്നുള്ളൂവെന്നും അവ നിരവധി വളച്ചൊടിക്കലുകൾക്ക് വിധേയമാക്കപ്പെട്ടിരിക്കാമെന്ന തിരിച്ചറിവും പ്രബലമായിത്തീർന്നിട്ടുണ്ട്.

ഇത്തരമൊരു സാഹചര്യത്തിൽ പ്രാദേശിക ചരിത്രനിർമ്മിതിയെക്കുറിച് ആലോചിക്കേണ്ടത് മറ്റൊരു വീക്ഷണകോണിൽ നിന്നായിരിക്കണമെന്നു തോന്നുന്നു. അർത്ഥവത്തായ പ്രാദേശികചരിത്രരചന സാദ്ധ്യമാകണമെങ്കിൽ പ്രമാണാധിഷ്ഠിത ചരിത്രങ്ങളുടെ പാതയിൽനിന്ന് വ്യതിചലിക്കുകയും, വിജ്ഞാനത്തിന്റെ പുതിയ ഉറവിടങ്ങൾ കണ്ടെത്തുകയും, അതിനിണങ്ങുന്ന രീതിശാസ്ത്രം രൂപപ്പെടുത്തുകയും വേണം. പ്രമാണങ്ങളെ പൂർണ്ണമായും തള്ളിക്കളയണമെന്നല്ല ഇതിനർത്ഥം. നേരെമറിച്ച്, പ്രമാണങ്ങളും ഇന്നുവരെയും രേഖപ്പെടുത്തിയിട്ടില്ലാത്ത വായ്മൊഴി പാരമ്പര്യങ്ങളും തമ്മിലുള്ള ഒരു ഏകീകരണമാണ് നടക്കേണ്ടത്. ഇത്തരത്തിലുള്ള ഒരുൾക്കാഴ്ചയോടും തിരിച്ചറിവോടും കൂടിയാണ് ഈ ദേശചരിത്രം രചിച്ചിട്ടുള്ളത്.

പ്രൊഫ. ടി. ആർ. വേണുഗോപാലൻ ശ്രീ. സി. അച്യുതമേനോൻ ഗവൺമെന്റ് കോളേജിലെ പോസ്റ്റ് ഗ്രാജ്വേറ്റ് ചരിത്രവിഭാഗം അദ്ധ്യാപകനാണ്. *History & Theory* (ed) എന്ന ഗ്രന്ഥം 1997ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. *State & Society In Pre-Modern South India* എന്ന ദേശീയചരിത്രസെമിനാറിലെ പ്രബന്ധങ്ങൾ ഇപ്പോൾ എഡിറ്റു ചെയ്തു വരികയാണ്.

---

**അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്**

**ജനകീയാസൂത്രണ പദ്ധതി പ്രസിദ്ധീകരണം**

**2000**

അവിണിശ്ശേരി
ഗ്രാമപഞ്ചായത്ത്

# ദേശ ചരിത്രം



954.83

ജനകീയാസൂത്രണ പ്രസ്ഥാനം

Indic Digital Archive Foundation
gpura.org